03
വ്യാഴം
ഫെബ്രുവരി 2022
1197 മകരം 20
Vol 4 Issue No 70

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

₹ 7.50
പേജ് 13

www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്



## സിൽവർലൈൻ പദ്ധതിക്ക് തൽകാലം അനുമതിയില്ല; കേരളം നൽകിയ ഡിപിആർ അപൂർണമെന്ന് കേന്ദ്രം

**തിരുവനന്തപുരം :** സിൽവർലൈൻ പദ്ധതിക്ക് തൽകാലം അനുമതി നൽകിയിട്ടില്ലെന്ന് കേന്ദ്രം. കേരളം സമർപ്പിച്ച ഡി പി ആർ അപൂർണമാണെന്നത് അടക്കമുള്ള കാരണങ്ങളാണ് കേന്ദ്രം ചൂണ്ടിക്കാണിച്ചത്. പദ്ധതി സാമ്പത്തികമായും സാങ്കേതികമായും പ്രായോഗികമാണോയെന്ന് ഡി പി ആറിൽ വ്യക്തമാക്കിയിട്ടില്ലെന്നും കേന്ദ്രം ചൂണ്ടിക്കാട്ടി. എൻ കെ പ്രേമചന്ദ്രൻ, കെ മുരളീധരൻ എന്നിവരുടെ ചോദ്യത്തിന് മറുപടിയായാണ് കേന്ദ്ര റെയിൽവേ മന്ത്രാലയം ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.സിൽവർലൈൻ പദ്ധതിക്ക് പാരിസ്ഥിതിക അനുമതി റിപ്പോർട്ടില്ലെന്നും കേന്ദ്രം എം പിമാരുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. പരിസ്ഥിതി ആഘാത പഠനം നടന്നിട്ടില്ലെന്നും കേന്ദ്രം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിക്കെതിരെ പ്രതിപക്ഷം വലിയ വിമർശനമുയർത്തിയ പശ്ചാത്തലത്തിൽ പദ്ധതിക്ക് കേന്ദ്ര അനുമതി ലഭിച്ചതായി സംസ്ഥാന സർക്കാർ പറഞ്ഞിരുന്നു. ഇതിന് പിന്നാലെ പദ്ധതിക്ക് ഏതെങ്കിലും വിധത്തിലുള്ള കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് എം പിമാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനോട് രേഖാമൂലം ആരായുകയായിരുന്നു. നിലവിൽ പദ്ധതിക്ക് അനുമതി നൽകിയിട്ടില്ലെന്ന് തന്നെയാണ് ഇപ്പോൾ മന്ത്രാലയം വ്യക്തമാക്കിയിരിക്കുന്നത്. ഇല്ലാത്ത പദ്ധതിക്കായി കല്ലിട്ടതിന് സംസ്ഥാന സർക്കാർ മാപ്പ് പറയണമെന്ന് മറുപടി ലഭിച്ച ശേഷം കെ മുരളീധരൻ എം പി പ്രതികരിച്ചു.സാമൂഹിക ആഘാതപഠനവും പരിസ്ഥിതി ആഘാതപഠനവും നടത്താതെ സർക്കാർ സിൽവർലൈൻ പദ്ധതിയുടെ ഡി പി ആർ പുറത്തിറക്കിയതിനെതിരെ പ്രതിപക്ഷം ശക്തമായ വിമർശനമുയർത്തിയിരുന്നു. ഡാറ്റ തിരിമറി നടത്തി ജപ്പാനിലെ ജൈക്കയിൽ നിന്നും ചരടുകളോടെ വായ്പ വാങ്ങാൻ മാത്രമായി തട്ടിക്കൂട്ടിയ ഡിപിആറാണ് സർക്കാർ പുറത്തിറക്കിയതെന്നായിരുന്നു പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ പ്രസ്താവന. കേരളത്തെ രണ്ടായി വിഭജിക്കുന്ന പദ്ധതിയാണ് സിൽവർലൈനെന്നായിരുന്നു മെട്രോമാൻ ഇ ശ്രീധരൻ പറഞ്ഞത്.

## ഫോണുകൾ ഫൊറൻസിക് പരിശോധനയ്ക്ക്; അൺലോക്ക് പാറ്റേൺ കോടതിയ്ക്ക് കൈമാറി

**കൊച്ചി:** വധ ഗൂഢാലോചനാക്കേസുമായി ബന്ധപ്പെട്ട് നടൻ ദിലീപിന്റെയും കൂട്ടുപ്രതികളുടെയും ഫോണുകൾ തിരുവനന്തപുരം ഫൊറൻസിക് ലാബിലേക്ക് അയക്കുന്നതിന് നടപടി തുടങ്ങി. ഇതിന് മുന്നോടിയായി ഫോണുകളുടെ അൺലോക്ക് പാറ്റേൺ പ്രതികളുടെ അഭിഭാഷകർ ആലുവ കോടതിയ്ക്ക് കൈമാറി. ഇതിനിടെ, ദിലീപിന്റെ ശബ്ദ പരിശോധന നടത്താനും അന്വേഷണ സംഘം നടപടി തുടങ്ങി. നടിയെ ആക്രമിച്ച കേസിലെ അന്വേഷണ ഉദ്യോഗസ്ഥരെ അപായപ്പെടുത്താൻ ഗൂഢാലോചന നടത്തിയെന്ന കേസിൽ ശാസ്ത്രീയ തെളിവുകൾ ശക്തമാക്കാനാണ് അന്വേഷണ സംഘത്തിന്റെ ശ്രമം. ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് ദിലീപിന്റെയും കൂട്ടു പ്രതികളുടെയും ആറ് മൊബൈൽ ഫോണുകളാണ് ഇന്നലെ രാത്രി ആലുവ മജിസ്ട്രേറ്റ് കോടതിയിൽ എത്തിച്ചത്. ഇവ ശാസ്ത്രീയമായി പരിശോധിക്കുന്നതിന് കോടതി തന്നെ തിരുവനന്തപുരം ഫൊറൻസിക് ലാബിലേക്ക് അയക്കണമെന്നാണ് ക്രൈംബ്രാഞ്ച് ആവശ്യപ്പെട്ടത്. അന്വേഷണ സംഘത്തിന് കൈമാറണമെന്നാവശ്യപ്പെട്ടാൽ പ്രതികൾ തടസവാദവുമായി എത്തുമെന്ന് കണക്കുകൂട്ടിയാണ് ഈ നീക്കം.സംവിധായകൻ ബാലചന്ദ്രകുമാർ ഹാജരാക്കിയ ഓഡിയോ സംഭാഷണത്തിലുള്ളത് തങ്ങളുടെ ശബ്ദം തന്നെയാണെന്ന് ദിലീപും സഹോദരൻ അനൂപും സഹോദരീ ഭർത്താവ് സുരാജും ചോദ്യം ചെയ്യലിൽ സമ്മതിച്ചിരുന്നു. സംവിധായകൻ റാഫി അടക്കമുള്ള സുഹൃത്തുക്കളും ശബ്ദം സ്ഥിരീകരിച്ചിരുന്നു. എന്നാൽ പ്രതികളുടെ ശബ്ദം തന്നെയാണിതെന്ന് ശാസ്ത്രീയമായി തെളിയിക്കുന്നതിനാണ് ശബ്ദ സാമ്പിൾ ശേഖരിക്കാൻ നടപടി തുടങ്ങിയത്. കോടതിയനുമതിയോടെ കാക്കനാട് ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ശബ്ദ പരിശോധന നടത്താനാണ് നീക്കം.

## സംസ്ഥാനത്ത് 52,199 പേർക്ക് കൊവിഡ്; ടിപിആർ 41.88%

**തിരുവനന്തപുരം :** കേരളത്തിൽ 52,199 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു എറണാകുളം 11,224, തിരുവനന്തപുരം 5701, തൃശൂർ 4843, കോഴിക്കോട് 4602, കോട്ടയം 4192, കൊല്ലം 3828, മലപ്പുറം 3268, ആലപ്പുഴ 2939, പാലക്കാട് 2598, പത്തനംതിട്ട 2475, കണ്ണൂർ 2295, ഇടുക്കി 1757, വയനാട് 1602, കാസർഗോഡ് 875 എന്നിങ്ങനെയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 1,24,611 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,32,051 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 5,20,612 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 11,439 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1277 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.നിലവിൽ 3,77,823 കൊവിഡ് കേസുകളിൽ, 3 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ




പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 29 മരണങ്ങളാണ് കൊവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 136 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 335 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 56,100 ആയി. രോഗം സ്ഥിരീകരിച്ചവരിൽ 3033 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 44,956 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 3740 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 470 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 41,715 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 2175, കൊല്ലം 3900, പത്തനംതിട്ട 1810, ആലപ്പുഴ 2406, കോട്ടയം 3043, ഇടുക്കി 1267, എറണാകുളം 11,021, തൃശൂർ 2010, പാലക്കാട് 3504, മലപ്പുറം 2095, കോഴിക്കോട് 4114, വയനാട് 1110, കണ്ണൂർ 2333, കാസർഗോഡ് 937 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 3,77,823 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 56,95,091 പേർ ഇതുവ

## അഭയകേസ് പ്രതികളുടെ നാർക്കോ അനാലിസിസ് റിപ്പോർട്ട് ബന്ധുവായ ജസ്റ്റിസ് സിറിയക് ജോസഫ് മുൻകൂറായി ആവശ്യപ്പെട്ടു: തെളിവുമായി കെടി ജലീൽ

**തിരുവനന്തപുരം :** അഭയകേസ് പ്രതി ഫാദർ കോട്ടൂരിന്റെ നാർക്കോ അനാലിസിസ് റിപ്പോർട്ട് ബന്ധുവായ ജസ്റ്റിസ് സിറിയക് ജോസഫ് മുൻകൂറായി ആവശ്യപ്പെട്ടുവെന്ന വെളിപ്പെടുത്തലുമായി കെടി ജലീൽ.ഇതുമായി ബന്ധപ്പെട്ട് നാർക്കോ ടെസ്റ്റ് നടത്തിയ ബാംഗ്ലൂരിലെ ഫൊറൻസിക്ക് ലാബിലെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ഡോ: എസ് മാലിനി സിബിഐ അഡീഷണൽ എസ്പി നന്ദകുമാർ നായർക്ക് നൽകിയ മൊഴിയുടെ പൂർണ്ണ രൂപം ജലീൽ പങ്കുവച്ചിട്ടുണ്ട്. 'പാപത്തിന്റെ ശമ്ബളം വരുന്നതേയുള്ളൂ' എന്ന തലക്കെട്ടോടു കൂടിയാണ് ജലീലിന്റെ കുറിപ്പ്'പാപത്തിന്റെ ശമ്പളം വരുന്നതേയുള്ളൂ'അഭയ കേസിലെ ഒന്നാം പ്രതി ഫാദർ കോട്ടൂരിന്റെ സഹോദരൻ വിവാഹം കഴിച്ചിരിക്കുന്നത് നമ്മുടെ 'കഥാപുരുഷൻ ഏമാന്റെ' ഭാര്യയുടെ സഹോദരിയെയാണ്. (ജോമോൻ പുത്തൻപുരക്കലിനോട് കടപ്പാട്)തന്റെ ബന്ധു ഉൾപ്പടെയുള്ളവർ നടത്തിയ നാടിനെ ഞെട്ടിച്ച അഭയ എന്ന പാവം കന്യാസ്ത്രീയുടെ ഭീകര കൊലപാതകത്തിലെ പ്രതികളെ നാർക്കോ ടെസ്റ്റ് നടത്തിയ ബാംഗ്ലൂരിലെ ഫൊറൻസിക്ക് ലാബിൽ അദ്ദേഹം മിന്നൽ സന്ദർശനം നടത്തി.അതുമായി ബന്ധപ്പെട്ട് അവിടുത്തെ അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ഡോ: എസ് മാലിനി സിബിഐ അഡീഷണൽ എസ്പി നന്ദകുമാർ നായർക്ക് നൽകിയ മൊഴിയുടെ പൂർണ്ണ രൂപമാണ് ഇതോടൊപ്പം ഇമേജായി ചേർക്കുന്നത്. പച്ച നിറത്തിൽ ഹൈലൈറ്റ് ചെയ്തിരിക്കുന്ന പാരഗ്രാഫിന്റെ ആദ്യ വാചകത്തിന്റെ മലയാള പരിഭാഷയാണ് താഴെ.'കർണാടക ഹൈക്കോടതിയിലെ ബഹുമാനപ്പെട്ട ചീഫ് ജസ്റ്റിസ് സിറിയക് ജോസഫല്ലാതെ മറ്റാരുമല്ല ബാംഗ്ലൂർ എഫ്എസ്എല്ലിൽ ഞങ്ങളെ സന്ദർശിച്ചത്. കുറ്റക്കാരെന്ന് സംശയിക്കപ്പെട്ട മൂന്നുപേർ ഉൾപ്പെടെയുള്ളവരിൽ (അതയാത് ഫാ. തോമസ് കോട്ടൂർ, ഫാ. ജോസ് പൂതൃക്കയിൽ, സിസ്റ്റർ സ്റ്റെഫി) ഞാൻ നടത്തിയ നാർക്കോ അനാലിസിസിന്റെ വിശദാംശങ്ങൾ അദ്ദേഹത്തിന് വിവരിച്ചുകൊടുത്തിരുന്നുവെന്ന സത്യം താങ്കളിൽ ആശ്ചര്യമുളവാക്കിയേക്കാം. ഇത് 30.06.2009 ന് ഞാൻ താങ്കൾക്ക് നൽകിയ മൊഴിയിലുണ്ട്'തെളിവു സഹിതം ഞാൻ മുന്നോട്ടുവെച്ച വാദങ്ങൾക്കൊന്നും പ്രതിപക്ഷ നേതാവോ മുൻ പ്രതിപക്ഷ നേതാവോ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയോ വസ്തുതാപരമായി പ്രതികരിച്ചതായി കണ്ടില്ല. ഇക്കാര്യത്തിൽ ഒരു തുറന്ന സംവാദത്തിന് ഡഉഎ നേതാക്കളായ മേൽപ്പറഞ്ഞവരിൽ ആരെങ്കിലും തയ്യാറുണ്ടോ?എല്ലാ കാര്യത്തിലും അഭിപ്രായം പറയാറുള്ള കോട്ടയം രാഷ്ട്രീയത്തിന്റെ അകവും പുറവും അറിയുന്ന മുൻ ചീഫ് വിപ്പ് പി.സി ജോർജ് എന്താണ് ഇപ്പോഴും മൗനിയായി തുടരുന്നത്?





# ബസ് ചാർജ് വർധനയിൽ ഉടൻ തീരുമാനമെന്ന് ഗതാഗതമന്ത്രി

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ വിദേശത്ത് നിന്ന് തിരിച്ചെത്തിയാലുടൻ ചർച്ച നടത്തി ബസ് ചാർജ് വർധനയിൽ തീരുമാനമുണ്ടാകുമെന്ന് ഗതാഗതമന്ത്രി ആന്റണി രാജു. മിനിമം ചാർജ് 12 രൂപയാക്കണമെന്നാണ് ബസുടമകളുടെ ആവശ്യം. എന്നാൽ അത്രയും വർധന ഉണ്ടാകാനിടയില്ലെന്നാണ് സൂചന. വിദ്യാർഥികളുടെ കൺസഷൻ വർധിപ്പിച്ചാലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർഥികൾക്ക് യാത്ര സൗജന്യമാക്കുന്ന കാര്യവും പരിഗണനയിലുണ്ടെന്ന് മന്ത്രി പറഞ്ഞു. ബസ് ചാർജ് വർധിപ്പിക്കുമെന്ന് രണ്ട് മാസം മുമ്പ് സർക്കാർ ബസ് ഉടമകൾക്ക് ഉറപ്പ് നൽകിയിരുന്നു. സംസ്ഥാനത്ത് ബസ് ചാർജ് വർധിപ്പിക്കണമെന്നു കാണിച്ച് ജസ്റ്റീസ് രാമചന്ദ്രൻ കമ്മീഷൻ സർക്കാരിനു റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മിനിമം ചാർജ് എട്ടു രൂപയിൽ നിന്ന് 10 ആക്കണമെന്നാണ് ശിപാർശ.

# സന്ദീപ് വധം: പോലീസ് കുറ്റപത്രം സമർപ്പിച്ചു

തിരുവല്ല: സിപിഎം പെരിങ്ങര ലോക്കൽ കമ്മിറ്റി സെക്രട്ടറി പി.ബി. സന്ദീപ് കുമാർ കൊലക്കേസിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചു. രാഷ്ട്രീയ കൊലപാതകമെന്നാണ് കുറ്റപത്രം. കേസിലെ ഒന്നാംപ്രതി ജിഷ്ണുവിന് സന്ദീപിനോട് രാഷ്ട്രീയ വൈരാഗ്യം ഉണ്ടായിരുന്നു. ജിഷ്ണു ഒഴികെയുള്ളവർക്ക് രാഷ്ട്രീയ വൈരാഗ്യമുണ്ടായിരുന്നില്ലെന്നും കുറ്റപത്രത്തിൽ പറയുന്നു. രാഷ്ട്രീയ വൈരാഗ്യം തീർക്കാൻ മറ്റ് പ്രതികൾ ജിഷ്ണുവിനെ സഹായിച്ചു. കേസിൽ ആകെ ആറ് പ്രതികളാണ് ഉള്ളതെന്നും പോലീസ് വ്യക്തമാക്കി. ഡിസംബർ രണ്ടിന് രാത്രി എട്ടരയോടെയാണു പെരിങ്ങര ചാത്തങ്കരി പുത്തൻവീട്ടിൽ സന്ദീപ് കുത്തേറ്റ് മരിച്ചത്. ചാത്തങ്കരി എസ്എൻഡിപി സ്കൂളിനു സമീപത്തുവച്ചാണ് സന്ദീപിനു കുത്തേറ്റത്. 11 കുത്തേറ്റ സന്ദീപിനെ താലൂക്ക് ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു.





# കെ റെയിൽ: അപ്പീലുമായി സർക്കാർ

കൊച്ചി: കെ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട സർവേ തടഞ്ഞ ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ അപ്പീൽ നൽകി. ഹൈക്കോടതി സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ ഡിവിഷൻ ബെഞ്ചിലാണ് സർക്കാർ അപ്പീൽ നൽകിയത്.ഹർജിക്കാരുടെ ഭൂമിയിലെ സർവേ നടപടികൾ സിംഗിൾ ബെഞ്ച് നേരത്തെ തടഞ്ഞിരുന്നു, ഈ ഉത്തരവ് റദ്ദാക്കണമെന്നാണ് ആവശ്യം. സിംഗിൾ ബെഞ്ച് ഉത്തരവ് സർക്കാരിന്റെ വാദങ്ങൾ കണക്കിലെടുക്കാതെയാണെന്നും അപ്പീലിൽ പറയുന്നു. ഹർജിയിലെ പരിഗണനാ വിഷയങ്ങൾക്ക് അപ്പുറം കടന്നാണ് സിംഗിൾ ബെഞ്ചിന്റെ ഇടക്കാല ഉത്തരവ്. സാമൂഹികാഘാത സർവേ നിർത്തിവയ്ക്കുന്നത് പദ്ധതി വൈകാൻ കാരണമാകും. ഇത് പദ്ധതി ചെലവ് ഉയരാൻ ഇടയാക്കുമെന്നും ഹർജിയിൽ പറയുന്നു.



# ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് സർക്കാരിന് നിർദേശം നൽകാനാവില്ല; ഹൈക്കോടതി

സിനിമ മേഖലയുമായി ബന്ധപ്പെട്ട ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണമെന്ന് സർക്കാരിന് നിർദേശം നൽകാനാവില്ലെന്ന് ഹൈക്കോടതി. സർക്കാരിന്റെ വിവേചനാധികാരത്തിൽ കോടതി ഇടപെടില്ലെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ഡിവിഷൻ ബഞ്ച് പറഞ്ഞു. സിനിമ മേഖലയിലെ സ്ത്രീകളുടെ തൊഴിൽ സുരക്ഷയുമായി ബന്ധപ്പെട്ടതാണ് റിപ്പോർട്ട്. ലിംഗ വിവേചനം അവസാനിപ്പിക്കാനുള്ള നിർദേശങ്ങൾ റിപ്പോർട്ടിലുണ്ട്.സിനിമയിൽ അഭിനയിക്കുന്ന സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ കുറിച്ച് പഠിച്ച ജസ്റ്റിസ് ഹേമ കമ്മിഷന്റെ റിപ്പോർട്ട് നടപ്പാക്കണമെന്നും കമ്മീഷനു സാക്ഷികൾ നല്കിയ മൊഴിയിൽ പരാമർശമുള്ളവർക്കെതിരെ നടപടി വേണമെന്നും ആവശ്യപ്പെട്ട് 'ദിശ' എന്ന സംഘടന സമർപ്പിച്ച ഹർജിയാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബഞ്ച് പരിഗണിച്ചത്. പീഡന പരാതികൾ പരിഗണിക്കുന്നതിന് ജില്ലാ തലങ്ങളിലായി 258 നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടെന്ന് സർക്കാർ അറിയിച്ചു.ജോലിസ്ഥലത്ത് സ്ത്രികൾക്കെതിരായ ലൈംഗികാതിക്രമ പരാതികൾ അന്വേഷിക്കന്നതിന് 14 ജില്ലകളിലും സമിതികളെ നിയോഗിച്ചതായി സർക്കാരിനുവേണ്ടി ഹാജരായ സ്റ്റേറ്റ് അറ്റോർണി എൻ മനോജ് കുമാർ ബോധിപ്പിച്ചു.

# മുഖ്യമന്ത്രിയെ ട്രോളി; ഉദ്യോഗസ്ഥന് സസ്പെൻഷൻ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനെതിരെ അപകർത്തിപരമായ വീഡിയോ പ്രചരിപ്പിച്ച സർക്കാർ ഉദ്യോഗസ്ഥന് സസ്പെൻഷൻ. പൊതുഭരണ വകുപ്പ് ഓഫീസ് അറ്റൻഡർ എ. മണിക്കുട്ടനെയാണ് സസ്പെൻഡ് ചെയ്തത്. പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ. ജ്യോതിലാലിന്റേതാണ് നടപടി. ഓഫീസ് അറ്റൻഡർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിലാണ് വീഡിയോ പങ്കുവച്ചത്. റിജിൽ മാക്കുറ്റി പാന്റിട്ട് കെ റെയിൽ പ്രതിഷേധത്തിന് പോയതിനെതിരെ എം.വി. ജയരാജൻ ആക്ഷേപമുന്നയിച്ചിരുന്നു. മുണ്ടുടുത്ത് നടക്കുന്നവൻ വേഷം മാറി പാൻറിട്ടു പോയാണ് സമരം നടത്തുന്നതെന്നായിരുന്നു ജയരാജന്റെ പ്രസംഗത്തിലെ പരിഹാസം. ഈ വീഡിയോയും മുഖ്യമന്ത്രി പാന്റ് ധരിച്ചുമുള്ള ചിത്രം ചേർത്തുവച്ച ട്രോളാണ് മണിക്കുട്ടൻ അറ്റൻഡർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പിൽ ഷെയർ ചെയ്തത്. ഇതിനെതിരെ പരാതി ഉയർന്ന സാഹചര്യത്തിലാണ് മണിക്കുട്ടനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തത്.



# രാജസ്ഥാനിൽ മന്ത്രിയെ ഹണിട്രാപ്പിൽ കുടുക്കാൻ ശ്രമിച്ച സംഘം അറസ്റ്റിൽ

രാജസ്ഥാനിൽ മന്ത്രിയെ ഹണിട്രാപ്പിൽ കുടുക്കാൻ ശ്രമിച്ച സംഘം അറസ്റ്റിൽ. ജോധ്പൂരിലാണ് സംഭവം. രാജസ്ഥാൻ മന്ത്രിസഭയിലെ റവന്യുമന്ത്രിയായ രാംലാൽ ജട്ടിനെയാണ് ഹണി ട്രാപ്പിൽ കുടുക്കാൻ ശ്രമം നടന്നത്. സംസ്ഥാനത്തെ ഒരു മോഡലിനെ ഉപയോഗിച്ചായിരുന്നു ഹണി ട്രാപ്പ് സംഘം മന്ത്രിയെ കുടുക്കാൻ പദ്ധതിയിട്ടത്. സംഭവത്തിൽ അക്ഷിത്, ദീപാലി എന്നിവർ അറസ്റ്റിലായി. മോഡലിനെ ഭീഷണിപ്പെടുത്തി മോശമായ ചിത്രങ്ങളും വിഡിയോയും ഉൾപ്പെടുത്തിയുള്ള ഫയൽ മന്ത്രിയുടെ പക്കലെത്തിക്കാനായിരുന്നു ഹണി ട്രാപ് സംഘത്തിന്റെ ലക്ഷ്യം. എന്നാൽ സംഭവത്തിന് പിന്നാലെ മോഡൽ ഹോട്ടലിന്റെ മുകൾ നിലയിൽ നിന്നും താഴേക്ക് ചാടിയിരുന്നു. കെട്ടിടത്തിൽ നിന്ന് ചാടിയ മോഡൽ ഇപ്പോൾ ആശുപത്രിയിൽ ചികിത്സയിലാണ്.കഴിഞ്ഞ ഒരു വർഷം മുൻപാണ് ഉദയ്പൂരിൽ വെച്ച് മോഡലും അറസ്റ്റിലായ പ്രതികളും സൗഹൃദത്തിലാകുന്നത്. ഇത് മുതലെടുത്താണ് പ്രതികൾ ഇവരെ ഭീഷണിപ്പെടുത്തിയത്. സംഭവത്തിൽ വിശദമായ അന്വേഷണം പൊലീസ് ആരംഭിച്ചിട്ടുണ്ട്. അതേസമയം ഇത്തരത്തിലുള്ള സംഭവം രാഷ്ട്രീയത്തിൽ മുൻപും ഉണ്ടായിട്ടുണ്ടെന്നും രാംലാൽ ജട്ടിന് ഇതുമായി ഒരു ബന്ധവുമില്ലെന്നും രാജസ്ഥാൻ മന്ത്രി പ്രതാപ് ഖചാരിയാവാസ് പറഞ്ഞു.

# കെ റെയിൽ ; ജനങ്ങളെ ബോധ്യപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടതെന്ന് കെ.സുധാകരൻ

കെ റെയിൽ പദ്ധതിയ്ക്കെതിരല്ലെന്നും പദ്ധതി ജനങ്ങളെ ബോധ്യപ്പെടുത്തി മാത്രമെ നടപ്പാക്കാവുയെന്ന നിലപാടാണ് കോൺഗ്രസിനെന്നും കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ. എന്നാൽ ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്ന് അനാവശ്യ ധൃതിയുണ്ടാകുകയും പദ്ധതിയുമായി മുന്നോട്ട് പോകുകയുമാണ് ചെയ്തത്. അതിനെയാണ് കോൺഗ്രസ് എതിർത്തതെന്നും കെ.സുധാകരൻ പറഞ്ഞു. ആരുടെ മനസിലും സത്യസന്ധമായി ആശങ്കയില്ലാത്ത തരത്തിലാകണം പദ്ധതി നടപ്പാക്കേണ്ടത്. എല്ലാതരം ആശങ്കകളും പരിഹരിക്കുന്നതിനായി പദ്ധതിയുടെ വിശദമായ ഡിപിആർ ആദ്യഘട്ടത്തിൽ തയാറാക്കണമെന്നാണ് കോൺഗ്രസ് ആവശ്യപ്പെട്ടത്. ആ ഡിപിആർ വെച്ച് സമൂഹത്തെ ബോധ്യപ്പെടുത്തണം. അതിന്റെ പാരിസ്ഥിതിക ആഘാതവും സാങ്കേതിക ആഘാതങ്ങളെ സംബന്ധിച്ചും പഠനങ്ങൾ വേണം. അതടിസ്ഥാനപ്പെടുത്തി പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും പൊതുസമൂഹത്തേയും മറ്റും ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. അങ്ങനെ ആരുടേയും മനസിൽ ആശങ്കയില്ലാതെ പദ്ധതി നടപ്പാക്കണമെന്നേ പറഞ്ഞിട്ടുള്ളുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഇതിൽ ആശങ്കയുണ്ടാക്കിയത് എൽഡിഎഫ് സർക്കാരിന്റെ എടുത്തുചാട്ടമാണ്. എന്തിനാണ് ഇത്ര ധൃതിയെന്ന ചോദ്യത്തിന് ഇതുവരെ ഉത്തരം പറഞ്ഞിട്ടില്ല. കേരളം പോലൊരു കൊച്ചു സംസ്ഥാനത്തിന് ഇത്രയും വലിയൊരു സാമ്പത്തിക ബാധ്യത ഏറ്റെടുക്കൻ ശേഷിയുണ്ടോയെന്നതാണ് കോൺഗ്രസിനെ സംബന്ധിച്ച ആശങ്ക. അതുകൊണ്ടാണ് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എണ്ണി എണ്ണി പറഞ്ഞ് കോൺഗ്രസ് രംഗത്തെത്തിയത്. എന്നാൽ അതൊന്നും വകവെക്കാതെ സർക്കാർ മുന്നോട്ടുപോകുകയായിരുന്നു. പദ്ധതിയെ സംബന്ധിച്ച ഡിപിആർ കേന്ദ്ര സർക്കാരിനെ പോലും വിശ്വസിപ്പിക്കാൻ സംസ്ഥാന സർക്കാരിനായിട്ടില്ല. കേന്ദ്രത്തിൽ നിന്ന് താത്കാലിക അനുമതി ലഭിച്ചുവെന്നായിരുന്നു സംസ്ഥാന സർക്കാരിന്റെ പ്രചാരണം. എന്നാൽ അങ്ങനൊരു അനുമതി നൽകിയില്ലെന്ന് കേന്ദ്രസർക്കാർ തന്നെ വ്യക്തമാക്കുന്ന സാഹചര്യത്തിൽ പദ്ധതിയിൽ സർക്കാർ പുനഃപരിശോധന നടത്ത



ണമെന്നും കെപിസിസി പ്രസിഡന്റ് ആവശ്യപ്പെട്ടു.



# പെഗാസസ് ഉപയോഗിച്ച് നരേന്ദ്ര മോദി ഇന്ത്യയിലെ ജനങ്ങളെ ആക്രമിച്ചു; രാഹുൽഗാന്ധി

കേന്ദ്ര ബജറ്റിനെതിരെ രൂക്ഷ വിമർശനവുമായി പാർലമെന്റിൽ കോൺഗ്രസ് നേതാവ് രാഹുൽ ?ഗാന്ധി.ഇപ്പോഴുള്ളത് രണ്ട് ഇന്ത്യ, ഒന്ന് ധനികർക്കുള്ള ഇന്ത്യ, രണ്ട് തൊഴിലും അടിസ്ഥാനസൗകര്യങ്ങളും ഇല്ലാത്ത പാവപ്പെട്ടവരുടെ ഇന്ത്യയെന്ന് രാഹുൽ അഭിപ്രായപ്പെട്ടു.രാഷ്ട്രപതിയുടെ പ്രസംഗം ബ്യൂറോക്രാറ്റിക് ആശയങ്ങൾ മാത്രമാണെന്നും രാഹുൽ ഗാന്ധി വിമർശിച്ചു. കോൺഗ്രസ് തകർത്ത രാജപാരമ്പര്യം ഇന്ത്യയിൽ തിരിച്ചു വന്നിരിക്കുന്നു. രാജ്യത്ത് ഇപ്പോഴുള്ളത് ചക്രവർത്തിയാണെന്ന് പ്രധാനമന്ത്രിയെ സൂചിപ്പിച്ച് രാഹുൽ പറഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേക ഔന്നത്യവും സംസ്ക്കാരവും ഉണ്ട്. കേരളത്തിലെയും തമിഴ്നാട്ടിലെയും ജനങ്ങളെ ഭരിക്കാൻ ബിജെപി എന്തൊക്കെ ശ്രമിച്ചാലും കഴിയില്ല. സമവായത്തിലൂടെയും സംവാദത്തിലൂടെയും മാത്രമേ ഇന്ത്യയെ ഭരിക്കാനാകൂയെന്നും രാഹുൽ ഗാന്ധി പറഞ്ഞു. പെഗാസസ് ഉപയോഗിച്ച് നരേന്ദ്ര മോദി ഇന്ത്യയിലെ ജനങ്ങളെ ആക്രമിച്ചു. ഇസ്രയേലിൽ പ്രധാനമന്ത്രി നേരിട്ട് പോയാണ് ഇത് തീരുമാനിച്ചത്. ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും കൊലപാതകങ്ങൾ ഓർമ്മിപ്പിച്ച രാഹുൽ ഗാന്ധി, ബിജെപിയുടെ നയം അപകടകരമെന്ന് മനസ്സിലാകുമെന്നും അഭിപ്രായപ്പെട്ടു. ചൈനയും പാകിസ്ഥാനും ഒന്നിച്ചു വരാൻ സാഹചര്യമൊരുക്കിയത് വലിയ കുറ്റമാണ്. ചൈനയ്ക്ക് വലിയ പദ്ധതിയുണ്ട്. ഇത് കുറച്ചു കാണേണ്ട എന്നും രാഹുൽ ഗാന്ധി പറഞ്ഞു.



# അഴിമതി ആരോപണങ്ങളിൽ നിന്ന് രക്ഷപ്പെടുവാൻ വ്യാജ രേഖകൾ ചമച്ച നഗരസഭ ചെയർപേഴ്സന് തലസ്ഥാനത്തിൽ തുടരാൻ അവകാശമില്ല;കോൺഗ്രസ്സ്

സ്വന്തം ഭർത്താവിന് അനധികൃതമായി കടമുറി നൽകിയ വിഷയത്തിലെ അഴിമതി ആരോപണങ്ങളിൽനിന്ന് രക്ഷപ്പെടുവാൻ മുൻ ചെയർമാനെതിരെ വ്യാജ രേഖ ചമച്ച് ആരോപണം ഉന്നയിക്കുന്ന ചെയർപേഴ്സന് തൽസ്ഥാനത്ത് തുടരാൻ അവകാശമില്ലെന്നും ചെയർപേഴ്സൺ രാജിവെക്കണമെന്നും കോൺഗ്രസ്സ് ആവശ്യപ്പെട്ടു. തത്തമംഗലത്തെ ടി.വി.എസ് കുരുക്കൾ കോംപ്ലക്സിലുള്ള കടമുറി എടുത്ത് മുൻ നഗരസഭ ചെയർമാന്റെ ബന്ധു അധിക വാടകക്ക് മറിച്ചുനൽകി എന്നാണ് 31.01.2022 ന് നടന്ന പത്രസമ്മേളനത്തിൽ നഗരസഭ ചെയർപേഴ്സൺ കെ.എൽ.കവിത ആരോപിച്ചത് അതിന് ഒരു കരാറിന്റെ പകർപ്പും ഉയർത്തികാണിക്കുകയുണ്ടായി എന്നാൽ ആ കടയെടുത്തിട്ടുള്ള പ്രിയൻ, കൃഷ്ണദാസ് എന്നിവർ ഇങ്ങനെ ഒരു കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നും അങ്ങനെ ഒരു കരാറിൽ ഒപ്പിട്ടില്ലയെല്ലും ചൂണ്ടികാട്ടി ചെയർപേഴ്സൺ ഇങ്ങനെ ഒരു കരാർ വ്യാജമായി നിർമ്മിച്ചതാണെന്നും ഈ കരാർ നടന്നു എന്ന് പറയുന്ന കാലയളവിൽ മുൻ ചെയർമാന്റെ ബന്ധു വിദേശത്തായിരുന്നു എന്നും ആരോപിച്ച് ചിറ്റൂർ ഡി.വൈ.എസ്.പിക്ക് പരാതിനൽകിയിട്ടുണ്ട്.നഗരസഭയിൽ നടക്കുന്ന അഴിമതികൾക്ക് സി.പി.ഐ.എം ജില്ല നേതൃത്വത്തിന്റെ പൂർണ്ണമായ പിന്തുണയും സഹായവും ലഭിക്കുന്നത് കൊണ്ടാണ് അഴിമതികൾ തുടർകഥയാവുന്നത്. എന്നാൽ അഴിമതിയും സ്വചനപക്ഷപാതവും നടന്നതിന് തെളിവാണ് അടിയന്തര കൗൺസിൽ കൂടി ഭർത്താവിന് നൽകിയ കടമുറി നഗരസഭക്ക് തിരിച്ചേല്പിച്ചതെന്നും ഡി.സി.സി വൈസ് പ്രസിഡന്റ് സുമേഷ് അച്യുതൻ നഗരസഭ പാർലിമെന്ററി പാർട്ടി ലീഡർ കെ.സി.പ്രീത് മുൻ ചെയർമാൻ കെ.മധു തുടങ്ങിയവർ വാർത്താസമ്മേളനത്തിൽ പറയുകയുണ്ടായി.

## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാറിന്റെ 2021 ലെ വനിതാരത്ന പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പുരസ്കാരമാണിത്. സാമൂഹ്യ സേവനം, കായിക രംഗം, സ്ത്രീകളുടേയും കുട്ടികളുടേയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ചവർ, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിതകൾ എന്നിവർക്ക് അപേക്ഷിക്കാം.അപേക്ഷക ജീവിച്ചിരിക്കുന്ന ആളായാരിക്കണം, അഞ്ചു വർഷമായി പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരിക്കണം. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങൾ നേടിയ വനിതകൾക്ക് മുൻഗണന ലഭിക്കും. താൽപ്പര്യമുള്ളവർ നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ അപേക്ഷകൾ ഫെബ്രുവരി 15 ന് മുൻപായി തിരുവനന്തപുരം പൂജപ്പുരയിലുള്ള ജില്ലാ വനിതാ ശിശു വികസന ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം പ്രവർത്തന മേഖല വിശദീകരിക്കുന്ന രേഖകൾ, ഫോട്ടോകൾ, പത്രക്കുറിപ്പുകൾ, പുസ്തകം എന്നിവയും ഉൾപ്പെടുത്തണമെന്ന് ജില്ലാ വനിത ശിശു വികസന ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് -8921697457.

## ചരമം

### സത്യഭാമ



വിതുര:തൊളിക്കോട് മലയടി മണലുവിളാകം വീട്ടിൽ ശൈലേശ്വരന്റെ ഭാര്യ സത്യഭാമ (56) നിര്യാതയായി.മകൾ:അർച്ചന.മരുമകൻ അജു.

# പിഡബ്ല്യുഡി ഉദ്യോഗസ്ഥന്റെ കൊലപാതകം: സംഘത്തിലെ രണ്ടുപേർ വാഹനാപകടത്തിൽ മരിച്ചു

**തിരുവനന്തപുരം:** കല്ലമ്പലത്ത് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോലീസ്. സംഭവവുമായി ബന്ധപ്പെട്ട് സുഹൃത്തിനെ പോലീസ് കസ്റ്റഡിയിലെടുത്തു ചോദ്യം ചെയ്യുന്നു. മുള്ളറംകോട് കാവുവിള ലീല കോട്ടേജിൽ അജികുമാർ (49) ന്റെന്റ മരണമാണ് കൊലപാതകമാണെന്ന് പോലീസ് സ്ഥിരീകരിച്ചത്. തിങ്കളാഴ്ചയാണ് അജികുമാർ മരിച്ചത്. സുഹൃത്തുക്കളുമൊത്തുള്ള മദ്യപാനത്തിനിടെയുണ്ടായ തർക്കത്തിനൊടുവിൽ കൊലപാതകം നടന്നുവെന്നാണ് പോലീസ് വ്യക്തമാക്കുന്നത്. അജികുമാറിന്റെ സുഹൃത്ത് സജീവിനെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യുകയാണ്. സജീവ് ഉൾപ്പെട്ട സംഘമാണ് അജികുമാറിനെ കൊലപ്പെടുത്തിയതെന്നാണ് പോലീസിൻറെ നിഗമനം. ഇവരോടൊപ്പം ഉണ്ടായിരുന്ന മറ്റൊരു സുഹൃത്ത് ബിനുരാജ് വാഹനാപകടത്തിൽ കഴിഞ്ഞ ദിവസം മരിച്ചിരുന്നു. ദേശീയപാതയിൽ നാവായിക്കുളം മങ്കാട്ടുവാതുക്കൽ ആയിരുന്നു അപകടം. റോഡ് മുറിച്ച് കടക്കവെ ബിനുരാജിനെ കെഎസ്ആർടിസി ബസിടിച്ചു. റോഡിലേക്ക് തെറിച്ച് വീണ ഇയാളുടെ ശരീരത്തിലൂടെ അത് വഴി വരികയായിരുന്ന കാർ കയറിയിറങ്ങുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. പാരിപ്പള്ളി മെഡിക്കൽ കോളജിൽ എത്തിച്ചെങ്കിലും ബിനുരാജിന്റെ ജീവൻ രക്ഷിക്കാനായില്ല.ജിംനേഷ്യം ഉടമയാണ് ബിനുരാജ്. ഇതേ സംഘത്തിലുണ്ടായിരുന്ന മുള്ളറംകോട് അജീഷ് ഭവനിൽ അജിത്ത് (29) എന്ന യുവാവ് പിക്കപ്പ് ഇടിച്ച് മരിച്ചിരുന്നു. സജീവ് ഓടിച്ച പിക്കപ്പ് ഇടിച്ചാണ് അജിത്ത് മരിച്ചത്. സുഹൃത്തായ പ്രമോദിന് പരിക്കേറ്റു. അജിത്തിനെ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഇവർ എല്ലാവരും സുഹൃത്തുക്കളായിരുന്നു. എല്ലാ മരണങ്ങളും ഒരു ദിവസം തന്നെ നടന്നത് ദുരൂഹത ഉയർത്തിയിരുന്നു. സജീവിനെ പോലീസ് ചോദ്യം ചെയ്തതിൽ നിന്നാണ് അജികുമാറിന്റെ മരണം കൊലപാതകമാണെന്ന് തെളിഞ്ഞത്. സജീവും സുഹൃത്തുക്കളും അജികുമാറിൻറെ വീട്ടിലിരുന്ന് മദ്യപിച്ച ശേഷമാണ് കൊലപാതകം നടത്തിയത്. പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന പ്രമോദിൻറെ മൊഴി പോലീസ് ശേഖരിക്കുന്നുണ്ട്. കേസിൽ കൂടുതൽ ശാസ്ത്രീയ പരിശോധനകൾ നടത്തുകയാണെന്ന് പോലീസ് പറഞ്ഞു. തിങ്കളാഴ്ച രാവിലെയാണ് പൊതുമരാമത്ത് ഉദ്യോഗസ്ഥനായ അജികുമാറിനെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. ശരീരത്തിൽ മുറിവേറ്റ പാടുകളുണ്ടായിരുന്നു. ഇതേതുടർന്ന് നാട്ടുകാർ സംശയം പ്രകടിപ്പിച്ചിരുന്നു. വിവാഹ ബന്ധം വേർപെടുത്തി അജികുമാർ ഒറ്റയ്ക്ക് താമസിച്ച് വരികയായിരുന്നു. കഴിഞ്ഞ ദിവസം രാവിലെ വീട്ടിൽ പത്ര വിതരണത്തിനെത്തിയ യുവാവാണ് മരിച്ച നിലയിൽ ആദ്യം കണ്ടത്. ഇയാൾ വിവരം അറിയിച്ചതിനെ തുടർന്നാണ് ബന്ധുക്കളും പോലീസും സ്ഥലത്തെത്തിയത്. വർക്കല ഡിവൈഎസ്പി. നിയാസിന്റെ മേൽനോട്ടത്തിൽ കല്ലമ്പലം സിഐ ഫറോസിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് കേസ് അന്വേഷിക്കുന്നത്.




ആൾ ഇൻഡ്യ കിസാൻ സഭ ഇലകമൺ വില്ലേജ് കമ്മിറ്റിയുടെ പരിധിയിൽപ്പെട്ട 16 യൂണിറ്റുകളുടെ മെമ്പർഷിപ്പ് സമാഹരണ ഫണ്ടിന്റെ ആദ്യഗഡു ജില്ലാ കമ്മിറ്റി അംഗവും വർക്കല എംഎൽഎയുമായ അഡ്വ, വി. ജോയി ഇലകമൺ വില്ലേജ് സെക്രട്ടറി എസ്. രത്നലാൽ കൈമാറിയപ്പോൾ

## ഉമ്മയോട് കയർത്തതിന് ചുറ്റികകൊണ്ട് തലയ്ക്കടിച്ചെന്ന് മൊഴി

**കോവളം:** മുട്ടയ്ക്കാട് പതിനാലുകാരിയെ കൊന്നത് ചുറ്റികകൊണ്ട് തലയ്ക്കടിച്ചെന്ന് പ്രതികൾ. ഉമ്മയോട് കുട്ടി കയർത്തുസംസാരിക്കുന്നത് കണ്ട ദേഷ്യത്തിലാണ് ചെയ്തതെന്ന് പതിനാലുകാരിയെ തലയ്ക്കടിച്ച് കൊലപ്പെടുത്തിയ ഉമ്മയും മകനും പൊലീസിനോട് പറഞ്ഞു. വിഴിഞ്ഞം ടൗൺഷിപ്പ് സ്വദേശികളായ റഫീഖ (50) മകൻ ഷഫീഖ് (23) എന്നിവരെയാണ് ചൊവ്വ രാവിലെ 10.45 ഓടെ തെളിവെടുപ്പിനായി കുട്ടിയുടെ വീട്ടിൽ എത്തിച്ചത്. നാട്ടുകാരുടെ രോഷം ഭയന്ന് വൻ പൊലീസ് സന്നാഹത്തോടെ ഇവരെ ഹെൽമെറ്റ് ധരിപ്പിച്ചാണ് എത്തിച്ചത്. കുട്ടിയെ കൊലപ്പെടുത്തിയ മുറിയിലെത്തിച്ച് കൊലനടത്തിയ രീതി വിശദീകരിക്കാൻ പൊലീസ് ആവശ്യപ്പെട്ടു. രക്ഷിതാക്കൾ ജോലിക്ക് പോയ സമയത്താണ് കൃത്യം നടത്തിയത്. കുട്ടിയുടെ വീടിന് സമീപം വാടകയ്ക്ക് താമസിക്കുകയായിരുന്നു ഇരുവരും. മകനുമായുള്ള അടുപ്പം റഫീഖ ചോദ്യംചെയ്തതോടെ കുട്ടിയുമായി വാക്ക് തർക്കമുണ്ടായി. ഇതിനിടെ, നിങ്ങളുടെ മകൻ പീഡിപ്പിച്ചുവെന്നും അത് അമ്മയോട് പറയുമെന്നും കുട്ടി പറഞ്ഞു. ഇതിൽ പ്രകോപിതയായ റഫീഖ കുട്ടിയെ മുടിയിൽ ചുറ്റി ചുമരിൽ മൂന്ന് തവണ ഇടിച്ചു. കുട്ടി റഫീഖയോട് കയർത്ത് സംസാരിക്കുന്നത് കണ്ട് ചുറ്റികയുമായെത്തി കുട്ടിയുടെ തലയ്ക്കടിക്കുകയായിരുന്നുവെന്ന് ഷെഫീഖ് പൊലീസിനോട് സമ്മതിച്ചു. ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മെഡിക്കൽ കോളേജിൽ നടത്തിയ പോസ്റ്റുമോർട്ടത്തിലാണ് തലയ്ക്കേറ്റ അടിയാണ് മരണകാരണമെന്ന് കണ്ടെത്തിയത്. മുല്ലൂരിൽ വയോധിക തലയിൽ ചുറ്റികകൊണ്ട് അടിയേറ്റ് മരിച്ച സംഭവത്തിൽ റഫീഖയും ഷഫീഖും സുഹൃത്ത് അൽഅമീനും അറസ്റ്റിലായിരുന്നു. ഈ കേസ് അന്വേഷണത്തിനിടയിലാണ് ബാലികയുടെ മരണവും തെളിഞ്ഞത്. പതിനൊന്നരയോടെ തെളിവെടുപ്പ് പൂർത്തിയാക്കി പ്രതികളെ തിരികെ സ്റ്റേഷനിലത്തിച്ചു. ഫോർട്ട് അസി. കമീഷണർ എസ് ഷാജി, കോവളം ഇൻസ്പെക്ടർ ജി പ്രൈജു, എസ്ഐമാരായ എസ് അനീഷ്കുമാർ, മെർവിൻ ഡിക്രൂസ്, സിപിഒമാരായ അരുൺ, മുനീർ, ഷൈൻജോസ് എന്നിവരുമുണ്ടായിരുന്നു.

## ചിൽഡ്രൻസ് ഹോമിൽ നിന്നും കുട്ടികൾ ചാടിപ്പോയ സംഭവം: സൂപ്രണ്ടിനെതിരെ നടപടി

**തിരുവനന്തപുരം:** കോഴിക്കോട് വെള്ളിമാടുകുന്ന് സർക്കാർ ചിൽഡ്രൻസ് ഹോമിൽ നിന്നും പെൺകുട്ടികളെ കാണാതായ സംഭവത്തിൽ സൂപ്രണ്ടിനെ സ്ഥലം മാറ്റി. ചിൽഡ്രൻസ് ഹോമിന്റെ പ്രൊട്ടക്ഷൻ ഓഫീസർ-



ഇൻസ്റ്റിറ്റ്യൂഷൻ കെയറിനുമെതിരെ വകുപ്പ് തല നടപടിയും സ്വീകരിച്ചു. വെള്ളിമാടുകുന്ന് സംഭവത്തിൽ കർശന നടപടി സ്വീകരിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് വകുപ്പിന് നിർദേശം നൽകിയിരുന്നു. വനിത ശിശുവികസന വകുപ്പ് ഹോമിൽ നടത്തിയ അന്വേഷണത്തെ തുടർന്നാണ് ഇവർക്കെതിരെ നടപടി സ്വീകരിച്ചത്.

## മൂന്നു വിദ്യാർത്ഥികൾക്ക് ദേശീയ പുരസ്കാരം

**തിരുവനന്തപുരം:** രാജ്യത്തെ പ്രൈമറി സ്കൂൾ കുട്ടികൾക്കായി, നടത്തിയ സിപ് അരിത്തമാറ്റിക് ജീനിയസ് മത്സരങ്ങളിൽ, തിരുവനന്തപുരം സ്കൂളുകളിലെ മൂന്നു കുട്ടികൾ ദേശീയ പുരസ്കാരം നേടി.തിരുവനന്തപുരം സെന്റ് തോമസ് പബ്ലിക് സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി, പി.എസ്. ധർമിക്, ചെമ്പക സിൽവർ റോക്സിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി അഖിൽ ജെയിംസ്, സെൻട്രൽ സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി പാർവതി ജയ്പാൽ എന്നിവരാണ് ദേശീയ അവാർഡ് ജേതാക്കൾ. സിപ് അബാക്കസ് മത്സരങ്ങളുടെ ആറാം പതിപ്പിൽ രണ്ടാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള 95,000 വിദ്യാർത്ഥികളാണ് ദേശീയ തലത്തിൽ മാറ്റുരച്ചത്. 20 സംസ്ഥാനങ്ങളിലെ 1025 മുൻനിര സ്കൂളുകളിലെ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.സിറ്റി ലെവൽ, സംസ്ഥാനതലം, ദേശീയതലം എന്നിങ്ങനെ മൂന്നുതലങ്ങളിലായാണ് ഓൺലൈൻ മത്സരങ്ങൾ നടന്നത്. കണക്ക് സംബന്ധിച്ച അടിസ്ഥാന തത്വങ്ങൾ കുട്ടികളിൽ ഊട്ടി ഉറപ്പിക്കുകയും കുട്ടികളിൽ മത്സരബുദ്ധി വളർത്തുകയുമാണ് അരിത്തമാറ്റിക് ജീനിയസ് മത്സരങ്ങളുടെ ഉദ്ദേശ്യം.ഇന്ത്യയുടെ മിസൈൽ വനിത എന്നറിയപ്പെടുന്ന കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിലെ ഡിആർഡിഒ, ഡയറക്ടർ ജനറൽ ഡോ. ടെസ്സി തോമസ് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. 15 ലക്ഷത്തിലേറെ രൂപയും 25000-ലേറെ സമ്മാനങ്ങളും 47 ദേശീയ ചാമ്പ്യന്മാർക്ക് ലഭിച്ചു. സിപ് അക്കാദമി മാനേജിംഗ് ഡയറക്ടർ ദിനേശ് വിക്ടർ ആശംസാപ്രസംഗം നടത്തി.ആറുവയസ് മുതൽ 12 വയസ് വരെ പ്രായമുള്ള കുട്ടികൾക്കായുള്ള സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം ആണ് സിപ് അബാക്കസ് ഇന്ത്യ.

## ശമ്പളവും പെൻഷനുമില്ല ; പ്രതിഷേധവുമായി ജീവനക്കാർ

**കഴക്കൂട്ടം:** കേരളത്തിലെ ഏക സൈനിക സ്കൂളായ കഴക്കൂട്ടം സൈനിക സ്കൂളിൽ ശമ്പളവും പെൻഷനും മുടങ്ങി. കേന്ദ്ര പ്രതിരോധവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളിൽ കേന്ദ്ര ഫണ്ട് ലഭിക്കാത്തതാണ് വേതനം മുടങ്ങാൻ കാരണം. ഇതോടെ ജീവനക്കാരും പെൻഷൻകാരും പ്രതിഷേധവുമായി രംഗത്തെത്തി. സൈനിക സ്കൂൾ കവാടത്തിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. എൺപത് ജീവനക്കാരും നൂറിലധികം വരുന്ന പെൻഷൻകാരുമാണ് ശമ്പളമില്ലാതെ പ്രതിസന്ധിയിലായത്. ഡിസംബറിലെ ശമ്പളം ഭാഗികമായാണ് ലഭിച്ചത്. ജനുവരിയിലെ ശമ്പളം ലഭിച്ചിട്ടില്ല. ജനുവരിയിലെ ശമ്പളക്കാര്യത്തിൽ ഇതുവരെ തീരുമാനമായില്ലെന്ന് ജീവനക്കാർ പറയുന്നു. കേന്ദ്ര സർക്കാർ പ്രതിവർഷം അഡീഷണാലിറ്റി ഫണ്ടായി മൂന്നരക്കോടി രൂപ നൽകിയിരുന്നു. 2021-22ലെ തുക ഇനിയും ലഭിച്ചിട്ടില്ല. 1962ൽ പ്രതിരോധമന്ത്രിയായിരുന്ന വി കെ കൃഷ്ണമേനോനാണ് സൈനിക സ്കൂൾ എന്ന ആശയം മുന്നോട്ടുവച്ചത്. മികച്ച പ്രവർത്തനത്തിലൂടെ പ്രതിരോധ സേനകളിലേക്കുള്ള ആയിരത്തോളം ഉദ്യോഗസ്ഥർ സൈനിക സ്കൂളിന്റെ സംഭാവനയാണ്.

## പ്രതിഷേധവുമായി മഹിളകൾ



**തിരുവനന്തപുരം:** സ്ത്രീകളുടെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുന്ന കേന്ദ്രബജറ്റിനെതിരെ അഖിലേന്ത്യ മഹിളാ അസോസിയേഷൻ പ്രവർത്തകർ വീടുകളിൽ പ്രതിഷേധിച്ചു. കേരളത്തെ അവഗണിക്കുകയും ഭക്ഷ്യസബ്സിഡി, തൊഴിലുറപ്പ് വിഹിതം ഉൾപ്പെടെ വെട്ടിക്കുറയ്ക്കുകയും വിലക്കയറ്റത്തിലേക്ക് ജനത്തെ തള്ളിവിടുകയും ചെയ്യുന്ന ജനവിരുദ്ധ, സ്ത്രീവിരുദ്ധ കേന്ദ്രബജറ്റിനെതിരെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വീട്ടുമുറ്റങ്ങളിലാണ് പ്രവർത്തകർ പ്രതിഷേധം സംഘടിപ്പിച്ചത്. അസോസിയേഷൻ കേന്ദ്രകമ്മിറ്റിയംഗം എം ജി മീനാംബിക സംസ്ഥാന ജോയിന്റ് സെക്രട്ടറി എസ് പുഷ്പലത, ജില്ലാ സെക്രട്ടറി വി അമ്പിളി എന്നിവർ തലസ്ഥാനത്ത് പ്രതിഷേധിച്ചു.മുഴുവൻ ഏരിയകളിലെ വീട്ടുമുറ്റങ്ങളിലും പ്രതിഷേധം നടന്നു.അ



## അറിയിപ്പ്

### ഇന്റർവ്യൂ

പരവൂർ സർക്കാർ ആയുർവ്വേദ ആശുപത്രിയിലേക്ക് മെഡിക്കൽ ഓഫീസർ (ശല്യതന്ത്ര) തസ്തികയിലേയ്ക്കുള്ള വോക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി ഒമ്പത് രാവിലെ 11ന് ആശ്രാമം ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കും. യോഗ്യത 18നും 38നും മദ്ധ്യേ പ്രായമുള്ള കേരള ഗവൺമെന്റും ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലും അംഗീകരിച്ച ബി.എ.എം.എസ് ഡിഗ്രിയും എം.എസ് ശല്യതന്ത്രം സർട്ടിഫിക്കറ്റും എ-ക്ലാസ് രജിസ്ട്രേഷനും ഉണ്ടായിരിക്കണം. ഫോൺ 04742763044.

### വോക്ക്-ഇൻ-ഇന്റർവ്യൂ

ആയൂർ സർക്കാർ ആയൂർവ്വേദ ആശുപത്രിയിലേക്ക് തെറാപ്പിസ്റ്റ് (പുരുഷൻ) തസ്തികയിലേയ്ക്കുള്ള വോക്ക് ഇൻ ഇന്റർവ്യൂ ഫെബ്രുവരി 11 രാവിലെ 11ന് ആശ്രാമം ഭാരതീയ ചികിത്സാ വകുപ്പ് ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കും. പ്രായം 18നും 38നും മദ്ധ്യേ. യോഗ്യത - ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച കേരള ഗവൺമെന്റ് അംഗീകൃത തെറാപ്പിസ്റ്റ് കോഴ്സ് പാസായിരിക്കണം. ഫോൺ 04742763044.

## ചരമം

### കെ.എൻ. കമലാദേവി



പരവൂർ: കോട്ടപ്പുറം കരുണാലയത്തിൽ പരേതനായ കെ. കരുണാകരന്റെ ഭാര്യ കെ.എൻ. കമലാദേവി (86) നിര്യാതയായി. സംസ്കാരം ഇന്നലെ നടത്തി. മക്കൾ: വേണുഗോപാൽ, രാജഗോപാൽ, ബീന (എസ്.എൻ.വി. ജി.എച്ച്.എസ്,പരവൂർ). മരുമക്കൾ: ജയപ്രകാശ്, ഷീബ, സോളി.

# റോഡ് തകർന്നു ;യാത്രക്കാർ പ്രതിസന്ധിയിൽ

**കൊല്ലം:** കൊല്ലം കമ്മിഷണർ ഓഫീസ് റെയിൽവേ ഓവർബ്രിഡ്ജിൽ കോൺക്രീറ്റ് സ്ളാബുകളെ ബന്ധിപ്പിക്കുന്ന എക്സ്പാൻഷൻ ജോയിന്റും റോഡും തകർന്ന് യാത്ര ദുഷ്കരമായിട്ടും നടപടിയില്ല. റോഡിലെ മെറ്റലും ടാറും ഇളകി വലിയ കുഴികൾ രൂപപ്പെട്ടിട്ട് നാളുകളായി. ഇതിനിടെ പാലത്തിന്റെ കൈവരി പെയിന്റ് ചെയ്തെങ്കിലും കുഴികളുടെ കാര്യത്തിൽ അധികൃതരുടെ ഭാഗത്തു നിന്ന് അനക്കമൊന്നുമില്ല. റോഡിന്റെ തകർച്ചയ്ക്കു പിന്നാലെ പാലത്തിന്റെ ഇരുമ്പ് ജോയിന്റുകൾ ഇളകി മാറിയതും വാഹനയാത്രയ്ക്ക് ഭീഷണിയായി. സ്ളാബുകളിൽ നിന്ന് കോൺക്രീറ്റ് ഇളകി മാറിയ സ്ഥാനത്ത് വലിയ കുഴികൾ രൂപപ്പെട്ടു. ഇവിടെ കമ്പികൾ പുറത്തേക്ക് തള്ളി നിൽക്കുകയാണ്. വാഹനങ്ങൾ പോകുമ്പോൾ ഇരുമ്പ് ജോയിന്റുകൾ വലിയ ശബ്ദത്തോടെ ഇളകി മാറും. ഈ ജോയിന്റുകളിൽ തട്ടി വാഹനങ്ങൾക്ക് കേടുപാട് സംഭവിക്കുന്നതും പതിവായി.രാത്രികാലങ്ങളിൽ ഇരുചക്ര വാഹനങ്ങളാണ് കൂടുതലായി അപകടത്തിൽപ്പെടുന്നത്. പാലത്തിന്റെ നിർമ്മാണം പൂർത്തിയായി ഗതാഗതം ആരംഭിച്ച കാലം മുതൽ എക്സ്പാൻഷൻ ജോയിന്റുകളുടെ ബലക്ഷയം പ്രധാന പ്രശ്നമായിരുന്നു. ഇളകി മാറിയ ജോയിന്റുകൾ ബലപ്പെടുത്തിയിട്ട് മാസങ്ങളേ ആയിട്ടുള്ളൂ.

## സ്വകാര്യ ആശുപത്രികൾ വിവരങ്ങൾ അപ്ലോഡ് ചെയ്യണം: ജില്ലാ കളക്ടർ

**കൊല്ലം:** ജില്ലയിലെ സ്വകാര്യ ആശുപത്രികൾ കിടക്കകളുടെ എണ്ണം കൃത്യമായി കോവിഡ് ജാഗ്രതാ പോർട്ടലിൽ അപ്ലോഡ് ചെയ്യണമെന്ന് ജില്ലാ കളക്ടർ അഫ്സാന പർവീൺ ഓൺലൈനായി ചേർന്ന കോവിഡ് അവലോകന യോഗത്തിൽ അറിയിച്ചു. ആകെ കിടക്കകളുടെ എണ്ണം, കോവിഡ് രോഗികൾക്ക് അനുവദിച്ചിട്ടുള്ളവ, നിലവിൽ ഒഴിവുള്ളവ എന്നീ വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഇത് കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സബ് കളക്ടറെ ചുമതലപ്പെടുത്തി. 649 പേരാണ് മരണാനന്തര ധനസഹായത്തിനായി രജിസ്റ്റർ ചെയ്യാനുള്ളത്. ഇവരെ ഉൾപ്പടുത്താനുള്ള നടപടി പുരോഗമിക്കുകയാണ്. കോവിഡ് ജാഗ്രതാ പോർട്ടൽ ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് എൻഐസി വഴി ലഭ്യമാക്കണം. ദുരന്ത നിരവാരണ അതോറിറ്റിയ്ക്ക് പ്രത്യേകമായി വെബ് സൈറ്റ് രൂപീകരിക്കുന്നത് പരിഗണനയിലുണ്ട്. കോവിഡ് സ്വകാഡ് പ്രവർത്തനങ്ങളിൽ ബ്ലോക്ക് തല ഉദ്യോഗസ്ഥരെ കൂടി ഉൾപ്പെടുത്തുന്നതും പരിശോധിക്കുന്നു എന്ന് ജില്ലാ കളക്ടർ പറഞ്ഞു. നിലവിൽ സി കാറ്റഗറി പ്രകാരമുള്ള നിയന്ത്രണങ്ങൾ കർശനമായി നടപ്പിലാക്കുന്നതായി സിറ്റി പോലിസ് കമ്മിഷണർ റ്റി. നാരായണൻ പറഞ്ഞു. വിവിധ സർക്കാർ ആശുപത്രികളിലെ കിടക്കകൾ മറ്റ് സൗകര്യങ്ങൾ എന്നിവയുടെ വിശദാംശം ഡിഎംഒ വ്യക്തമാക്കി. ആദ്യ ഡോസ് 98 ശതമാനം പൂർത്തിയായി. രണ്ടാം ഡോസ് 83.4 ശതമാനവും. 15നും 18നും ഇടയിലുള്ള കുട്ടികളുടെ വാക്സിനേഷൻ 82 ശതമാനത്തിലെത്തി. രണ്ടാം ഡോസ് നൽകുന്നതിനുള്ള തയാറെടുപ്പ് തുടങ്ങി.കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം മഴക്കാല പൂർവ്വ ശുചീകരണത്തിനുകൂടി പ്രാധാന്യം നൽകണമെന്നും ആർറ്റിപിസിആർ പരിശോധനാ ഫലം വൈകാതെ ലഭ്യമാക്കാൻ സാധിക്കണമെന്നും മേയർ പ്രസന്ന ഏണസ്റ്റ് പറഞ്ഞു. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോർപ്പറേഷൻ പരിധിയിൽ ജനകീയ ഹോട്ടലുകളും പ്രവർത്തിച്ചു വരുന്നുണ്ടെന്ന് മേയർ അറിയിച്ചു. കൊല്ലം സർക്കാർ മെഡിക്കൽ കോളജിൽ തിങ്കളാഴ്ചയോടെ കൂടുതൽ ആരോഗ്യപ്രവർത്തകരുടെ നിയമനം പൂർത്തിയാകും. അനുയോജ്യമായ സ്ഥലം കണ്ടെത്തി എച്ച്ഡിഎസ് ഫാർമസി പ്രവർത്തനവും തുടങ്ങുമെന്ന് സൂപ്രണ്ട് അറിയിച്ചു. മാലാഖക്കൂട്ടം പദ്ധതി പ്രകാരം ജില്ലയിലെ വിവിധ ആശുപത്രികൾക്കായി 100 നഴ്സ്മാരെ നിയമിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ പറഞ്ഞു. എഡിഎം എൻ. സാജിതാ ബീഗം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ. സന്ധ്യ വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പുറ്റിങ്ങൽ കേസ്: രേഖകളുടെ പകർപ്പിന് പണം ആവശ്യപ്പെട്ട് ക്രൈംബ്രാഞ്ച്

**കൊല്ലം:** പുറ്റിങ്ങൽ കേസിലെ പ്രതികൾക്ക് നൽകാനുള്ള രേഖകളുടെ 2.09 ലക്ഷം പകർപ്പെടുക്കാൻ ക്രൈംബ്രാഞ്ച് സർക്കാരിനോട് പണം ആവശ്യപ്പെട്ടു. പ്രതികൾക്ക് പകർപ്പ് നൽകിയാലേ വിചാരണ നടപടികൾ വേഗത്തിലാകുകയുള്ളൂ.കോടതി സമൻസ് നൽകിയതനുസരിച്ച്, പ്രതികളായ രണ്ട് വെടിക്കെട്ട് തൊഴിലാളികൾ ഇന്നലെ ജാമ്യത്തിന് ഹാജരായി.28-ാം പ്രതി തമിഴ്നാട് വരുതനഗർ സ്വദേശി ജോസഫ്, 29-ാം പ്രതി വിരുതനഗർ സ്വദേശി ജോൺസൺ എന്നിവരാണ് ഹാജരായത്. പള്ളിക്കൽ സ്വദേശി ശിവാനന്ദൻ എത്തിയില്ല. പ്രോസിക്യൂഷന് വേണ്ടി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ പാരിപ്പള്ളി ആർ. രവീന്ദ്രൻ ഹാജരായി.




## കേന്ദ്ര ബഡ്ജറ്റ്; കെ. എം. എം. എല്ലിനും ഐ. ആർ. ഇയ്ക്കും ആശ്വാസം

**കൊല്ലം:** കേന്ദ്ര ബഡ്ജറ്റിൽ ചവറ കെ.എം.എം.എല്ലിനും ചവറ ഐ.ആർ.ഇയ്ക്കും ആശ്വാസം. ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇറക്കുമതി ചുങ്കം പത്ത് ശതമാനമായി നിലനിർത്തിയതാണ് കെ.എം.എം.എല്ലിന് ആശ്വാസം.ഐ.ആർ.ഇയ്ക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് സ്ഥാപനങ്ങൾക്ക് പുറമേ കൊല്ലം റെയിൽവേ സ്റ്റേഷനും പ്രതീക്ഷയിലാണ്. വന്ദേഭാരത് ട്രെയിൻ സർവ്വീസിൽ ഒന്നെങ്കിലും കൊല്ലത്ത് നിന്നായിരിക്കുമെന്നാണ് സ്വപ്നം. എന്നാൽ കാഷ്യു എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന് ഇത്തവണ പണം വകയിരുത്തിയിട്ടില്ല.ദേശീയപാത വികസനത്തിനും ജില്ലയ്ക്ക് അർഹമായത് ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കിട്ടുമെന്നാണ് കണക്കുകൂട്ടൽ.

## തെരുവ് നായയുടെ ആക്രമണം ; വിദ്യാർഥിക്ക് ഗുരുതര പരിക്ക്

**അഞ്ചൽ:** വീടിന്റെ വരാന്തയിലിരുന്ന സ്കൂൾ വിദ്യാർഥിക്ക് തെരുവ് നായയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റു. ഇടമുളയ്ക്കൽ തൊള്ളൂർ അക്കരെയുള്ള പുത്തൻവീട്ടിൽ ഷിബു-ശോഭ ദമ്പതികളുടെ മകനും ഇടമുളയ്ക്കൽ ജവഹർ എച്ച്എസ്എസ് അഞ്ചാം ക്ലാസ് വിദ്യാർഥിയുമായ അഭിഷേകിനെയാണ് തെരുവുനായ്ക്കൾ വീടിനുള്ളിൽ കടന്നു ആക്രമിച്ചത്. കഴിഞ്ഞ ദിവസം രാത്രി എട്ടരയോടെയാണ് അഭിഷേകിനെ കൂട്ടമായി എത്തിയ തെരുവ് നായ്ക്കൾ ആക്രമിച്ചത്. മുഖത്തും കണ്ണിനു താഴെയും മൂക്കിലും വായ്ക്കുള്ളിലും മാരകമായി പരിക്കേറ്റ അഭിഷേകിനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.അതേ സമയം കഴിഞ്ഞ കുറച്ചു നാളുകളായി പ്രദേശത്ത് തെരുവ് നായ്ക്കളുടെ ശല്യം അതിരൂക്ഷമാണ്. അസുര മംഗലത്ത് നീതു ഭവനിൽ സുധ എന്ന വീട്ടമ്മയെയും തെരുവുനായ കഴിഞ്ഞദിവസം ആക്രമിച്ചിരുന്നു. കൂടാതെ കോഴി, താറാവ്, ആടുകൾ കന്നുകാലികൾ വളർത്തുമൃഗങ്ങൾക്കും തെരുവ് നായയുടെ ശല്യം പരത്തുന്ന ഭീതി ചെറുതല്ല. ഗ്രാമപഞ്ചായത്ത് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടുകയും തെരുവ് നായ ശല്യം അമർച്ച ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു

## കാർ കല്ലടയാറ്റിൽ വീണ് അപകടം

**പുനലൂർ:** കുളിക്കാനിറങ്ങിയ വിനോദ സഞ്ചാരികളുടെ കാർ ഉരുണ്ട് 20അടി താഴ്ചയിലെ കല്ലടയാറ്റിൽ വീണു. ഇടമൺ 34 ആയിരനെല്ലൂർ കടവിലായിരുന്നു അപകടം.തെന്മല ഇക്കോ ടൂറിസം മേഖലകൾ സന്ദർശിച്ച ശേഷം കാറിൽ ആയിരനെല്ലൂർ പാലത്തിന് സമീപത്ത് കാർ നിറുത്തിയിട്ട ശേഷം യുവാക്കൾ കടവിൽ കുളിക്കാനിറങ്ങി. പഴയ റോഡ് വഴിയെത്തുന്ന കടവിന് സമീപത്തെ കട്ടിംഗിന് മുകളിൽ നിറുത്തിയിട്ടിരുന്ന കാർ ഉരുണ്ട് ആറ്റിലേക്ക് വീഴുകയായിരുന്നുവെന്ന് സമീപവാസികൾ പറഞ്ഞു. ശബ്ദം കേട്ട് നാട്ടുകാർ ഓടിക്കൂടിയെങ്കിലും വാഹനം കരയ്ക്ക് കയറ്റാനായില്ല. തുടർന്ന് റിക്കവറി വാൻ എത്തിച്ചാണ് കാർ കരയ്ക്ക് കയറ്റിയത്.

## സി.ഐ.ടി.യു നിലപാട് ഗൂഢാലോചന: എൻ.കെ. പ്രേമചന്ദ്രൻ

**കൊല്ലം:** ആശ്രാമം ഇ.എസ്.ഐ ആശുപത്രിയുടെ വികസനം തടസപ്പെടുത്താനുള്ള ഗൂഢാലോചനയുടെ ഭാഗമാണ് സി.ഐ.ടി.യുവിന്റെ സമരപ്രഖ്യാപനമെന്ന് എൻ.കെ.പ്രേമചന്ദ്രൻ എം.പി പറഞ്ഞു. ആശുപത്രി വികസനത്തിനായി എം.പി എന്ന നിലയിൽ നിരന്തരമായി നടത്തിയ പരിശ്രമങ്ങൾ ഫലം കണ്ടപ്പോൾ അതിനെതിരെ സമരം പ്രഖ്യാപിക്കുന്നത് വിചിത്രമാണ്. ആശുപത്രി വികസനത്തിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും നിർമ്മാണത്തിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പ് നൽകിയ രൂപരേഖ അംഗീകരിക്കുകയും ചെയ്ത വാർത്തയ്ക്ക് ശേഷം വികസനത്തിനായുള്ള സമരം പ്രഹസനമാണ്. നിർമ്മാണ നടപടികൾ പുരോഗമിക്കുമ്പോൾ സമരഭീഷണി മുഴക്കി കരാറുകാരെ പിന്തിരിപ്പിക്കാനും വികസന പ്രവർത്തനങ്ങൾ നീട്ടിക്കൊണ്ടുപേ

## എൽഐസി സ്വകാര്യവൽക്കരണത്തിൽ പ്രതിഷേധം

**പുനലൂർ:** രാജ്യത്തെ ഇൻഷുറൻസ് മേഖലയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ സ്വകാര്യവൽക്കരിക്കാനുള്ള ബജറ്റ് പ്രഖ്യാപനത്തിൽ സിഐടിയു പ്രതിഷേധം സംഘടിപ്പിച്ചു. ജില്ലാ സെക്രട്ടറി എസ്.ജയമോഹൻ ഉദ്ഘാടനം ചെയ്തു. 29 കോടി പേർക്ക് സേവനവും, 13 ലക്ഷം പേർക്ക് തൊഴിലും നൽകുന്ന പൊതുമേഖലാ സ്ഥാപനമായ എൽഐസി വർഷം തോറും 2500 കോടി രൂപ വാർഷിക ലാഭവിഹിതവും, 10,000 കോടി രൂപ നികുതിയും സർക്കാറിലേക്ക് നൽകുന്ന സ്ഥാപനമാണ്. ദീർഘകാല അടിസ്ഥാനത്തിൽ ഈ വലിയ വരുമാന നഷ്ടം രാജ്യത്തിന്റെ മുന്നോട്ടുള്ള പോക്കിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി വളരെ വലുതായിരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഒരു പൊതുമേഖലാ സ്ഥാപനം പോലും ആരംഭിക്കാതെ, വിത്ത് ഭക്ഷണമാക്കുന്ന അന്തക നയമാണ് മോദി സർക്കാർ പിന്തുടരുന്നതെന്നും, സിപിഎം ഈ നയങ്ങൾക്കെതിരെ ശക്തമായ പ്രതിഷേധം സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.യോഗത്തിൽ പുനലൂർ ഏരിയ സെക്രട്ടറി എസ്.ബിജു, ഏരിയാ കമ്മിറ്റി അംഗങ്ങളായ ടൈറ്റസ് സെബാസ്റ്റ്യൻ, ഡോ. കെ.ഷാജി, പി.വിജയൻ, വിജയൻ ഉണ്ണിത്താൻ, നഗരസഭാ ചെയർപേഴ്സൺ നിമ്മി എബ്രഹാം, ജനാധിപത്യ മഹിളാ അസോസിയേഷൻ ഏരിയാ സെക്രട്ടറി ആർ. ലൈലജ, ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറി ശ്യാം.എസ്, സുഭാഷ്.ജി.നാഥ്, എബി ഷൈനു, ജോജോ വർഗീസ്, മണി ബാബു എന്നിവർ പങ്കെടുത്തു.

## റോഡു പണി പുനഃരാരംഭിക്കണം

**ചാത്തന്നൂർ:** വേളമാനൂർ - കുളമട റോഡു പണി പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വേളമാനൂർ, കുളമട, കുളക്കുടി പ്രദേശത്തെ ജനപ്രതിനിധികളും പൊതുപ്രവർത്തകരും നാട്ടുകാരും കളക്ടർക്ക് പരാതി നല്കി. പൊതുമരാമത്ത് വകുപ്പിൻറെ കീഴിലുള്ള റോഡിന്റെ പണി നാല് മാസം മുമ്പ് ആരംഭിച്ചിരുന്നു. റോഡിന്റെ താഴ്ന്ന ഭാഗം ഉയർത്തിയും റോഡിന് വീതി കൂട്ടിയും പണിയുന്നതിനായിരുന്നു കരാർ. എന്നാൽ പണിയിലെ അപാകത ചൂണ്ടിക്കാട്ടി പരാതി നല്കിയതിനെ തുടർന്ന് കരാറുകാരൻ പണി നിർത്തിവെച്ചു. അഞ്ചു കിലോമീറ്ററിനുള്ളിൽ പലയിടങ്ങളിലായി നിരത്തിയ മെറ്റൽ ഇപ്പോൾ യാത്രക്കാർക്ക് ദുരിതമായി മാറി. ഇരുചക്ര വാഹനങ്ങൾക്കും ഓട്ടോകൾക്കും കടന്നുപോകാൻ പറ്റാത്ത അവസ്ഥയാണ്. മാത്രമല്ല വാഹനങ്ങൾ ഇളകി കിടക്കുന്ന മെറ്റലിൽ കൂടി പോകുമ്പോഴുണ്ടാകുന്ന പൊടിപടലങ്ങൾ പരിസരവാസികളെ ബുദ്ധിമുട്ടിലാക്കിയിരിക്കയാണ്. വാഹനങ്ങൾ പോകുമ്പോൾ മെറ്റൽ തെറിച്ച് അപകടങ്ങളുമുണ്ടാകും.കുളക്കുടി ഭാഗത്ത് റോഡരികിൽ ഓട നിർമിക്കാനെടുത്ത കുഴി പ്രദേശവാസികളുടെ മതിലിനും ഭീഷണിയായി. ഓടയ്ക്കരികിലെ മതിലുകൾ ഏതു സമയവും നിലംപൊത്താവുന്ന നിലയിലാണ്. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ നേതൃത്വത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയ്ക്കും എം എൽ എയ്ക്കും മറ്റ് അധികൃതർക്കും പരാതി നല്കി. എത്രയും വേഗം റോഡ് പണി പുനഃരാരംഭിച്ച് ജനങ്ങളുടെ ദുരിതത്തിന് പരിഹാരം കാണണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## Adnbn¸v



### റിക്രൂട്ട് ചെയ്യുന്നു

കേരള സർക്കാർ സ്ഥാപനമായ ഒഡെപെക്ക് മുഖേന ഒമാനിലെ പ്രമുഖ സി.ബി.എസ്.ഇ സ്കൂളിലേക്ക് അധ്യാപകമാരെ നിയമിക്കുന്നു. സി.ബി.എസ്.സി/ ഐ.സി.എസ്.സി സ്കൂളിൽ മൂന്ന് വർഷം പ്രവൃത്തിപരിചയമുള്ളവർ ബയോഡേറ്റ, സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ സഹിതം glp@odepc.in എന്ന ഇ-മെയിലിൽ ഫെബ്രുവരി 10നകം അപേക്ഷിക്കണം. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in, 04712329440

### വാക് ഇൻ ഇന്റർവ്യൂ

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വിമൻ ആൻഡ് ചിൽഡ്രൻസ് ഹോമിൽ ഫീൽഡ് വർക്കർ കം കേസ് വർക്കർ തസ്തികയിലെ ഒരു ഒഴിവിലേക്ക് യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എം.എസ്.ഡബ്ല്യൂ/എം.എ (സോഷ്യോളജി)/എം.എ (സൈക്കോളജി)/എം.എസ്സി (സൈക്കോളജി) യാണ് യോഗ്യത. 25 വയസ് പൂർത്തിയാകണം. പ്രതിമാസം 16,000 രൂപ വേതനം ലഭിക്കും. താത്പര്യമുള്ളവർ വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം അപേക്ഷ ഫെബ്രുവരി 14 ന് വൈകിട്ട് 5 നു മുമ്പ് ലഭിക്കത്തക്ക വിധത്തിൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം. ഇ-മെയിൽ: spdkeralamss@gmail.com, ഫോൺ: 0471 2348666.

# വിവാഹം കഴിഞ്ഞതിന്റെ പിറ്റേന്ന് മുങ്ങിയ യുവാവ് അറസ്റ്റിൽ

**അടൂർ :** വിവാഹം കഴിഞ്ഞ് ആദ്യരാത്രി നവവധുവിനൊപ്പം ചെലവഴിച്ച ശേഷം സ്വർണവും പണവുമായി മുങ്ങിയ യുവാവിനെ അടൂർ പോലീസ് അറസ്റ്റ് ചെയ്തു.വിവാഹത്തിന്റെ പിറ്റേന്ന് പഴകുളം സ്വദേശിനിയുടെ വീട്ടിൽ നിന്ന് സ്വർണവും പണവുമായി മുങ്ങിയതിനെ തുടർന്ന് വധുവിന്റെ പിതാവിന്റെ പരാതിയിൽ വിശ്വാസ വഞ്ചനക്ക് അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിലാണ്, കായംകുളം എം എസ് എച്ച് എസ് എസിന് സമീപം തെക്കേടത്ത് തറയിൽ അസറുദ്ദീൻ റഷീദ് (30) അറസ്റ്റിലായത്.ഇക്കഴിഞ്ഞ ജനുവരി 30ന് ആദിക്കാട്ടുകുളങ്ങര എസ് എച്ച് ഓഡിറ്റോറിയത്തിൽ വച്ചായിരുന്നു അസറുദ്ദീനും പഴകുളം സ്വദേശിനിയുമായുള്ള വിവാഹം മതാചാര പ്രകാരം നടന്നത്. തുടർന്ന് വരനും വധുവും വധുവിന്റെ വീട്ടിലെത്തി. 31 ന് പുലർച്ചെ മൂന്നോടെ സുഹൃത്തിന് ഒരു അപകടം പറ്റിയെന്നും താൻ ചെന്ന് ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിക്കേണ്ടതെന്നും പറഞ്ഞ് അസറുദ്ദീൻ വധൂഗൃഹത്തിൽ നിന്നും പോവുകയായിരുന്നു. ഇയാൾ പോയിക്കഴിഞ്ഞ് മൊബൈൽ ഫോണിലേക്ക് വിളിച്ചുനോക്കിയപ്പോൾ സ്വിച്ച്ഡ് ഓഫായിരുന്നു. തുടർന്ന് സംശയം തോന്നിയ വീട്ടുകാർ നടത്തിയ പരിശോധനയിൽ വധുവിന്റെ 30 പവന്റെ ആഭരണങ്ങളിൽ പകുതിയും വിവാഹത്തിന് നാട്ടുകാർ നൽകിയ 2.75 ലക്ഷം രൂപയും കാണാനില്ലെന്ന് മനസിലായി.തുടർന്ന് വധുവിന്റെ പിതാവ് വരന്റെ വീട്ടുകാരെ വിവരം അറിയിച്ച ശേഷം അടൂർ പോലീസിൽ പരാതി നൽകി. തുടർന്ന് വിശ്വാസ വഞ്ചനക്ക് കേസ് രജിസ്റ്റർ ചെയ്ത പോലീസ് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിൽ അസറുദ്ദീൻ രണ്ട് വർഷം മുമ്പ് ആലപ്പുഴ ചേപ്പാട് സ്വദേശിനിയെ വിവാഹം കഴിച്ചിട്ടുള്ളതായി പോലീസിന് മനസ്സിലായി. തുടർന്ന് നടത്തിയ തിരച്ചിലിൽ പ്രതി പിടിയിലാവുകയായിരുന്നു. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി സ്വപ്നിൽ മധുകർ മഹാജന്റെ പ്രത്യേക നിർദേശ പ്രകാരം അടൂർ ഡി വൈ എസ് പി. ആർ ബിനുവിന്റെ മേൽനോട്ടത്തിൽ രൂപവത്ക്കരിച്ച അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരായ അടൂർ പോലീസ് ഇൻസ്പെക്ടർ ടി ഡി പ്രജീഷ്, എസ് ഐ. വിമൽ രംഗനാഥ്, സിവിൽ പോലീസ് ഓഫീസർമാരായ സോളമൻ ഡേവിഡ്, സൂരജ്, അമൽ എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു. പ്രതി അസറുദ്ദീൻ റഷീദിനെ സ്റ്റേഷനുള്ളിൽ വച്ച് കൈയേറ്റം ചെയ്യാൻ ശ്രമിച്ചതിന് നാല് പേർക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ട്.

# വയോധികൻ എക്സൈസ് സംഘത്തിന്റെ പിടിയിൽ

**തിരുവല്ല :** വിൽപനക്കായി സൂക്ഷിച്ചിരുന്ന 25 ലിറ്റർ വിദേശ മദ്യവുമായി വയോധികൻ എക്സൈസ് സംഘത്തിന്റെ പിടിയിലായി.പുല്ലാട് തെക്കേകരയിൽ വീട്ടിൽ ശശിധരൻ നായർ (58) ആണ് പിടിയിലായത്.പ്രതിയുടെ വീട് കേന്ദ്രീകരിച്ച് വിദേശമദ്യ വിൽപന നടക്കുന്നതായി എക്സൈസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ റെയ്ഡിലാണ് കാർ ഷെഡിൽ ഒളിപ്പിച്ച നിലയിൽ മദ്യം പിടിച്ചെടുത്തത്.



എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം നൗഷാദ്, പ്രിവന്റീവ് ഓഫീസർ വി രതീഷ്, സിവിൽ എക്സൈസ് ഓഫീസർ അരുൺ കൃഷ്ണൻ, അൻസറുദ്ദീൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പ്രതിയെ പിടികൂടിയത്.

# ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ലഹരി മാഫിയ, രാത്രി സംഘങ്ങളായി തിരിഞ്ഞ് റോന്തു ചുറ്റൽ

**പത്തനംതിട്ട :** നഗരം കീഴടക്കി കഞ്ചാവ് മാഫിയ. കഴിഞ്ഞ ദിവസം രാത്രി 33 ബൈക്കുകളിലായി 75ൽപരം യുവാക്കളാണ് നഗരത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്. നഗരത്തിലെ ഒരു ബാറിൽ നിന്നാരംഭിച്ച വാക്കുതർക്കം വളർന്ന് സംഘട്ടനത്തിലേക്ക് എത്തുന്ന സ്ഥിതിയായിരുന്നു. വിവരം അറിഞ്ഞ് പൊലീസ് എത്തിയതിനാൽ അനിഷ്ടസംഭവങ്ങൾ ഒഴിവായെങ്കിലും 23ൽ പരം ബൈക്കുകളിൽ എത്തിയ രണ്ട് സംഘങ്ങൾ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ റോന്തു ചുറ്റൽ ആരംഭിക്കുകയായിരുന്നു. ആക്രമണസാധ്യത മുന്നിൽ കണ്ട് ഉടനടി അടൂർ എആർ ക്യാംപിൽ നിന്ന് ഒരു സംഘം പൊലീസ് വലിയ വാഹനങ്ങളിൽ എത്തി നഗരത്തിൽ വിവിധ ഭാഗങ്ങളിൽ തമ്പടിക്കുകയും അഞ്ചോളം വാഹനങ്ങളിൽ പട്രോളിങ് ആരംഭിക്കുകയും ചെയ്തു.അതിനുശേഷമാണ് രണ്ട് സംഘങ്ങളും ഉൾപ്രദേശങ്ങളിലേക്കു വലിഞ്ഞത്. മാസങ്ങൾക്കു മുൻപ് അഴൂർ ഭാഗത്തും അഞ്ചക്കാല ഭാഗത്തും ഈ സംഘങ്ങളിൽ പെട്ടവർ ഏറ്റുമുട്ടിയിരുന്നു. തമിഴ്നാട്ടിൽ കഞ്ചാവിന്റെ വിളവെടുപ്പു കാലം ആരംഭിച്ചതിനാൽ ജില്ലയിലേക്ക് വൻതോതിൽ ഇത് എത്തുന്നതായാണ് വിവരം. കിലോയ്ക്ക് 17,000ൽ പരം രൂപ വിലയുണ്ടായിരുന്ന ഇത് നാലായിരം രൂപയ്ക്ക് ലഭിക്കുന്നതിനാൽ വൻതോതിൽ ഇടുക്കി വഴി കഞ്ചാവ് കേരളത്തിലേക്ക് എത്തുന്നു. കൂടുതൽ ഉൽപന്നം എത്തുന്ന അവസ്ഥയിൽ രണ്ട് സംഘങ്ങളും ഇതു വിറ്റഴിക്കാൻ നടത്തുന്ന മത്സരമാണ് സംഘർഷത്തിലേക്കു നയിക്കുന്നത്.കഞ്ചാവ് വിൽപനയ്ക്ക് തടയിടാൻ നിഴൽ പൊലീസും സ്പെഷൽ സ്ക്വാഡും എക്സൈസും എല്ലാം ചേർന്ന് നിരന്തരമായി നടത്തുന്ന പരിശോധനകളും നീക്കങ്ങളും ഈ സാമൂഹികവിരുദ്ധർക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ട്. അതിനാൽ ഒരു വിഭാഗത്തിന്റെ വിൽപന മേഖലയിലേക്ക് മറുവിഭാഗം കടന്നു കയറുന്നതാണ് സംഘർഷത്തിലേക്ക് എത്തുന്നത്. ബസ് സ്റ്റാൻഡ് കേന്ദ്രീകരിച്ച് വിദ്യാർഥികൾക്കിടയിലും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇടയിലും നടക്കുന്ന കഞ്ചാവ് വ്യാപാരം നിയന്ത്രിക്കാനുള്ള ശ്രമം പൊലീസ് ആരംഭിച്ചതും സാമൂഹികവിരുദ്ധർക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ട്.

# പ്രസവത്തെ തുടർന്ന് യുവതി മരിച്ചു; ചികിത്സാ പിഴവെന്ന് ബന്ധുക്കൾ

**കോന്നി :** പ്രസവത്തെ തുടർന്ന് യുവതി മരിച്ചു. കോന്നി അരുവാപ്പുലം അക്കരക്കാലാപ്പടി ചന്ദ്രഭവനം വിജേഷിന്റെ ഭാര്യ കാർത്തിക (29) ആണ് മരണപ്പെട്ടത്.ആശുപത്രിയിലെ ചികിത്സാ പിഴവാണ് മരണത്തിന് കാരണമായതെന്ന് ആരോപിച്ച് ബന്ധുക്കൾ ആരോഗ്യ വകുപ്പിനു പരാതി നൽകി. എന്നാൽ, ചികിത്സയിൽ വീഴ്ച സംഭവിച്ചിട്ടില്ലെന്നും കാർത്തികയുടെ ജീവൻ രക്ഷിക്കാൻ പരമാവധി ശ്രമിച്ചിരുന്നുവെന്നും ആശുപത്രിയിൽ ചുമതല ഉണ്ടായിരുന്ന ഡോക്ടർ അറിയിച്ചു.തിങ്കളാഴ്ച രാത്രി 12 നാണ് കാർത്തികയെ പ്രസവത്തിനായി എത്തിച്ചത്. രാത്രിയിൽ തന്നെ പ്രസവിക്കുകയും ആരോഗ്യനില വഷളാവുകയുമായിരുന്നു. തുടർന്ന് തിരുവല്ലയിലെ ആശുപത്രിയിലേക്ക് കൊണ്ടുപോയെങ്കിലും വഴിമധ്യേ മരണം സംഭവിച്ചു. ഇവർ പ്രസവിച്ച കുഞ്ഞിന് ആരോഗ്യ പ്രശ്നങ്ങളില്ലെന്ന് ബന്ധുക്കൾ പറഞ്ഞു. അതേസമയം, ആശുപത്രിയിൽ എത്തിച്ച സമയത്ത് ലഭിച്ച ആർ ടി പി സി ആർ ഫലത്തിൽ കൊവിഡ് നെഗറ്റീവ് കാണിക്കുകയും മരണ ശേഷം ചെയ്ത പരിശോധനയിൽ പോസിറ്റീവ് ആണെന്ന് കണ്ടെത്തിയതായി ആശുപത്രി അധികൃതരുടെ വാർത്താ ക്കുറിപ്പിൽ പറയുന്നു. കാർത്തികയുടെ മൃതദേഹം കോട്ടയം മെഡിക്കൽ കോളജിൽ പോസ്റ്റുമോർട്ടം നടത്തിയ ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

# പ്രതിരോധ മരുന്ന് കിയോസ്കുമായി ഹോമിയോപ്പതി വകുപ്പ്

**പത്തനംതിട്ട :** കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്ന് എല്ലാ സർക്കാർ ഓഫീസുകളിലും വിതരണം ചെയ്യാൻ ഹോമിയോപ്പതി വകുപ്പിന്റെ സഞ്ചരിക്കുന്ന കിയോസ്ക് ജില്ലാതല പര്യടനം തുടങ്ങി. കലക്ടറേറ്റ് അങ്കണത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഓമല്ലൂർ ശങ്കരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് സെക്രട്ടറി വി ആർ മുരളീധരന് ഇമ്മ്യൂണിറ്റി ബൂസ്റ്റർ മരുന്ന് നൽകിയായിരുന്നു ഉദ്ഘാടനം. ഹോമിയോപ്പതി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ഡി ബിജുകുമാർ പങ്കെടുത്തു.സംസ്ഥാനത്ത് ആദ്യമായി സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് ഹോമിയോ ബൂസ്റ്റർ മരുന്ന് നൽകുന്നത് ജില്ലയിലാണ്. കിയോസ്ക് ജില്ലയിൽ അഞ്ചു ദിവസം പര്യടനം നടത്തും. ഫോൺ: 9447040126.

# പിആർപിസി കോവിഡ് കൺട്രോൾ റൂം തുടങ്ങി

**അടൂർ :** മൂന്നാം തരംഗത്തിൽ കോവിഡ് ബാധിച്ച് പ്രയാസം നേരിടുന്നവർക്ക് ഭക്ഷണം, ജീവൻ രക്ഷമരുന്നുകൾ, കോവിഡനന്തരസഹായം, എന്നിവ ജില്ലയിലെ 970 വാർഡുകളിലും എത്തിക്കാൻ പിആർപിസി കോവിഡ് കൺട്രോൾ റൂം തുടങ്ങി. രോഗപ്രതിരോധത്തിനും കോവിഡ് ബാധിച്ച കുടുംബങ്ങളെ സഹായിക്കാനും 57 തദ്ദേശ സ്ഥാപനങ്ങളിലായി 99 സോണൽ കമ്മിറ്റികളിലും കോവിഡ് ഹെൽപ്പ് ഡെസ്ക്കും പ്രവർത്തനസജ്ജമായി. ജില്ലാ കൺട്രോൾറൂമിന്റെ പ്രവർത്തനം പത്തനംതിട്ട റിഹാബിലിറ്റേഷൻ ആന്റ് പാലിയേറ്റിവ് കെയർ സെന്റർ രക്ഷാധികാരി കെ പി ഉദയഭാനു ഉദ്ഘാടനം ചെയ്തു. പിആർപിസി ചെയർമാൻ പി എസ് മോഹനൻ അധ്യക്ഷനായി. മദർ തേരേസ പാലിയേറ്റിവ് കെയർ സൊസൈറ്റി രക്ഷാധികാരികളായ ടി ഡി ബൈജു, പി ബി ഹർഷകുമാർ , പ്രസിഡണ്ട് അഡ്വ. എസ് മനോജ് മാർക്രിസോസ്റ്റം പാലിയേറ്റിവ് പ്രസിഡണ്ട് രാജു ഏബ്രഹാം, സെക്രട്ടറി പി ആർ പ്രസാദ്, പിആർപിസി സെക്രട്ടറി ശ്യാംലാൽ, ജില്ലാ കോഡിനേറ്റർ അഡ്വ എസ്. ഷാജഹാൻ, കെ എ എബ്രഹാം, ബിനു വർഗീസ്, എം വി സഞ്ചു,അനു അന്ത്യാളൻക്കാവ്, ജിജി മാത്യു, അഡ്വ. രാജീവ്, അജയകുമാർ, ബിജിലി ഈശോ, വി പി രാജശേഖരൻ , ഡോ. പ്രദീപ് പന്തളം, ജോൺകുട്ടി ,അഡ്വ. രാജീവ് കുമാർ കൊടുമൺ . അഡ്വ ഫ്രാൻസിസ് വി ആന്റണി, അനീഷ്, ശശികുമാർ , എന്നിവർ സംസാരിച്ചു . ബാലസംഘം പ്രവർത്തകരാണ് കൺട്രോൾ റൂം പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കുന്നത്. കൺട്രോൾ റൂം നമ്പർ 8281157197. കൺട്രോൾ റൂമിൽ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകരുണ്ടാകും. വിവിധ വകുപ്പുകളുടെയും ജീവകാരുണ്യ പ്രവർത്തന രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെയും സഹായത്തോടെയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. കോവിഡ് ബാധിതർക്ക് സൈക്കോളജിക്കൽ കൗൺസിലർമാരുടെയും മാനസിക ആരോഗ്യ മേഖലയിലെ വിദഗ്ദ്ധരുടെയും കൗൺസലിങ് സേവനവും നൽകും.

# വിരുന്നെത്തിയത് നാഗശലഭം ചിറകിലൊളിച്ച വിസ്മയം

**ചിറ്റാർ :** ഒറ്റനോട്ടത്തിൽ ചിത്രശലഭമെന്നു തോന്നുമെങ്കിലും സൂക്ഷിച്ചുനോക്കിയാൽ പേടിയാകും. അതിഥിയായെത്തിയത് നാഗശലഭം. ചിറകുകളുടെ അറ്റം പാമ്പിന്റെ വായപോലെ. എന്നാൽ രൂപത്തിലേയുള്ളൂ ഈ ഭീകരത. വായില്ലാത്ത ഈ ശലഭങ്ങൾക്ക് ആയുസ്സ് രണ്ടാഴ്ച മാത്രവും. ലാർവ ആയിരിക്കുമ്പോൾ കഴിക്കുന്ന ഇലകളാണ് ഇവയുടെ ജീവിതകാലത്തെ ഏക ഭക്ഷണം. മട്ടി, നാരകം, കറുവ എന്നിവയുടെ ഇലകളാണ് ഭക്ഷിക്കുക. കൊക്കൂൺ ആയി വിരിഞ്ഞ് ശലഭമായാലും ഭക്ഷണമില്ല.അറ്റാക്കസ് ടാപ്രോബനിസ് എന്നതാണ് ശാസ്ത്രീയ നാമം. അറ്റ്ലസ് ശലഭത്തിൻെറ ഉപവർഗമായി കണക്കാക്കുന്ന ഇവ ദക്ഷിണേന്ത്യയിലും ശ്രീലങ്കയിലുമാണ് ധാരാളം കാണപ്പെടുന്നത്. ഭൂപടത്തിന്റെ രൂപത്തിലായതിനാൽ ഇത് അറിയപ്പെടുന്നത് അറ്റ്ലസ് കോബ്ര മോത്ത് എന്നാണ്. മൂർഖന്റെ മുഖമുള്ള ചിറക് ആയതിനാൽ മലയാളത്തിൽ ഇതിനെ വിളിക്കുന്നത് നാഗശലഭം എന്നും.പുഴുവായിരിക്കെ കഴിച്ചതിന്റെ കരുതൽ ഉപയോഗപ്പെടുത്തി പ്രജനനത്തിനു മാത്രമായി ജീവിക്കുന്നു. അട്ടത്തോട് പാറക്കൽ രാമകൃഷ്ണന്റെ വൈകിട്ട് വീടിന്റെ ഉമ്മറത്താണ് ഇതിനെ കണ്ടത്. നിശാശലഭമായതിനാൽ രാത്രിയാണ് സഞ്ചാരം. പകൽ വീട്ടുപരിസരത്ത് ഇവ അപൂർവമായാണ് എത്തുക. ചിറക് വിടർത്തുമ്പോൾ ഏകദേശം ഒരടി വീതിയുണ്ട്.



## Adnbn¸v

### നിയമനം

**ആലപ്പുഴ:** കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന്റെ ഭാഗമായി ആലപ്പുഴ ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളജ് ആശുപത്രിയിൽ എൻ.എച്ച്.എം പദ്ധതി പ്രകാരം വിവിധ തസ്തികകളിൽ മാർച്ച് 31വരെ ദിവസവേതന വ്യവസ്ഥയിൽ നിയമനം നടത്തുന്നു. മെഡിക്കൽ ഓഫീസർ, റിസർച്ച് ഓഫീസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ലാബ് ടെക്നീഷ്യൻ, ക്ലീനിംഗ്/ സപ്പോർട്ടിംഗ് സ്റ്റാഫ് എന്നീ തസ്തികകളിലാണ് നിയമനം. താൽപര്യമുള്ളവർ ഫോട്ടോ പതിച്ച അപേക്ഷകൾ ഇന്ന് (ഫെബ്രുവരി ഒന്ന്) ഉച്ചകഴിഞ്ഞ് രണ്ടിനു മുൻപ് മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ട് ഓഫീസിൽ നൽകണം. ഫോൺ: 0477 2282021.(പി.ആർ./എ.എൽ.പി./3970)ധ31/01, 4:37 PM] +91 97441 42531: പത്ത്, ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് രജിസ്ട്രേഷൻ ആരംഭിച്ചു

### രജിസ്ട്രേഷൻ ആരംഭിച്ചു

**ആലപ്പുഴ:** സാക്ഷരതാ മിഷനും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന 10 -ാം തരം തുല്യതാ കോഴ്സിൻറെ 16-ാമത് ബാച്ചിലേക്കും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൻറെ ആറാമത് ബാച്ചിലേക്കും രജിസ്ട്രേഷൻ ആരംഭിച്ചു.ഏഴാം ക്ലാസോ ഏഴാംതരം തുല്യതാ കോഴ്സോ വിജയിച്ചവർക്കും പത്താം ക്ലാസ് തോറ്റവർക്കും പത്താം തരം തുല്യതാ കോഴ്സിൽ രജിസ്റ്റർ ചെയ്യാം. പത്താം ക്ലാസ് വിജയിച്ചവർക്കും പ്രീഡിഗ്രി അല്ലെങ്കിൽ പ്ലസ് ടൂ തോറ്റവർക്കും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ ചേരാം. തുല്യതാ കോഴ്സ് വിജയിക്കുന്നവർക്ക് ഉപരിപഠനത്തിനും, പി.എസ്.സി. പരീക്ഷ എഴുതുന്നതിനും ഉദ്യോഗക്കയറ്റത്തിനും അർഹത ഉണ്ടായിരിക്കും. അപേക്ഷാ ഫോറവും വിശദവിവരങ്ങളും കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന സാക്ഷരതാ മിഷൻ ഓഫീസിൽ ലഭിക്കും. ഫോൺ:9847431754. (പി.ആർ./എ.എൽ.പി./3975) (പി.ആർ./എ.എൽ.പി./3975) ധ31/01, 4:47 ജങപ +91 97441 42531: കുഷ്ഠരോഗവിമുക്ത



# കാത്തിരുപ്പ് കേന്ദ്രം നാടിന് സമർപ്പിച്ചു

**ചെങ്ങന്നൂർ :** എംസി റോഡിൽ നന്ദാവനം ജങ്ഷനിൽ എം എൽഎയുടെ ആസ്ഥിവികസന ഫണ്ട് ഉപയോഗിച്ച് നിർമിച്ച കാത്തിരുപ്പുകേന്ദ്രം മന്ത്രി സജി ചെറിയാൻ ഉദ്ഘാടനംചെയ്തു.50 വർഷം മുമ്പ് കായംകുളം സ്റ്റാൻഡ് എന്ന പേരിൽ നഗരത്തിലെ പഴയ പ്രൈവറ്റ് ബസ് സ്റ്റാൻഡായിരുന്നു ഇവിടം. കായംകുളം മാവേലിക്കര, വെണ്മണി, ഇലവുംതിട്ട, പത്തനംതിട്ട, മാന്നാർ ഭാഗത്തേക്ക് പോകുന്ന സ്വകാര്യ ബസുകളുടെയും അടൂർ ഭാഗത്തേക്കുള്ള കെഎസ്ആർടിസി ബസുകളുടെയും പ്രധാന സ്റ്റോപ്പാണ്.പൊതുമരാമത്ത് വകുപ്പ് നിർമിച്ച കാത്തിരിപ്പ്കേന്ദ്രത്തിൽ റേഡിയോ, സോളാർ വിളക്ക് എന്നിവയുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെബിൻ പി വർഗീസ്, സിപിഐ എം ചെങ്ങന്നൂർ ഏരിയ സെക്രട്ടറി എം ശശികുമാർ, എം കെമനോജ്, മോഹൻ കൊട്ടാരത്തുപറമ്പിൽ, ജോസ് പുതുവന, വി എസ് സവിത, യു സുഭാഷ്, അഡ്വ. സുരേഷ് മത്തായി, വത്സമ്മ എബ്രഹാം, കെ പി മുരുകേശ്, ടി കെ സുരേഷ്, കെ കരുണാകരൻ എന്നിവർ സംസാരിച്ചു.

# ഹൃദയം നുറുങ്ങി സുജാത

**ചാരുംമൂട് :** അമ്മയും പെൺമക്കളും കത്തിക്കരിഞ്ഞ് കിടന്ന വീട്ടിലേക്ക് ആദ്യമെത്തിയത് മരിച്ച പ്രസന്നകുമാരിയുടെ ചേച്ചി സുജാതയാണ്. അയൽവാസി കൂടിയായ സുജാതയ്ക്ക് ദുരന്തക്കാഴ്ച സഹിക്കാനാകുന്നില്ല. ഭിന്നശേഷിക്കാരായ മക്കൾ കലമോൾക്കും മീനുമോൾക്കും മിക്കദിവസവും രാവിലെ കാപ്പിയുമായി സുജാത എത്താറുണ്ടായിരുന്നു. ചൊവ്വാഴ്ച രാവിലെ 8.30 ഓടെയാണ് സുജാത വന്നത്. വീടിന്റെ സിറ്റൗട്ടിനോട് ചേർന്ന കിടപ്പുമുറിയുടെ ജനാല കത്തിക്കരിഞ്ഞ് ചില്ലുകൾ പൊട്ടി കിടക്കുന്നതും പുക ഉയരുന്നതും കണ്ടതോടെ ജനലിലൂടെ നോക്കുമ്പോഴാണ് ഇരുണ്ട വെളിച്ചത്തിൽ മൃതദേഹങ്ങൾ കാണുന്നത്.തലേന്ന് വൈകിട്ടും സുജാത ഇവിടെയെത്തി അനുജത്തിയെയും മക്കളെയും കണ്ടതാണ്. അസ്വാഭാവികമായി ഒന്നും തോന്നിയിരുന്നില്ലെന്ന് അവർ പറഞ്ഞു. ഭിന്നശേഷിക്കാരായ രണ്ടു പെൺമക്കളെയും വളർത്താൻ പ്രസന്നയേറെ ബുദ്ധിമുട്ടി. ഭർത്താവ് ശശിധരൻപിള്ള ഒരുമാസമായി കരുനാഗപ്പള്ളിയിലെ ആശുപത്രിയിലാണ്. മക്കളുടെ കാര്യങ്ങൾക്കൊപ്പം ഭർത്താവിനെ പരിചരിക്കാനും പ്രസന്നകുമാരി ഓട്ടത്തിലായിരുന്നു.



# സമൂഹവിരുദ്ധർ സ്കൂട്ടർ കത്തിച്ചു


**മങ്കൊമ്പ് :** നെടുമുടി എട്ടാം വാർഡിൽ പുത്തൻതറ വീട്ടിൽ അനീഷ് കുമാറിന്റെ ആക്റ്റീവ സ്കൂട്ടർ സാമൂഹ്യവിരുദ്ധർ കത്തിച്ചു. തിങ്കളാഴ്ച രത്രിയിലാണ് സംഭവം. മരപ്പണി ചെയ്യുന്ന അനീഷിന്റെ വീട് പാടശേഖരത്തിലാണ്. ബണ്ടിൽ സ്കൂട്ടർ വെച്ചിട്ടാണ് ദിവസവും വീട്ടിലേക്ക് പോകാറ്. ചൊവ്വാഴ്ച പുലർച്ചെ കത്തിക്കരിഞ്ഞ നിലയിൽ കാണുകയായിരുന്നു. നെടുമുടി പൊലീസ് സ്ഥലം സന്ദർശിച്ച് കേസെടുത്തു.

# സോളാർ ക്രൂയിസർ; കായലിൽ ഇനി ജലഘോഷയാത്ര

**ആലപ്പുഴ :** കായൽ സൗന്ദര്യം ആസ്വദിച്ച് യാത്രയൊരുക്കാൻ സോളാർ ക്രൂയിസർ വരുന്നു. ടൂറിസംരംഗത്തെ ഇന്ത്യയിലെ ആദ്യ സൗരോർജ പരീക്ഷണമായ സോളാർ ക്രൂയിസർ മാർച്ച് അവസാനം സംസ്ഥാന ജലഗതാഗത വകുപ്പ് നീറ്റിലിറക്കും. പുതിയ ഊർജ മാതൃകയിൽ വമ്പനായ ബോട്ടിന്റെ നിർമാണം അവസാനഘട്ടത്തിലാണ്. ഇരുനിലകളായ ബോട്ടിന് 24 മീറ്റർ നീളവും ഏഴുമീറ്റർ വീതിയുമുണ്ട്. താഴത്തെ നില എസിയാണ്. 100 സീറ്റുണ്ട്. എല്ലാം പുഷ്ബാക്ക്. മുകൾ നിലയിൽ യോഗങ്ങളും പരിപാടികളും നടത്താനാകുന്ന ക്രമീകരണമാണ് ഒരുക്കുന്നതെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ ഷാജി വി നായർ പറഞ്ഞു. ഉൾഭാഗത്തെ സൗന്ദര്യവൽക്കരണമാണ് പുരോഗമിക്കുന്നത്. അരൂരിലാണ് നിർമാണം. 100 കിലോവാട്ടാണ് കരുതൽ ഊർജം. ക്രൂയിസറിനെ ജലരാജാവാക്കുന്നതാണ് സൗരോർജ ഉപയോഗത്തിലെ ഈ മുന്നേറ്റം. 80 കിലോവാട്ട് കരുതൽ ഊർജമാണ് നിലവിൽ ജലഗതാഗത വകുപ്പിന്റെ സൗരോർജ ഫെറി ആയ ആദിത്യയുടെ പുതിയ പതിപ്പിനുള്ളത്. അതിനും മുകളിലാകും ക്രൂയിസറിന്റെ ഊർജം. ദീർഘദൂര യാത്രയ്ക്ക് അനുയോജ്യമായതിനാൽ എറണാകുളത്താകും ഓടിക്കുക. ടൂറിസത്തിനുകൂടി പ്രാധാന്യം നൽകിയാരംഭിച്ച അതിവേഗ എസി ബോട്ട് 'വേഗ 2', വാട്ടർ ടാക്സി എന്നിവ വൻവിജയമായി. ഇതോടെയാണ് പുതുതരംഗമാകാൻ ക്രൂയിസറിനെ കൊണ്ടുവരുന്നത്. കുറഞ്ഞ ചെലവിൽ ആറുമണിക്കൂർ കായൽ സൗന്ദര്യം ആസ്വദിക്കാമെന്നതാണ് വേഗയുടെ പ്രത്യേകത. പകൽ11 ന് ആലപ്പുഴയിൽനിന്ന് പുറപ്പെട്ട് പുന്നമട, മുഹമ്മ, പാതിരാമണൽ, കുമരകം, ആർ ബ്ലോക്ക്, മാർത്താണ്ഡം കായൽ, ചിത്തിര, സി ബ്ലോക്ക്, മംഗലശേരി, കുപ്പപ്പുറം എന്നിവിടങ്ങളിലൂടെ തിരിച്ചെത്തും വിധമാണ് 'വേഗ 2 കണ്ടക്ടഡ് ടൂർ ഒരുക്കുന്നത്. 40 എസി സീറ്റും 80 നോൺ എസി സീറ്റുമുണ്ട്. എസിക്ക് 600ഉം നോൺ എസിക്ക് 400രൂപയുമാണ് നിരക്ക്. കുടുംബശ്രീയുടെ രുചികരമായ ഭക്ഷണം 100 രൂപയ്ക്ക് ലഭിക്കും. ചങ്ങനാശേരിയിൽ നിന്നാണ് വാട്ടർ ടാക്സി സർവീസ്.


# കളിച്ചും ചിരിച്ചും പഠിക്കാൻ കളർ പ്രീ സ്കൂൾ

**ആലപ്പുഴ :** കുരുന്നുകൾക്ക് പഠനം തുടങ്ങാൻ പ്രീ സ്കൂളുകളെ അണിയിച്ചൊരുക്കുകയാണ് സമഗ്രശിക്ഷാകേരളം. 472 പ്രീ സ്കൂളുകളാണ് ജില്ലയിൽ പ്രവർത്തിക്കുന്നത്. ഇതിൽ 270 എണ്ണം ഗവ. സ്കൂളുകളിലാണ്.2020-21, 2021-22ലായി മൂന്നു മാതൃക പ്രീ സ്കൂളുകൾ ജില്ലയിൽ തയാറാകും. ഇവ മാർച്ച് 30നകം ഉദ്ഘാടനത്തിന് സജ്ജമാകും. 15 ലക്ഷം രൂപ വീതമാണ് ഇതിനായി ചെലവഴിക്കുന്നത്. 162 സ്കൂളുകളിൽ താലോലം പദ്ധതിയുടെ ഭാഗമായി പഠനമൂല സജീകരിച്ചു. 62 ലക്ഷം രൂപയാണ് ചെലവഴിച്ചത്.അക്കാദമിക, ഭൗതീക, സാമൂഹിക മേഖലയ്ക്ക് തുല്യ പ്രാധാന്യം കൊടുത്താണ് പ്രീ സ്കൂൾ വികസനത്തിന് രൂപം നൽകിയിരിക്കുന്നത്. കുട്ടിയുടെ സൂക്ഷ്മ പേശി ചാലകവികാസം, ബൗദ്ധിക വികാസം, മാനസിക വൈകാരിക വികാസം പരിഗണിച്ച് എസ്സിഇആർടി കരിക്കുലം അനുശാസിക്കുന്ന രീതിയിലാണ് ഇവ. പ്രീ -സ്കൂൾ പുസ്തകമായ കളിപ്പാട്ടത്തിന്റെ അടിസ്ഥാനത്തിൽ 30 തീമുകൾ ഉൾക്കൊള്ളിച്ചാണ് സ്കൂൾ സജീകരിച്ചിരിക്കുന്നത്. വായന, ശാസ്ത്രം, ഗണിതം, അഭിനയമൂല, ചിത്രകലാ മൂല, സംഗീത മൂല, നിർമാണ മൂല എന്നിങ്ങനെ ഏഴു പ്രവർത്തനയിടങ്ങൾ 162 സ്കൂളുകളിൽ സജ്ജമാക്കി.ശിശു സൗഹൃദ ഫർണീച്ചർ, പുറം വാതിൽ കളിയുപകരണങ്ങൾ, ബിൽഡിങ് ആസ് ലേണിങ് എയ്ഡ് (ബാല) എന്നിവയ്ക്ക് 11 പ്രീ സ്കൂളുകൾക്ക് 95,000 രൂപ വീതം നൽകി.സ്കൂളും പരിസരവും പഠന വിഭവമാക്കുന്ന രീതിയിലൂടെ ആറ് വയസുമുതലുള്ള ഔപചാരിക വിദ്യാഭ്യാസത്തിന് അടിത്തറ ഒരുക്കുകയാണ് ലക്ഷ്യം.



# വീട്ടുമുറ്റത്ത് മഹിളകളുടെ പ്രതിഷേധം

**ആലപ്പുഴ :** ജനവിരുദ്ധ കേന്ദ്ര ബജറ്റിനെതിരെ അഖിലേന്ത്യ ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ കമ്മിറ്റി പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. സംസ്ഥാനത്താകെ യൂണിറ്റ് തലത്തിൽ വീട്ടുമുറ്റത്തായിരുന്നു കൂട്ടായ്മ.കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കുക, സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുക, തൊഴിലുറപ്പ് പദ്ധതി വിഹിതം നൽകുക, ആരോഗ്യമേഖലക്ക് വിഹിതം നൽകുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിയായിരുന്നു സമരം. ആലപ്പുഴയിൽ സംസ്ഥാന സെക്രട്ടറി അഡ്വ. സി എസ് സുജാത സമരം ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി, മഹിളാ അസോസിയേഷൻ ജില്ലാ സെക്രട്ടറി പ്രഭാ മധു, ലാലിവേണു, കവിത, ജയിൻ എന്നിവർ പങ്കെടുത്തു.



# ജില്ലാപ്രസിഡന്റിന് നിർണായക പങ്കെന്ന് പ്രതികൾ

**ചെങ്ങന്നൂർ :** പാണ്ടനാട് മുതവഴി ശ്രീകുമാരമംഗലം സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ താഴികക്കുടം കവർന്ന കേസിൽ ബിജെപി ജില്ലാ പ്രസിഡന്റ് എം വി ഗോപകുമാറിന് ബന്ധമുണ്ടെന്ന് നിലവിലെ പ്രതികൾ. തങ്ങളെ കള്ളക്കേസിൽ കുടുക്കുകയായിരുന്നെന്നും മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിലുണ്ട്. പുനരന്വേഷണത്തിന് ചെങ്ങന്നൂർ ഡിവൈഎസ്പി ആർ ജോസ് ഇവരുടെ മൊഴിയെടുത്തു. ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്നും ബിജെപി, കോൺഗ്രസ് നേതാക്കളെ നിയമത്തിന് മുന്നിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് കേസിലെ പ്രതികളും ബിജെപി പ്രവർത്തകരുമായ കല്ലിശ്ശേരി പാറതാഴ്ചയിൽ പി ടി ലിജു, വാഴാർമംഗലം ഇടവൂർ മഠത്തിൽ ഗീതാനന്ദൻ, ഉമയാറ്റുകര കാവിൽ പള്ളത്ത്മഠത്തിൽ കെ ടി സജീഷ്, പാണ്ടനാട് മുതവഴി ചിത്രത്തൂർമഠത്തിൽ എസ് ശരത്കുമാർ എന്നിവരാണ് പരാതി നൽകിയത്.

ക്ഷേത്രം ഉൾപ്പെടുന്ന കരയോഗത്തിന്റെ പ്രസിഡന്റാണ് എം വി ഗോപകുമാർ. താഴികക്കുടത്തിൽ വിലപിടിപ്പുള്ള ഇറിഡിയം ലോഹത്തിന്റെ സാന്നിധ്യമുണ്ടെന്ന വിവരം ഗോപകുമാർ ഉൾപ്പെടുന്ന കമ്മിറ്റിയാണ് പുറത്തുവിട്ടത്.ഇതോടെ താഴികക്കുടം വാങ്ങാൻ പല സ്വകാര്യകമ്പനികളും കോടികൾ വാഗ്ദാനം ചെയ്തതായി അറിവുണ്ടെന്ന് പരാതിയിലുണ്ട്. കരയോഗം കമ്മിറ്റി കാവലിന് 10പേരെ നിയോഗിച്ചിരുന്നു. മോഷണം നടക്കുന്നതിന് ഒരാഴ്ച മുമ്പ് കാവൽക്കാരെ ഒഴിവാക്കി. 2011 ഒക്ടോബർ 19 രാത്രിയാണ് മോഷണം.അന്നത്തെ ചെങ്ങന്നൂർ ഡിവൈഎസ്പി നരേന്ദ്രബാബുവിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. എസ്ഐ ശ്രീമോൻ ക്ഷേത്രത്തിൽ മോഷണ സാധ്യതയുണ്ടെന്ന് അറിയിച്ചിരുന്നതല്ലേയെന്നും നിങ്ങൾ അറിഞ്ഞാവുമല്ലോ സംഭവമെന്നും ഗോപകുമാറിനോട് ചോദിച്ചത് കേട്ടിരുന്നെന്നും പരാതിയിലുണ്ട്. ചോദ്യംചെയ്യലിൽ സത്യസന്ധമായാണ് മൊഴികൊടുത്തതെന്ന് അഞ്ചാം പ്രതി ശരത്കുമാർ പറഞ്ഞു. ഗോപകുമാറിന്റെയും സുഹൃത്തായ അഭിഭാഷകന്റെയും വീട്ടിലും ചെങ്ങന്നൂർ ആർഎസ്എസ് കാര്യാലയത്തിലും ആലോചനയോഗങ്ങൾ നടത്തിയിരുന്നതായും മൊഴിനൽകിയിരുന്നു. ഇയാൾ പ്രതിയാകുമെന്ന ഘട്ടം വന്നപ്പോൾ അന്ന് കെപിസിസി അംഗമായിരുന്ന കെ എൻ വിശ്വനാഥൻ ഇടപെട്ടു. ഗോപകുമാറിനെ ചോദ്യം ചെയ്യുന്നത് തടഞ്ഞ് പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കി. തന്റെ ഉടമസ്ഥതയിലുള്ള കുടുംബവക ക്ഷേത്രം ഗോപകുമാറും കരയോഗവും കൈവശപ്പെടുത്തി. ക്ഷേത്രം തിരികെ ലഭിക്കാൻ ചെങ്ങന്നൂർ മുനിസിഫ് കോടതിയിൽ കേസ് ഫയൽചെയ്തു. ഇതിന്റെ വൈരാഗ്യത്തിലാണ് തന്നെ പ്രതിയാക്കിയത്. ശരത് പറഞ്ഞു.

# എംജി സർവകലാശാലയെ കള്ളന്മാരുടെ കേന്ദ്രമാക്കി: തിരുവഞ്ചൂർ രാധാകൃഷ്ണൻ

**അതിരമ്പുഴ:** രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നാമധേയത്തിലുള്ള സർവകലാശാലയെ ഇടതു സർക്കാർ കള്ളന്മാരുടെ കേന്ദ്രമാക്കി മാറ്റിയെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ. ഇവിടെ ഇപ്പോൾ പഠനവും പഠിപ്പീരുമല്ല, അഴിമതി എങ്ങനെ നടത്താം എന്നതിനെക്കുറിച്ചുള്ള ഗവേഷണമാണ് നടക്കുന്നതെന്ന് അദ്ദേഹം ആരോപിച്ചു. ഒരു ജീവനക്കാരിയെ ബലിയാടാക്കി, ഇപ്പോൾ ഉണ്ടായിട്ടുള്ള വിജിലൻസ് കേസിൽനിന്നു രക്ഷപ്പെടാനാണ് സിൻഡിക്കറ്റ് ശ്രമിക്കുന്നത്. ഈ മാർക്ക് ലിസ്റ്റ് കച്ചവടത്തിനു പിന്നിൽ ഉന്നതർ ഉൾപ്പടെയുള്ള വൻ റാക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്ന്



തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അതിരമ്പുഴയിൽ യൂണിവേഴ്സിറ്റി ആസ്ഥാനത്ത് യുഡിഎഫ് നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന വായ് മൂടിക്കെട്ടി സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പരീക്ഷാഭവനിൽ നടക്കുന്ന മാർക്ക് ലിസ്റ്റ് കച്ചവടത്തിലെ പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്യണമെന്നും യൂണിവേഴ്സിറ്റിയിൽ നടക്കുന്ന അഴിമതികളെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടാണ് ധർണ നടത്തിയത്. കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് കെ.ജി. ഹരിദാസ് നേതൃത്വം നൽകിയ ധർണയിൽ മോൻസ് ജോസഫ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തി. ജോസി സെബാസ്റ്റ്യൻ, സജി മഞ്ഞക്കടമ്പൻ, കുഞ്ഞ് ഇല്ലംപള്ളി, പ്രിൻസ് ലൂക്കോസ്, ജയ്സൺ ജോസഫ്, ഫിൽസൺ മാത്യൂസ്, മൈക്കിൾ ജയിംസ്, അഗസ്റ്റിൻ ജോസഫ്, ജോറോയി പൊന്നാറ്റിൽ, എസ്. സുധാകരൻ നായർ, കെ.പി. ദേവസ്യാ, ബിജു വലിയമല, ജോസ് അമ്പലക്കുളം, ജോയി പൂവംനിൽകുന്നേൽ, ബി. മോഹനചന്ദ്രൻ, ജോബിൻ ജേക്കബ്, സാബു പീടിയേക്കൽ, ബിനു ചെങ്ങളം, ജയിംസ് തോമസ്, സജി തടത്തിൽ, അന്നമ്മ മാണി തുടങ്ങിയവർ പ്രസംഗിച്ചു.

## അറിയിപ്പ്

### അപേക്ഷിക്കാം



**കോട്ടയം:** ജനറൽ ആശുപത്രിയിലേക്ക് ദേശീയ ആരോഗ്യദൗത്യം പദ്ധതിയുടെ കീഴിൽ മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ് ഉൾപ്പെടെ നാല് തസ്തികകളിലെ 21 ഒഴിവുകളിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്കാണ് നിയമനം. 40 വയസിൽ താഴെയുള്ള നിശ്ചിതയോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോവിഡ് ബ്രിഗേഡിൽ മുൻകാലത്ത് ജോലി ചെയ്തിരുന്നവർക്ക് മുൻഗണനയുണ്ട്. താൽപര്യമുള്ളവർ ബയോഡേറ്റയും കോവിഡ് ബ്രിഗേഡായി ജോലി ചെയ്തിരുന്നുവെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം covidhrghktm2022@gmail.coം എന്ന മെയിൽ വിലാസത്തിലേക്ക് ഫെബ്രുവരി മൂന്നിന് രാവിലെ 11.30 നു മുമ്പായി അപേക്ഷ അയയ്ക്കുക. തസ്തിക, ഒഴിവുകളുടെ എണ്ണം, യോഗ്യത എന്നീ ക്രമത്തിൽ. മെഡിക്കൽ ഓഫീസർ (4) എം.ബി.ബി.സ്/റ്റി.സി.എം.സി. രജിസ്ട്രേഷൻ, സ്റ്റാഫ് നഴ്സ്(10) –ബി.എസ്.സി. നഴ്സിംങ്/ജി.എൻ.എം കേരള നഴ്സിംങ് കൗൺസിൽ രജിസ്ട്രേഷൻ, ഡേറ്റ എൻട്രി ഓപ്പറേറ്റർ(4) –പ്ലസ്ടു/വി.എച്ച്.എസ്.ഇ./പ്രീഡിഗ്രി/ഡി.സി.എ./പി.ജി.ഡി.സി.എ –ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ആൻഡ് മലയാളം, ഡയാലിസിസ് ടെക്നീഷ്യൻ (3) –ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ്/പി.ജി. ഡിപ്ലോമ ഇൻ ഡയാലിസിസ് ടെക്നിക്സ്.

## നഗരത്തിലെ ശുദ്ധജല പ്രതിസന്ധിക്കു പരിഹാരം

**കോട്ടയം:** നാട്ടകം – കുമാരനല്ലൂർ ഭാഗത്തേക്കുള്ള ജലവിതരണ പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചു. കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതോടെ ഈ മേഖലകളിലെ ശുദ്ധജല പ്രതിസന്ധിക്കു പരിഹാരമാകും. ഹൈ ലെവൽ ടാങ്കിൽനിന്നാണു പുതിയ പൈപ്പ് വഴി ശുദ്ധജലവിതരണം നടത്തുക. അതിനാൽ ഉയർന്ന മേഖലകളിൽ ശുദ്ധജലം ലഭിക്കുന്നില്ലെന്ന പരാതിയും പരിഹരിക്കാനാകും. കുമാരനല്ലൂർ മേഖലയിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിന് ഇഞ്ചേരിക്കുന്ന് ടാങ്കിൽനിന്നും എസ്എച്ച് മൗണ്ട് ടാങ്കിലേക്കു പുതിയ പൈപ്പ് ലൈൻ പൂർത്തിയായിക്കഴിഞ്ഞു. ചവിട്ടുവരി – തിരുവഞ്ചൂർ റോഡിലെ ഇഞ്ചേരിക്കുന്ന് ടാങ്കിൽനിന്നാണ് എസ്എച്ച് മൗണ്ട് ടാങ്കിലേക്ക് ശുദ്ധജലം എത്തിക്കുന്നത്. ഇഞ്ചേരിക്കുന്ന് ടാങ്കിൽനിന്ന് എസ്എച്ച് മൗണ്ട് ടാങ്ക് വരെ നാലു കിലോമീറ്റർ ദൂരത്തിൽ സ്ഥാപിച്ചിരുന്ന പൈപ്പ് കാലഹരണപ്പെട്ടു പൊട്ടുന്നത് പതിവായിരുന്നു. ഇതിനു പരിഹാരമായിട്ടാണ് ഇവിടെ പുതിയ 300 എംഎം പൈപ്പ് സ്ഥാപിച്ചത്. നിലവിൽ കഞ്ഞിക്കുഴി, മുട്ടമ്പലം ഭാഗത്തെ ജോലികളും പുരോഗമിക്കുകയാണ്. ഈ ഭാഗത്ത് റോഡിന്റെ ഒരു വശത്തെ പൈപ്പിടൽ പൂർത്തിയായിട്ടുണ്ട്. മറുഭാഗത്തെ പൈപ്പിടലിനായുള്ള ഡ്രഡ്ജിംഗ് പണികൾ ഉടൻ ആരംഭിക്കുമെന്ന് വാട്ടർ അഥോറിറ്റി അസിസ്റ്റന്റ് എൻജിനിയർ അറിയിച്ചു. കളക്ടറേറ്റ് മുതൽ കഞ്ഞിക്കുഴി വരെയും കളക്ടറേറ്റിലെ ടാങ്കിൽനിന്നും കെകെ റോഡിലേക്കുമുള്ള പണികൾക്കായി അനുമതി ചോദിച്ചിരുന്നെങ്കിലും ഇതുവരെ അനുമതി ലഭിക്കാത്തതിനാൽ പണി തുടങ്ങാനാകാത്ത അവസ്ഥയാണ്. നാട്ടകം പദ്ധതിക്കുവേണ്ടി ഈരയിൽക്കടവ് മുതൽ മണിപ്പുഴ ഭാഗം വരെ പൈപ്പ് സ്ഥാപിച്ചിട്ടുണ്ട്. ഇനി നാട്ടകം ഭാഗത്തേക്കു പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എംസി റോഡിന്റെ ചില ഭാഗത്തു കുഴിയെടുക്കേണ്ടിവരും. ഇനി മണിപ്പുഴ മുതൽ മറിയപ്പള്ളി വരെയുള്ള ഭാഗത്തു റോഡിന്റെ മറുവശത്തുകൂടിയും പൈപ്പ് ഇടണം. ഇതിനും ദേശീയപാത അഥോറിറ്റിയുടെയും പൊതുമരാമത്തു വകുപ്പിന്റെയും അനുമതി ആവശ്യമാണ്.

## ഓൺലൈനിലും ആവേശം ചോരാതെ മത്സരാർഥികൾ

**കോട്ടയം:** ജില്ലയിലെ 13 സബ്ജില്ലകളിൽനിന്നും രണ്ടായിരത്തോളം മത്സരാർഥികൾ വിജ്ഞാന പേരാരാട്ടത്തിൽ പങ്കുചേർന്നു. വീടുകളിലിരുന്ന് കംപ്യൂട്ടറിലും ലാപ്ടോപ്പിലും മൊബൈൽ ഫോണിലുമാണ് വിദ്യാർഥികൾ ക്വിസിൽ പങ്കെടുത്തത്. പങ്കെടുക്കേണ്ടതു സംബന്ധിച്ച്നിർദേശങ്ങൾ ലഭിച്ചിരുന്ന മത്സരാർഥികൾ കൃത്യസമയത്തു തന്നെ ഓൺലൈനിൽ മത്സരത്തിൽ പങ്കെടുത്തു. ഇരുപത്തിയഞ്ച് ചോദ്യങ്ങളുള്ള മത്സരത്തിന് 25 മിനിറ്റായിരുന്നു സമയം. മാസങ്ങൾ നീണ്ട തയ്യാറെടുപ്പ്നടത്തിയ വിദ്യാർഥികൾ പലരും അതിന്റെ പകുതി സമയം കൊണ്ട് മത്സരം പൂർത്തിയാക്കി. എൽപി മുതൽ ഹയർസെക്കൻഡറി വരെ നാല് വിഭാഗങ്ങളിലായി നടന്ന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയവർക്ക് ജില്ലാതല മത്സരത്തിൽ പങ്കെടുക്കാം അക്ഷരമുറ്റം അക്കാദമിക് കമ്മിറ്റി ഉത്തരങ്ങൾ പരിശോധിച്ച് വിജയികളെ നിശ്ചയിക്കും. ഉത്തരങ്ങളുടെ പരിശോധന നടന്നുവരികയാണ്. വിജയികളുടെ പേരുവിവരങ്ങൾ വൈകാതെ സൈറ്റിൽ അപ്ലോഡ് ചെയ്യും. മത്സരത്തിൽ ആകെ ലഭിക്കുന്ന സ്കോർ ടൈ വന്നാൽ ഉത്തരം നൽകാനെടുത്ത സമയംകൂടി പരിഗണിക്കും. അതിലും ടൈ വന്നാൽ അവസാന അഞ്ച് ചോദ്യങ്ങളുടെ സ്കോറും, വീണ്ടും ആവശ്യം വന്നാൽ അതിന് എടുത്ത സമയവും കണക്കാക്കിയാണ് വിജയിയെ നിർണയിക്കുന്നത്.

### ചരമം

**വി.സി.കുര്യൻ**

**പൂഴിക്കോൽ:**വട്ടത്തറയിൽ വി.സി.കുര്യൻ (75) അന്തരിച്ചു. സംസ്കാരം ഇന്നലെ 10ന് വസതിയിൽ ശുശ്രൂഷയ്ക്ക് ശേഷം സെന്റ് ലൂക്ക്സ് ക്നാനായ കത്തോലിക്കാ പള്ളിയിൽ. ഭാര്യ: കല്ലറ കാവിമറ്റത്തിൽ വി.പി.മേരി. മക്കൾ: ബിനോയി, ബിന്ദു (യുകെ), പരേതനായ ബെന്നി. മരുമക്കൾ: മോൾബി, ഷെറിൻ

### മസ്റ്ററിങ് നടത്തണം

**കോട്ടയം:** കേരളാ കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡിലെ 2019 ഡിസംബർ 31 വരെയുള്ള പെൻഷൻകാരിൽ ഇതുവരെ മസ്റ്ററിങ് നടത്താത്തവർ ബയോമെട്രിക് മസ്റ്ററിങ് നടത്തണമെന്ന് ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. ഫെബ്രുവരി 20 വരെ അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിങ് നടത്താം. നിലവിൽ മസ്റ്ററിങ് നടത്തിയിട്ടുള്ളവർക്കും 2019 ഡിസംബർ 31 ന് ശേഷമുള്ളവർക്കും മസ്റ്ററിങ് ചെയ്യേണ്ടതില്ല. ബയോമെട്രിക് മസ്റ്ററിങ് പരാജയപ്പെടുന്നവർ ഫെബ്രുവരി 28നകം ജില്ലാ ഓഫീസിൽ ലൈഫ് സർട്ടിഫിക്കറ്റ് നൽകണം.

## ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കണം

**കുമരകം:** അയ്മനത്തെയും കുമരകത്തെയും ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കണമെന്ന ആവശ്യം ശക്തമായി. നാഷണൽ ഹെൽത്ത് മിഷൻ മുഖേന താത്കാലികമായി നിയമിച്ചിരുന്ന ഡോക്ടർമാരെയും ജീവനക്കാരെയും പിൻവലിക്കുകയും ശേഷിച്ചവരിൽ ചിലർ കോവിഡ് ബാധിച്ച് അവധിയിൽ പ്രവേശിക്കുകയും ചെയ്തതാണ് ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിച്ചിരിക്കുന്നത്. ജീവനക്കാർ കുറഞ്ഞത് രോഗികൾക്കു ഏറെ ബുദ്ധിമുട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അയ്മനം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽനിന്നും രണ്ടു ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെയാണ് പിൻവലിച്ചിരിക്കുന്നത്. എട്ട് ഡോക്ടർമാർ സേവനം അനുഷ്ഠിച്ചിരുന്ന കുമരകം സാമൂഹ്യരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ മൂന്നു ഡോക്ടർമാരുടെ സേവനമേ ലഭിക്കുന്നുള്ളൂ. ഇതോടെ രോഗികൾക്ക് ചികിത്സ ലഭിക്കാൻ ഏറെ കാത്തിരിക്കേണ്ടി വരുന്നു. പരാതി പരിശോധിക്കാനായി ഇന്നലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറിൻറെ താത്കാലിക ചുമതല വഹിക്കുന്ന തോമസ് കോട്ടൂരും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ കവിതാ ലാലുവും സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സന്ദർശനം നടത്തിയിരുന്നു. ജീവനക്കാരുടെ കുറവ് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും പ്രധാന അറ്റകുറ്റപ്പണികൾ അടുത്ത ദിവസം ആരംഭിക്കുമെന്നും ആക്ടിംഗ് പ്രസിഡന്റ് പറഞ്ഞു. നിലവിലെ സാഹചര്യം ചർച്ചചെയ്തു പരിഹാരം കണ്ടെത്താൻ അടിയന്തരമായി ആശുപത്രി വികസന സമിതി കൂടണമെന്ന ആവശ്യവും ശക്തമാണ്.


## പാലം നിർമാണം അവസാന ഘട്ടത്തിൽ

**വെച്ചൂർ:** വൈക്കം – വെച്ചൂർ –കൈപ്പുഴമുട്ട് റോഡിലെ അഞ്ചുമന പാലത്തിന്റെ നിർമാണം അവസാന ഘട്ടത്തിലേക്ക്. പാലത്തിന്റെ ടോപ്പ് സ്ലാബ് വാർക്കാനായി കമ്പി വിരിച്ചു. സൈഡ് ഷട്ടർ ചെയ്ത് ഏതാനും ദിവസങ്ങൾക്കകം പാലത്തിൻെ മേൽത്തട്ട് വാർക്കാനാകും. പാലത്തിന്റെ ഉയരം കൂട്ടണമെന്ന പ്രദേശവാസികളുടെ ആവശ്യത്തെത്തുടർന്ന് പാലത്തിന്റെ ഉയരം കൂട്ടിയിരുന്നു. അടുത്ത മഴക്കാലത്തിനു മുമ്പ് പാലവും സമീപറോഡും പൂർത്തിയാക്കി നാടിനു സമർപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. കിഫ്ബിയിൽ ഉൾപ്പെടുത്തി 11.75 മീറ്റർ വീതിയിൽ ആധുനിക നിലവാരത്തിൽ വൈക്കം – വെച്ചൂർ റോഡ് പുനർനിർമിക്കുന്നതിന്റെ ഭാഗമായാണ് അഞ്ചുമന തോടിനു കുറുകെ ഉണ്ടായിരുന്ന പാലം പുനർനിർമിക്കുന്നത്. അരനൂറ്റാണ്ട് പഴക്കമുള്ള ജീർണിച്ച് അപകട സ്ഥിതിയിലായിരുന്ന കലുങ്ക് പൊളിച്ചു നീക്കിയാണ് 18 മീറ്റർ നീളത്തിൽ പാലം പുനർ നിർമിക്കുന്നത്. മൂന്നുകോടി മുപ്പത്തൊന്നുലക്ഷം രൂപ വിനിയോഗിച്ചു നിർമിക്കുന്ന പാലത്തിന്റെ നിർമാണ കരാർ 2020 ഒക്ടോബർ 22നു ഏറ്റെടുത്ത കരാറുകാരൻ 2021 ഒക്ടോബർ 21നകം പാലം പൂർത്തിയാക്കി നാടിനു സമർപ്പിക്കുമെന്നാണ് അധികൃതർ അറിയിച്ചിരുന്നത്. കരാർ കാലാവധിയും കഴിഞ്ഞു മാസങ്ങൾ പിന്നിട്ടിട്ടും നിർമാണ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ് നടന്നത്. വീതി കുറഞ്ഞ നാട്ടുതോടിനു കുറുകെയുള്ള പാലത്തിന്റെ നിർമാണം ദ്രുതഗതിയിലാക്കിയിരുന്നെങ്കിൽ ആറുമാസം മുമ്പെങ്കിലും പാലം തീരുമായിരുന്നു. ഇതേറൂട്ടിൽ സമാന നീളത്തിലുള്ള അപകട നിലയിലായ വെച്ചൂർ പുത്തൻപാലം ഏതാനും വർഷങ്ങൾക്കു മുമ്പ് മൂന്നു മാസത്തിനകം പൂർത്തിയാക്കിയിരുന്നു. അഞ്ചുമന പാലത്തിന്റെ നിർമാണം ആരംഭിച്ചതിനെത്തുടർന്ന് ഗതാഗത തടസമൊഴിവാക്കാൻ തീർത്ത സമാന്തര പാത തകർന്നു ഗതാഗതം ദുഃസഹമായിരിക്കുകയാണ്.



## അറിയിപ്പ്

### ടെണ്ടർ നോട്ടീസ്





2021–2022 സാമ്പത്തിക വർഷത്തിൽ വനിത ശിശു വികസന വകുപ്പിനു കീഴിൽ അടിമാലി ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിൽ പ്രവർത്തിക്കുന്ന 105 അങ്കണവാടികളിലേയ്ക്കും 5 മിനി അങ്കണവാടികളിലേയ്ക്കും ആവശ്യമുള്ള കണ്ടിജൻസി സാധനങ്ങൾ, ഫോമുകൾ, രജിസ്റ്ററുകൾ എന്നിവ വിതരണം ചെയ്ത് നൽകുന്നതിന് തയ്യാറുള്ള വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ക്വട്ടേഷൻ ക്ഷണിക്കുന്നു. അടങ്കൽതുക 215000/,നിരതദ്രവ്യം – 2150/,ടെണ്ടർ ഫോമിന്റെ വില – 400 രൂപ. ടെണ്ടർ ഫോമുകൾ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ മുകൾനിലയിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ് പോജക്ട് ആഫീസിൽ നിന്നും നിശ്ചിത വില നല്കി പ്രവർത്തി ദിവസങ്ങളിൽ വാങ്ങാവുന്നതാണ്. മുദ്ര വെച്ച ടെണ്ടറുകൾ 2022 ഫെബ്രുവരി 8 ചൊവ്വാഴ്ച ഉച്ചയ്ക്ക് 2.00 മണി വരെ ആഫീസിൽ സ്വീകരിക്കുന്നതും അന്നേ ദിവസം 3.00 മണിയ്ക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ടെണ്ടറുകൾ സമർപ്പിക്കുന്ന കവറിനു മുകളിലായി 'ടെണ്ടർ – അങ്കണവാടികളിലേയ്ക്കുള്ള കണ്ടിജൻസി – 2021–22' എന്ന് രേഖപ്പെടുത്തേണ്ടതും ശിശുവികസനപദ്ധതി ആഫീസർ, ഐസിഡിഎസ് അടിമാലി എന്ന മേൽവിലാസത്തിലും സമർപ്പിക്കേണ്ടതാണ്. ടെണ്ടർ ലഭിച്ച സ്ഥാപനം / വ്യക്തികൾ അടങ്കൽ തുകയുടെ 5% ട്രഷറിയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ചെയ്യേണ്ടതും 200/ രൂപയുടെ മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഐ.സി.ഡി.എസ്.ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ.04864–223966



# കാണാതായ മൂന്നു പേരുടെ മൃതദേഹം കണ്ടെത്തി

**ഇടുക്കി:** ഉടുമ്പൻചോല കുത്തുങ്കലിൽ മൂന്നു പേരുടെ മൃതദേഹം കണ്ടെത്തി. ഒരു സ്ത്രീയുടെയും രണ്ടു പുരുഷൻമാരുടെയും മൃതദേഹമാണ് കണ്ടെത്തിയത്. ഇതര സംസ്ഥാന തൊഴിലാളികളായ ഇവരെ തിങ്കളാഴ്ച മുതൽ കാണാതായിരുന്നു. പോലീസും അഗ്നിശമനസേനയും സ്ഥലത്തെത്തിയിട്ടുണ്ട്.

### ചരമം



**വർഗ്ഗീസ് പി.സി**

**ഒറ്റല്ലൂർ** :പീടിയ്കപാറയിൽ വർഗ്ഗീസ് പി.സി(76,റിട്ട എച്ച്.എം സെന്റ് സെബാസ്റ്റ്യൻസ് എച്ച് എസ് പുറപ്പുഴ) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ :എൽസമ്മ കരിമണ്ണൂർ ചാവണിയാങ്കൽ കുടുംബാംഗം.മക്കൾ:ദീപ (എച്ച്.എം.എസ്.എച്ച്.എൽ.പി.എസ് ആയവന), ദീപു( യു.കെ), സി.ദീപ്തി എസ്.എ.ബി.എസ് ( സെന്റ് ആന്റണിസ് എച്ച്.എസ്.എസ് പൂഞ്ഞാർ).മരുമക്കൾ; ജോമോൻ പോൾ ( ആയവന),അനു(യു.കെ ,കാഞ്ഞിരകൊമ്പിൽ കോലടി).

## മദ്യവിൽപന; രണ്ടുപേർ അറസ്റ്റിൽ



**അടിമാലി:** ഡ്രൈഡേയിൽ അനധികൃത മദ്യവിൽപനയുമായി ബന്ധപ്പെട്ട് രണ്ടുപേരെ അറസ്റ്റ് ചെയ്തു. കുഞ്ചിത്തണ്ണി ഭാഗത്ത് അടിമാലി എക്സൈസ് റേഞ്ച് സംഘം നടത്തിയ റെയ്ഡിലാണ് മദ്യവിൽപ്പനക്കാരനെ അറസ്റ്റ് ചെയ്തത്.മദ്യം വിൽപന നടത്തി വന്നിരുന്ന എല്ലക്കൽ സ്വദേശിയായ മൂക്കിരിക്കാട്ടിൽ ശശിധരൻ (55), പൊതുസ്ഥലത്ത് മദ്യപിച്ച കുറ്റത്തിന് ആമക്കണ്ടം സ്വദേശിയായ പാറയ്ക്കൽ ഷാജി സുരേന്ദ്രൻ (45) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കുഞ്ചിത്തണ്ണി ടൗണിലെ കടമുറിക്കുള്ളിൽ മദ്യവിൽപന നടത്തി വരുന്നതിനിടെയാണ് ശശിധരൻ പിടിയിലായത്.അഞ്ചുലിറ്റർ മദ്യവും എക്സൈസ് സംഘം പരിശോധനയിൽ കണ്ടെടുത്തു. ഷാജി സുരേന്ദ്രനെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. ശശിധരനെ അടിമാലി കോടതിയിൽ ഹാജരാക്കി. അവധി ദിവസങ്ങളിൽ മദ്യം ശേഖരിച്ചു വച്ച് വിൽപ്പന നടത്തുന്നതായി ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രിവന്റീവ് ഓഫീസർ പി.എച്ച് ഉമ്മറിന്റെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിൽ സിവിൽ എക്സൈസ് ഓഫീസർമാരായ മീരാൻ കെ.എസ്, ശ്രീജിത്ത് എം.എസ്, ലിബിൻ രാജ് ബി.എൽ, ഡ്രൈവർ ശരത് എസ്പി എന്നിവരും പങ്കെടുത്ത

## വനമേഘലകയിൽ വസന്തകാലം

**അടിമാലി:** നേര്യമംഗലം വനമേഖലയിൽ മുളകൾ കൂട്ടമായി പൂത്തുതുടങ്ങി. അപൂർവമായ പൂക്കാലത്തിനാണ് നഗരംപാറ, വാളറ വനഭാഗങ്ങൾ സാക്ഷിയാകുന്നത്. ഗ്രിഗേറിയസ് ഫ്ളവറിംഗ് എന്നറിയപ്പെടുന്ന മുളയുടെ ആയുസിൽ സംഭവിക്കുന്ന കൂട്ടമായുള്ള പൂക്കലാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളതെന്ന് നഗരംപാറ ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ജിജി സന്തോഷ് പറഞ്ഞു. 60 മുതൽ 130 വർഷത്തിനിടയിൽ സംഭവിക്കുന്ന അപൂർവ പ്രതിഭാസമാണ് മുളയുടെ പൂക്കാലം. അന്ത്യത്തിൽ പുഷ്പിച്ച് ആയിരക്കണക്കിന് അരിമണികൾ അന്നമായും വിത്തായും നൽകിയാണ് ഭൂമിയിൽനിന്ന് മുളങ്കാടുകൾ വിടചൊല്ലുന്നത്. മുളകൾ പൂത്താൽ പിന്നെ മുളന്തണ്ട് ഉണങ്ങി നശിക്കും. മുളയരി മുളച്ച് വീണ്ടും മുളങ്കാടുകൾ ഉണ്ടാകണമെങ്കിൽ എട്ടുമുതൽ പത്തുവരെ വർഷമെടുക്കും. എന്നാൽ, മുളയരി ധാരാളമായി ഉണ്ടാകുന്നതോടെ വനത്തിൽ എലികളും കീടങ്ങളും പെരുകുകയും പക്ഷികൾ കൂട്ടമായെത്തി ഇവ ഭക്ഷിക്കുകയും ചെയ്യും. ഇതെല്ലാം അതിജീവിച്ചുണ്ടാകുന്ന മുളങ്കാടുകളെ കാട്ടാന അടക്കം വന്യമൃഗങ്ങൾ നശിപ്പിക്കാനും സാധ്യതയുണ്ട്. പുല്ല് വംശത്തിലെ ഏറ്റവും വലിയ ചെടിയായ മുള ബാംബുസ വൾഗാരിസ് എന്ന ശാസ്ത്രനാമത്തിലാണ് അറിയപ്പെടുന്നത്. ഗ്രാമിനെ (പോയേസ) സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന മുള പൂക്കുന്നതോടുകൂടി ഉണങ്ങി നശിക്കും. ഇതോടെ ഈ മേഖലയിൽ മുളകളുടെ ലഭ്യതയും കുറയും. സസ്യഭുക്കുകളായ വന്യമൃഗങ്ങളുടെ ഭക്ഷ്യലഭ്യതയും കുറയും. കാട്ടുതീക്കും ഇത് കാരണമാണ്. മുളയരി പോഷകസമൃദ്ധമായ ഒരു വന വിഭവമാണെന്നു മാത്രമല്ല നെല്ലരികൊണ്ടുള്ള എല്ലാ പലഹാരങ്ങളും ഇതുകൊണ്ടും ഉണ്ടാക്കാം. മുളയരി കിലോക്ക് 400 രൂപ മുതൽ 600 രൂപവരെ വിലയുണ്ട്. മുളയരി പായസം സുപരിചിതമായ ഒരു വിഭവമാണ്. 1905ലെ ബംഗാൾ ക്ഷാമ കാലത്ത് ആദിവാസികളിൽ നിന്നാണ് നാട്ടുകാർ മുളയരിയുടെ ഉപയോഗം മനസിലാക്കിയതെന്നാണ് ചരിത്രം. ഇവിടങ്ങളിൽ മുളകൾ വീണ്ടും പുനർജനിക്കും എന്ന പ്രതീക്ഷയിലാണ് വനംവകുപ്പധികൃതർ.

## പ്രാഥമിക കോവിഡ് ചികിത്സാകേന്ദ്രം ശുചീകരണം നടത്തി

**നെടുങ്കണ്ടം:** നെടുങ്കണ്ടം കരുണ ആശുപത്രിയിൽ പ്രവർത്തനം പുനരാരംഭിക്കുന്ന പ്രാഥമിക കോവിഡ് ചികിത്സാകേന്ദ്രം സിപിഐ എം നെടുങ്കണ്ടം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ശുചീകരിച്ചു. ഉടുമ്പൻചോല താലൂക്കിൽ കോവിഡ് വ്യാപനം രൂക്ഷമാവുന്ന സാഹചര്യത്തിലാണ് പ്രാഥമിക കോവിഡ് ചികിത്സാകേന്ദ്രം തുറക്കാൻ തീരുമാനിച്ചത്. കോവിഡ് വ്യാപനം കുറഞ്ഞതോടെ മൂന്ന് മാസംമുമ്പ് പ്രവർത്തനം നിർത്തിയിരുന്നു. തിങ്കളാഴ്ച ചേർന്ന ബ്ലോക്ക് പഞ്ചായത്ത് അവലോകനയോഗത്തിലും ചികിത്സാകേന്ദ്രം പുനരാരംഭിക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായാണ് ആശുപത്രിയും



പരിസരവും ശുചീകരിക്കാൻ സിപിഐ എം, ഡിവൈഎഫ്ഐ പ്രവർത്തകർ തീരുമാനിച്ചത്. സിപിഐ എം ജില്ലാ കമ്മിറ്റിയംഗങ്ങളായ പി എൻ വിജയൻ, ടി എം ജോൺ, രമേഷ് കൃഷ്ണൻ, ഏരിയ സെക്രട്ടറി വി സി അനിൽ, എം എ സിറാജുദ്ദീൻ, സി വി ആനന്ദ്, ജോമോൻ ജോസ് എന്നിവർ നേതൃത്വം നൽകി.

## റോഡ് നിർമാണം ; ദുരിതത്തിൽ

**ചപ്പാത്ത്:** അടിമുടി അപാകതയുമായി കെ. ചപ്പാത്ത്- ശാന്തിപ്പാലം റോഡ് നിർമാണം. ജില്ലാ പഞ്ചായത്തിൽ നിന്നും 15 ലക്ഷം രൂപ അനുവദിച്ച് ജോലികൾ ആരംഭിച്ചെങ്കിലും റോഡിലെ കുഴികളുള്ള ഭാഗം ഒഴിവാക്കി നിസാര ദൂരം ടാർ ചെയ്ത് പണികൾ അവസാനിപ്പിക്കാനാണ് കരാറുകാരന്റെ നീക്കം.ഇതിനെതിരെ പ്രദേശവാസികൾ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്.ഉപ്പുതറ- വണ്ടിപ്പെരിയാർ റോഡിന്റെ ഭാഗമാണ് ചപ്പാത്ത്- മരുതുംപേട്ട- ശാന്തിപ്പാലം റോഡ് വണ്ടിപ്പെരിയാർ, കുമളി പ്രദേശങ്ങളിലേക്ക് ഏറ്റവും വേഗത്തിൽ എത്താൻ സാധിക്കുന്ന റോഡ് വർഷങ്ങളായിഅവഗണനയുടെ വക്കിലാണ്. വർഷങ്ങളായി തകർന്നുകിടന്നിരുന്ന റോഡ്നന്നാക്കാൻ തെരഞ്ഞെടുപ്പ്സമയത്ത് അയ്യപ്പൻകോവിൽ പഞ്ചായത്തിൽനിന്നും ഫണ്ട് അനുവദിച്ചിരുന്നു. ഇലക്ഷൻ സമയത്ത്ജനങ്ങളുടെ കണ്ണിൽപൊടിയിടാൻ അറ്റവും മൂലയും ടാർ ചെയ്തതോടെ ഫണ്ട് തീർന്നെന്ന കാരണം പറഞ്ഞ് നിർമാണം നിലച്ചു.നിലവിൽ മരുതുംപേട്ട ഫാക്ടറി മുതൽ സൊസൈറ്റിവരെയുള്ള ഭാഗം പൊട്ടിപ്പൊളിഞ്ഞ് വലിയ കുഴികൾ രൂപപ്പെട്ടിരിക്കുകയാണ്. ചെറിയ വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും കടന്നു പോകാൻ കഴിയാത്ത വിധം റോഡ്തകർന്നിട്ടും അധികൃതർ ഇവിടേക്ക്തിരിഞ്ഞുനോക്കിയിരുന്നില്ല. തുടർന്ന്ജില്ലാ പഞ്ചായത്തിൽനിന്നും അനുവദിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് കഴിഞ്ഞ ദിവസം നിർമാണം ആരംഭിച്ചെങ്കിലും റോഡിലെ വലിയ കുഴികൾ അടക്കാതെ ടാറിങ് പൂർത്തിയാക്കാനുള്ള നീക്കത്തിലാണ് കരാറുകാർ. കുഴികൾ കുറവുള്ള ഭാഗം മാത്രം ടാർ ചെയ്യുകയും കുഴികൾ കൂടുതലുള്ളതും ഗതാഗതം ദുസഹമായതുമായ ഭാഗത്ത് അറ്റകുറ്റപ്പണി പോലും നടത്താതെയും നിർമാണം നിർത്താനാണ് ഇപ്പോൾ നീക്കം നടക്കുന്നത്. റോഡ് ടാറിങ്ങിനും ഐറിഷ്മോഡൽ ഓടക്കുമായിട്ടാണ് പണം അനുവദിച്ചിരിക്കുന്നത്. നിലവിൽ 300 മീറ്ററിൽ താഴെ മാത്രമാണ് റോഡ്ടാർ ചെയ്തിരിക്കുന്നത്. അനുവദിച്ച തുകയ്ക്കുള്ള നിർമാണംപോലും ഇവിടെ നടന്നിട്ടില്ലെന്ന ആക്ഷേപമാണ്ഉയരുന്നത്. ത്രിതല പഞ്ചായത്ത് പ്രതിനിധികളും കരാറുകാരും ചേർന്നുള്ള ഒത്തുകളിയാണ് റോഡ്നിർമാണത്തിലെ അപാകതയ്ക്ക്കാരണമെന്ന ആക്ഷേപവും പ്രദേശവാസികൾ ഉന്നയിക്കുന്നുണ്ട്


## കേന്ദ്രബജറ്റ്: കാർഷിക മേഖലകൾക്ക് നിരാശ

**തൊടുപുഴ:** ജില്ലയിലെ കാർഷിക, തോട്ടം മേഖലകളെ കേന്ദ്ര ബജറ്റ് നിരാശപ്പെടുത്തിയതായി വിലയിരുത്തൽ. ആവർത്തിച്ചുള്ള പ്രളയവും കോവിഡും ഉയർത്തിയ പ്രതിസന്ധിയിൽനിന്ന് കരകയറാനുള്ള പ്രഖ്യാപനങ്ങൾ ഇത്തവണ ജില്ലയിലെ കാർഷിക, തോട്ടം, ടൂറിസം മേഖല പ്രതീക്ഷിച്ചിരുന്നു. എന്നാൽ കാര്യമായ പ്രഖ്യാപനങ്ങളൊന്നുമുണ്ടായില്ല. കാർഷികോത്പന്നങ്ങളുടെ താങ്ങുവിലയ്ക്കായി 2.37 ലക്ഷം കോടി വകയിരുത്തിയത് മാത്രമാണ് ആശ്വാസകരം. ജില്ലയ്ക്ക് അതിന്റെ പ്രയോജനം ലഭിക്കുമെന്നാണ് കരുതുന്നത്. പഴം– പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനും വിളവെടുക്കുന്നതിനും ആവശ്യമായ പദ്ധതികൾ സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുമെന്ന പ്രഖ്യാപനവും പ്രതീക്ഷയേകുന്നതാണ്. ഇത് വട്ടവട– കാന്തല്ലൂർ പോലുള്ള മേഖലകളിലെ കർഷകർക്ക് ഗുണമേകും. എന്നാൽ ബജറ്റിൽ തോട്ടം മേഖലയെ പൂർണമായും അവഗണിച്ചു. രാജ്യത്തെ 104 തോട്ടങ്ങളിൽ 74 എണ്ണവും ഇടുക്കിയിലാണ്. ഇതിൽ പീരുമേട്ടിലെ തോട്ടങ്ങൾ പലതും പൂട്ടിക്കിടക്കുകയാണ്. പൂട്ടിയ തോട്ടങ്ങൾ തുറക്കുന്നതിനായുള്ള പദ്ധതി പ്രതീക്ഷിച്ചിരുന്നെങ്കിലും ബജറ്റിൽ സ്ഥാനം പിടിച്ചില്ല. തേയിലയ്ക്ക് പ്രത്യേക പാക്കേജും വേണമെന്ന ആവശ്യം ഉയർന്നിരുന്നു. എന്നാൽ ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ ഇതുണ്ടായില്ല. കർഷകക്ഷേമ, തൊഴിലുറപ്പ് പദ്ധതികൾക്കായി വകയിരുത്തിയ തുക കുറഞ്ഞെന്നും ഇത് ജില്ലയെ ബാധിക്കുമെന്നും ആക്ഷേപം ഉയരുന്നുണ്ട്.

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി



മഹാത്മാ ഗാന്ധി

## വൈദ്യുതിനിരക്ക് കൂട്ടാനുള്ള അരങ്ങൊരുങ്ങുമ്പോൾ

സംസ്ഥാനത്ത് വൈദ്യുതിനിരക്ക് കൂട്ടാനുള്ള അരങ്ങൊരുങ്ങിക്കഴിഞ്ഞു. അടുത്ത അഞ്ചുവർഷം കൊണ്ട് ഇപ്പോഴത്തെ നിരക്കിൽ യൂണിറ്റിന് രണ്ടുരൂപയിലധികം വർദ്ധന വേണമെന്നാണ് വൈദ്യുതി ബോർഡിന്റെ ആവശ്യം. ഇപ്പോൾ നഷ്ടം 8919 കോടി രൂപയെന്നാണ് കണക്ക്. 2027-ൽ അത് 14054 കോടിയായി ഉയരുമത്രേ. പുതിയ സാമ്പത്തിക ർഷം യൂണിറ്റിന് ഒരു രൂപയുടെ വർദ്ധനയാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് ഓരോ വർഷവും വർദ്ധന വരുത്തി അഞ്ചുവർഷം എത്തുമ്പോൾ 2.30 രൂപയുടെ വർദ്ധന പ്രാബല്യത്തിലാക്കുംവിധമാണ് താരിഫ് പെറ്റിഷൻ തയ്യാറാക്കിയിരിക്കുന്നത്. റഗുലേറ്ററി കമ്മിഷന്റെ അനുമതിയോടെ മാത്രമേ നിരക്കുവർദ്ധന പാടുള്ളൂ എന്നാണ് ചട്ടം. അതിനാൽ താരിഫ് പെറ്റിഷൻ കമ്മിഷനു സമർപ്പിച്ചിരിക്കുകയാണ്. ഉപഭോക്താക്കളുടെ രൂക്ഷമായ എതിർപ്പുണ്ടാകുമെന്നതിനാൽ അല്ലറചില്ലറ നീക്കുപോക്കുകൾ വരുത്തിക്കൂടെന്നില്ല.

എന്നാലും നിരക്കു വർദ്ധനയെന്ന വാൾ ഉപഭോക്താവിന്റെ തലയ്ക്കു മുകളിൽ സദാ നിലനിൽക്കുകയാണ്. ഏതാനും വർഷങ്ങൾക്കിടയിൽ ഉണ്ടാകാൻ പോകുന്ന ഏറ്റവും ഉയർന്ന നിരക്ക് വർദ്ധനയാണ് ബോർഡ് ആവശ്യപ്പെട്ടിരിക്കുന്നത്. കെടുകാര്യസ്ഥതയുടെ പര്യായങ്ങളായ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നായ വൈദ്യുതി ബോർഡ് സ്വന്തം നിലയ്ക്ക് വൈദ്യുതി ഉത്പാദനം കൂട്ടാൻ ശ്രമങ്ങളൊന്നും നടത്തുന്നില്ല. പുറത്തുനിന്നു വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതാണ് നഷ്ടത്തിനു പ്രധാന കാരണം. പണ്ടുമുതലേയുള്ള ജലവൈദ്യുതി പദ്ധതികളാണ് പ്രധാന ആശ്രയം. അതാകട്ടെ ആവശ്യത്തിന്റെ ഇരുപതു ശതമാനം നേരിടാൻപോലും പര്യാപ്തമല്ല. ശേഷിക്കുന്ന എൺപതു ശതമാനത്തിന് പുറത്തുള്ളവരെ ആശ്രയിക്കണം. അതിനാകട്ടെ പറയുന്ന വിലയും നൽകണം.

പാരമ്പര്യേതര ഊർജ്ജ ഉത്പാദനത്തിൽ പല സംസ്ഥാനങ്ങളും നേട്ടത്തിന്റെ പുതിയ അദ്ധ്യായങ്ങൾ രചിക്കുമ്പോൾ ഇവിടെ എടുത്തുപറയാൻ ഉദാഹരണങ്ങളില്ല. അനുമതി ലഭിക്കാനിടയില്ലാത്ത ഏതാനും ജലവൈദ്യുതി പദ്ധതികളുടെ പിറകെ അലയാനാണ് താത്പര്യം. കേന്ദ്രഫണ്ട് പ്രയോജനപ്പെടുത്താൻ കാര്യമായ ശ്രമങ്ങളുമില്ലപ്രസരണനഷ്ടം കുറയ്ക്കുന്നതിലും വേണ്ടത്ര വിജയിച്ചിട്ടില്ല. ഓരോ വർഷവും ജീവനക്കാർ കൂടിക്കൊണ്ടിരിക്കുന്നു. ശമ്പളം, പെൻഷൻ എന്നീ ഇനങ്ങളിൽ ചെലവേറുന്നു. സ്ഥിരം ജീവനക്കാർക്കു പുറമേ വൻതോതിൽ കരാർ തൊഴിലാളികളുമുണ്ട്. പത്തുവർഷത്തിനിടെ ഏഴായിരത്തോളം സ്ഥിരം ജീവനക്കാരാണ് ബോർഡിലെത്തിയത്. ജീവനക്കാരെ കുറയ്ക്കണമെന്ന് റഗുലേറ്ററി കമ്മിഷൻ ആവശ്യപ്പെടുന്നെങ്കിലും നിരക്കു വർദ്ധനയല്ലാതെ കാതലായ ശുപാർശകളൊന്നും നടപ്പാക്കാൻ ബോർഡ് താത്പര്യം കാട്ടാറില്ല.


പുതിയ താരിഫ് പെറ്റിഷൻ സമർപ്പിച്ചപ്പോഴും ബോർഡിൽ അഞ്ചുവർഷം കൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്കാര നടപടികളെക്കുറിച്ച് പറയുന്നുണ്ട്.

പ്രസരണ നഷ്ടവും സാമ്പത്തിക നഷ്ടവും കുറച്ചുകൊണ്ടുവന്ന് വൈദ്യുതി നിരക്ക് യുക്തിസഹമാക്കുമെന്നാണു വാഗ്ദാനം. എന്നാൽ അനുഭവങ്ങൾ നോക്കുമ്പോൾ നടക്കാത്ത വാഗ്ദാനങ്ങളാണ് മുന്നിലുള്ളത്. വിതരണ ശൃംഖല നവീകരിക്കാനും സ്മാർട്ട് മീറ്റർ പദ്ധതി നടപ്പാക്കാനും ഇരുപതിനായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. സ്മാർട്ട് മീറ്റർ സാർവത്രികമായാൽ മീറ്റർ റീഡർമാരുടെ സംഖ്യ കുറയ്ക്കാനാകും. അപ്പോഴും ഇതു സ്ഥാപിക്കാനുള്ള ചെലവ് ഉപഭോക്താവ് വഹിക്കേണ്ടിവരുമോ എന്നറിയണം. ഉപഭോക്താവ് സ്വന്തം ചെലവിൽ വാങ്ങിവച്ചിട്ടുള്ള മീറ്ററിനും ഇപ്പോൾ മാസാമാസം മീറ്റർ വാടക നൽകേണ്ടിവരുന്നുണ്ട്. സ്മാർട്ട് മീറ്ററാകുമ്പോൾ ചെലവേറും.



## ഹൈക്കോടതിക്ക് ഇല്ലാത്ത അധികാരം എങ്ങനെ ലോകായുക്തയ്ക്ക് നൽകും: ഗവർണറോട് സർക്കാർ

**തിരുവനന്തപുരം:** ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസിൽ സംസ്ഥാന സർക്കാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാന് നൽകിയ വിശദീകരണ ത്തിന്റെ വിശദാംശങ്ങൾ പുറത്ത്. ഹൈക്കോട തിക്ക് ഇല്ലാത്ത അധികാരം എങ്ങനെയാണ് ലോകായുക്തക്ക് നൽകുക എന്ന ചോദ്യം ഉയർത്തികൊണ്ടും കോടതി ഉത്തരവുകൾ വിശദീകരിച്ചുകൊണ്ടുമാണ് സർക്കാർ മറുപടി നൽകിയിരിക്കുന്നത്. സർക്കാരിന്റെ വിശദീകരണം ലഭിച്ചതോടെ ഗവർണർ എടുക്കുന്ന തുടർ നടപടികൾ നിർണായകമാകും.ഗവർണർ നിയമിച്ച മന്ത്രിസഭയുടെ കാലാവധി അവസാനിപ്പിക്കാൻ ലോകായുക്തക്ക് കഴിയില്ല. 1986-ലെ ബാലകൃഷ്ണപിള്ള-കെസി ചാണ്ടി കേസിലെ ഹൈക്കോടതി വിധി നിലവിലുണ്ടെന്നും സർക്കാർ ചൂണ്ടിക്കാട്ടുന്നു. ലോകായുക്ത നിയമ ഭേദഗതി ഓർഡിനൻസിൽ ഒപ്പുവെക്കരു തെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഗവർണർക്ക് നൽകിയ നിവേദനം സംബന്ധിച്ചാണ് സർക്കാരിനോട് വിശദീകരണം തേടിയിരുന്നത്.ഒരു പൊതുപ്രവർത്തകന്റെ സ്ഥാനം റിട്ട് ഓഫ് ക്വോ വാറന്റോ പുറപ്പെടുവിച്ച് ഒഴിയാൻ ആവശ്യപ്പെടുന്നതിന് ഹൈക്കോടതിക്ക് ഭരണഘടനാപര മായ അധികാരമുണ്ടെന്ന് പ്രതിപക്ഷ നേതാവ് നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇത് ഖണ്ഡിക്കുന്നതിനാണ് 1986-ലെ ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ വിധി സർക്കാർ ഉയർത്തിക്കാട്ടുന്നത്.ഗവർണർ നിയമിച്ച ഒരു മന്ത്രിക്കെതിരെ റിട്ട് ഓഫ് ക്വോ വാറന്റോ നിലനിൽക്കുന്നതല്ലെന്ന് ഹൈക്കോടതി അന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതു കൊണ്ട് തന്നെ ഹൈക്കോടതിതക്ക് ഇല്ലാത്ത എന്ത് അധികാരമാണ് ലോകയുക്തക്ക് നൽകേണ്ടതെന്നും സർക്കാർ ചോദിക്കുന്നു. ലോകയുക്ത നിയമം നിലവിൽ വന്നിട്ട് ഇത്രകാലമായിട്ടും എന്തുകൊണ്ടാണ് ഇത് ഭരണഘടനാ വിരുദ്ധമെന്ന് സർക്കാരിന് തോന്നാതിരുന്നതെന്നും ഇപ്പോൾ അതിൽ മാറ്റം വരുത്തുന്നത് രാഷ്ട്രീയ ലക്ഷ്യത്തിനല്ലേയെന്നും പ്രതിപക്ഷ നേതാവ് നിവേദനത്തിൽ ചോദിച്ചിരുന്നു. ലോകായുക്ത നിയമത്തിലെ 14-ാം വകുപ്പിന്റെ നിയമപരമായ സാധുത ഇതുവരെ ജൂഡീഷ്യൽ അവലോകനത്തിന് വിധേയമായിട്ടില്ലെന്നാണ് സർക്കാർ ഇതിന് മറുപടി നൽകിയത്. അതിന് കാലയളവ് ഒരു തടസ്സമല്ലെന്നും സർക്കാർ ചൂണ്ടിക്കാട്ടുന്നു.





# വന്ദേഭാരത് സിൽവർ ലൈനിന് ബദലായേക്കാമെന്ന് തരൂർ: മറുപടിയുമായി അലോക് വർമ

**തിരുവനന്തപുരം:** സിൽവർ ലൈൻ പദ്ധതിയിൽ നിലപാട് മാറ്റി കോൺഗ്രസ് നേതാവും എംപിയുമായ ശശി തരൂർ. കേന്ദ്ര ബജറ്റിൽ 400 അതിവേഗ വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ശശി തരൂർ സമൂഹമാധ്യമത്തിലൂടെ പ്രസ്താവന നടത്തിയത്. വന്ദേഭാരത് ട്രെയിനുകൾ സിൽവർ ലൈൻ പദ്ധതിക്കു ബദലാകുമോ എന്നു പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് തരൂർ വ്യക്തമാക്കുന്നു.

പാർട്ടി നിലപാടിന് വിരുദ്ധമായി സിൽവർ ലൈൻ പദ്ധതിയെ ശശി തരൂർ പിന്തുണച്ചത് വിവാദമായിരുന്നു. കെപിസിസി അധ്യക്ഷൻ കെ.സുധാക രൻ ഉൾപ്പെടെ രൂക്ഷ വിമർശനം ഉയർത്തി. തരൂരിനെതിരെ നടപടി വേണമെന്ന് സംസ്ഥാന നേതാക്കൾ കേന്ദ്രനേതൃത്വത്തോട് ആവശ്യപ്പെടുകയും ചെയ്തു.

**തരൂരിന്റെ കുറിപ്പ്...**

ഇന്നവതരിപ്പിക്കപ്പെട്ട കേന്ദ്ര ബജറ്റിൽ കേരളത്തെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായത് മണിക്കൂറിൽ 180 കിലോമീറ്റർ വേഗതയുള്ള 400 പുതിയ വന്ദേഭാരത് ട്രെയിനുകളുടെ പ്രഖ്യാപനമാണ്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഈ പദ്ധതി ഇപ്പോൾ കേരളത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കെ റെയിൽ സിൽവർ ലൈൻ പദ്ധതിയെക്കാൾ ചെലവ് കുറഞ്ഞതും ഊർജ്ജ-കാര്യക്ഷമമായതുമായ ഒരു ബദലാകുമോ എന്ന് നോക്കേണ്ടത് അത്യാവശ്യമാണ്.

വന്ദേ ഭാരത് ട്രെയിനുകളുടെ സേവനം കേരളത്തിന് ലഭിക്കുകയാണെങ്കിൽ കേരളത്തിന്റെ വികസനത്തിന് വേണ്ടി സംസ്ഥാനത്തിന്റെ ഒരറ്റത്ത് നിന്നും മറ്റേ അറ്റത്തേക്ക് വേഗതയുള്ള ഗതാഗത സൗകര്യം എന്ന സർക്കാരിന്റെ ആവശ്യകതക്കും അതേ സമയം പ്രതിപക്ഷത്തിന്റെ പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക ബാധ്യത, ഭൂമി ഏറ്റെടുക്കൽ, പരിസ്ഥിതി ആഘാതവുമായി ബന്ധപ്പെട്ട ആശങ്കകൾക്കുള്ള പരിഹാരവുമായേക്കാം."

അതേസമയം വന്ദേഭാരത് തീവണ്ടികൾ കെ-റെയിലിന് ബദലാകിലെന്ന് സിലവർലൈൻ സാധ്യതാ പഠന റിപ്പോർട്ട് തയാറാക്കിയ അലോക് വർമ പറഞ്ഞു. വന്ദേഭാരത് ട്രെയിനുകൾക്ക് 160 കിലോമീറ്റർ വേഗമേ ഉണ്ടാകൂ. നിലവിലെ സ്ഥിതിയിൽ തിരുവനന്തപുരം - കാസർകോട് ലൈനിൽ 110 കിലോമീറ്റർ വേഗമേ സാധ്യമാകൂവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കെ-റെയിൽ പദ്ധതി പുനപരി ശോധിക്കണമെന്നും വന്ദേഭാരത് ട്രെയിനുകൾ കെ-റെയിലിന് ബദലായേക്കാമെന്നുമുള്ള ശശി തരൂരിന്റെ ട്വീറ്റിനുള്ള മറുപടിയായുള്ള റീട്വീറ്റിലാണ് അലോക് വർമ ഇക്കാര്യം ചൂണ്ടിക്കാട്ടുന്നത്.

നിലവിലെ സ്ഥിതിയിൽ തിരുവനന്തപുരം - കാസർകോട് ലൈനിൽ 110 കിലോമീറ്റർ വേഗത്തിലേ ട്രെയിൻ ഓടിക്കാൻ സാധിക്കുകയുള്ളൂ. ഘട്ടം ഘട്ടമായി 30 ശതമാനം അലൈൻമെന്റിൽ മാറ്റം വരുത്തിയാൽ മാത്രം ഇത് 200 കിലോ മീറ്റർ വേഗതയിലേക്ക് എത്തിക്കാൻ സാധിക്കും. പക്ഷേ അതിനായി 25000 കോടി രൂപ ചെലവൊഴിച്ച് ഈ പാതയിൽ നവീകരണം നടത്തണം. ഇത്തരത്തിൽ പാത നവീകരിച്ചാൽ മാത്രമേ വന്ദേഭാരത് ട്രെയിൻ കേരളത്തിൽ ഓടിക്കാൻ സാധിക്കൂവെന്നാണ് അലോക് വർമ ചൂണ്ടിക്കാട്ടുന്നത്






# കേന്ദ്രബജറ്റ് പാവങ്ങളെ പരിഹസിക്കുന്നു ഡോ. ടി എം തോമസ് ഐസക് എഴുതുന്നു

രാജ്യത്തെ പാവങ്ങളെയും സാധാരണക്കാരെയും പരിഹസിക്കുന്ന ഒന്നാണ് കേന്ദ്രബജറ്റ്. ഓക്സ്ഫാമിന്റെ പഠന പ്രകാരം 142 ശതകോടീശ്വരൻമാരുടെ വരുമാനം കോവിഡുകാലത്ത് ഇരട്ടിയായി. അതേസമയം, 4 കോടി പാവങ്ങൾ അതിദാരിദ്ര്യത്തിലേക്ക് വഴുതിവീണു. ആഗോളവൽക്കരണ പരിഷ്കാരങ്ങൾ തുടങ്ങിയപ്പോൾ 1991-ൽ ഏറ്റവും സമ്പന്നരായ ഒരു ശതമാനത്തിന്റെ കൈയിലായിരുന്നു രാജ്യത്തിന്റെ 16 ശതമാനം സ്വത്തും. അതിപ്പോൾ 45 ശതമാനത്തിനുമേലെ ആയിട്ടുണ്ട്. അതേസമയം, പാവങ്ങളുടെ സ്വത്ത് വിഹിതം 1991-ൽ 8.8 ശതമാനം ഉണ്ടായിരുന്നത് ഇപ്പോൾ 2.5 ശതമാനമായി താഴ്ന്നിരിക്കുന്നു. ഈ അതിസമ്പന്നരിൽ ഏറ്റവും വലിയ പണക്കാരായ 965 കുടുംബക്കാരുടെമേൽ 2 ശതമാനം സ്വത്ത് നികുതി ഈടാക്കിയാൽ പാവങ്ങൾക്ക് 50,000 കോടി രൂപയുടെ സഹായം നൽകാം. എന്നാൽ കേന്ദ്രമന്ത്രി അങ്ങനെയല്ല ചിന്തിച്ചത്.

**പണക്കാരനെ പിണക്കണ്ട. പാവങ്ങളെ കശക്കാം**

വെറുതേ വാചകമടിക്കുന്നതല്ല. കൃത്യമായ കണക്കുകളുടെ പിൻബലത്തോടെ പറയുന്നതാണ്. പാവങ്ങളുടെ അത്താണിയാണ് തൊഴിലുറപ്പ് പദ്ധതി. തൊഴിലുറപ്പ്പദ്ധതിക്ക് 2021-22-ൽ 98000 കോടി രൂപ ചെലവാകുമെന്നാണ് പുതുക്കിയ കണക്ക്. ഇത്തവണത്തെ ബജറ്റിൽ 73000 കോടി രൂപയേ വകയിരുത്തിയിട്ടുള്ളൂ. പാവപ്പെട്ടവർക്കുള്ള 6 കോർ സ്കീമുകളാണ് തൊഴിലുറപ്പ്, വയോജന പെൻഷൻ, പട്ടികജാതി/പട്ടികവർഗക്കാർ, ന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ. ഇവയ്ക്ക് 202122-ൽ 1.21 ലക്ഷം കോടി രൂപ ചെലവാകുമെന്നാണ് പുതുക്കിയ കണക്ക്. ഇത്തവണ വകയിരുത്തിയിട്ടുള്ളത് 0.99 ലക്ഷം മാത്രം.

ഗ്രാമവികസനത്തിന് 2021-22-ൽ 2.07 ലക്ഷം കോടി രൂപ ചെലവാകുമെന്നാണ് കണക്ക്. ഇത്തവണ വകയിരുത്തിയിട്ടുള്ളത് 2.06 ലക്ഷം കോടി രൂപ മാത്രമാണ്. കോവിഡുകാലത്ത് ആരോഗ്യ മേഖലയ്ക്ക് കൂടുതൽ പണം വകയിരുത്തണമെന്നുള്ള കാര്യത്തിൽ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഏകാഭിപ്രായമാണ്. എന്നാൽ കഴിഞ്ഞ വർഷം 0.86 ലക്ഷം കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ വർഷം ഒരു പൈസപോലും കൂട്ടിയിട്ടില്ല. വിദ്യാഭ്യാസത്തിലാണ് നേരിയ മിനുസമുള്ളത്. കഴിഞ്ഞ വർഷത്തെ ചെലവ് 0.88 ലക്ഷം കോടി രൂപ. 2022-23-ൽ ബജറ്റിൽ 1.04 ലക്ഷം കോടി രൂപ.

**സാധാരണക്കാർക്കും കൃഷിക്കാർക്കും അവഗണന**

പ്രതിസന്ധിയെ മറികടക്കാനുള്ള പിന്തുണ കാർഷികമേഖലയ്ക്ക് നൽകിയിട്ടില്ല. കേവലം 2 ശതമാനം വർധനയാണ് വകയിരുത്തലിൽ കാണുന്നത്. ഭക്ഷ്യസബ്സിഡിയും വളസബ്സിഡിയുംകൂടി കണക്കിലെടുക്കുകയാണെങ്കിൽ കാർഷിക മേഖലയുടെ വിഹിതം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.5 ശതമാനം കുറവാണ്. കോവിഡിന് മുമ്പുള്ള വർഷത്തെ അപേക്ഷിച്ച് നോക്കുകയാണെങ്കിൽ ഈ മൂന്ന് ഇനങ്ങൾക്കുംകൂടി ചെലവഴിക്കുന്ന പണത്തിൽ 43 ശതമാനമാണ് കുറവുവന്നിരിക്കുന്നത്. നടുവൊടിഞ്ഞ് കിടക്കുന്ന കർഷകരെ ഇതിൽപ്പരമെങ്ങനെയാണ് ഒരു ഭരണാധികാരിക്ക് പരിഹസിക്കാൻ കഴിയുക?

എന്നിട്ടാണ് ഉൾച്ചേർന്ന വികസനത്തെക്കുറിച്ചുള്ള വാചകമടി. അടുത്തതായി, വിലക്കയറ്റത്തിന് വല്ല പരിഹാരവും ബജറ്റിലുണ്ടോ? മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡീസൽ തീരുവ 9.5 മടങ്ങും പെട്രോൾ തീരുവ 3.5 മടങ്ങുമാണ് വർധിപ്പിച്ചത്. ജനകീയ പ്രതിഷേധത്തെ തുടർന്ന് ഇതിൽ നാമമാത്രമായി കുറച്ചെങ്കിലും വിലക്കയറ്റത്തെ പിടിച്ചു നിർത്താൻ പര്യാപ്തമായിരുന്നില്ല. വിലക്കയറ്റം തടയാൻ ഒരു വഴിയേയുള്ളൂ. പെട്രോളിയം തീരുവ 2014-ലെ സ്ഥിതിയിലേക്ക് തിരിച്ച് കൊണ്ടുപോകുക. അതിനു ധനമന്ത്രി തയ്യാറല്ല. ഒരു പരിഹാരമുണ്ടായിരുന്നു. കോർപറേറ്റുകൾക്ക് രണ്ടു വർഷം മുമ്പ് കൊടുത്ത നികുതിയിളവ് പിൻവലിക്കുക. അതിന് അവർ തയ്യാറല്ല. പണക്കാരുടെമേൽ ഒരു നികുതി വർധനയും വരുത്താൻ ധനമന്ത്രി തയ്യാറല്ല.

202122-ലെ ബജറ്റിൽ പൊതുമേഖലാ സ്വകാര്യവൽക്കരണത്തിലൂടെ 1.75 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. ഇത്തവണ തുക താഴ്ത്തിവച്ചിരിക്കുകയാണ്. പക്ഷെ മനസ്സിലിരിപ്പ് എന്താണെന്ന് വളരെ വ്യക്തം. എൽഐസി വിൽപ്പന ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ബാക്കി പറഞ്ഞ് ആളുകളെ ഇളക്കണ്ട. ചെയ്താൽ മതിയാകുമെന്നാണ് ഭാവം. സർക്കാരിന്റെ മൊത്തം ചെലവ് 37.7 ലക്ഷം കോടി രൂപയിൽനിന്ന് 39.4 ലക്ഷം കോടി രൂപയായി മാത്രമാണ് വർധിക്കുന്നത്. കേവലം 4.6 ശതമാനം മാത്രം. വിലക്കയറ്റം ഇതിന്റെ ഒരു മടങ്ങുകൂടി വരും. മാന്ദ്യകാലത്ത് സർക്കാരിന്റെ ചെലവ് കുറയുന്നുവെന്ന വിരോധാഭാസത്തിന് നമ്മൾ സാക്ഷ്യംവഹിക്കുകയാണ്. സംസ്ഥാനങ്ങൾ ഏകകണ്ഠമായി ആവശ്യപ്പെടുന്ന ഒന്നാണ് ജിഎസ്ടി നഷ്ടപരിഹാരം നീട്ടണമെന്നത്. അതിനെക്കുറിച്ച് ഒരു പരാമർശവും ഇല്ല. കേരള സർക്കാർ നൽകിയ കത്തിൽ ഒന്നിനോടുപോലും അനുകൂലമായ പ്രതികരണം ബജറ്റ് പ്രസംഗത്തിൽ കേൾക്കാനായില്ല.

മന്ത്രിയുടെ ഏക പ്രതീക്ഷ വർധിക്കുന്ന മൂലധനച്ചെലവിലാണ്. 2019-20-ൽ മൂലധനച്ചെലവ് 6.57 ലക്ഷം കോടി രൂപയായിരുന്നു. 2020--21-ൽ അത് 8.4 ലക്ഷം കോടി രൂപയായി. ഇപ്പോൾ ബജറ്റ് ലക്ഷ്യമിടുന്നത് 10.68 ലക്ഷം കോടി രൂപയാണ്. ഇങ്ങനെ മൂലധനച്ചെലവ് ഉയരുമ്പോൾ അത് സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുമെന്നും അത് രാജ്യത്തെ സുസ്ഥിരമായ വളർച്ചയിലേക്ക് നയിക്കുമെന്നുള്ളതാണ്. കൊറോണ വൈറസ് ബാധിച്ച് ജീവരക്തത്തിൽ ഓക്സിജന്റെ അളവ് വല്ലാതെ കുറഞ്ഞ അവസ്ഥയിലാണ് നമ്മുടെ സമ്പദ്ഘടന. ഈ അതിഗുരുതരമായ സ്ഥിതിവിശേഷത്തെ നേരിടാൻ പദ്ധതികളോ ഭാവനയോ ഇല്ലാതെ, ഗീർവാണങ്ങൾ വാരിവിതറുകയാണ് കേന്ദ്ര ബജറ്റിലൂടെ ധനമന്ത്രി. ഒരു കാര്യം തീർച്ച. ബജറ്റിൽ പാവങ്ങൾക്കും സാധാരണക്കാർക്കും പങ്കുണ്ടാകില്ല. അവരെ പിഴിഞ്ഞാണ് മൂലധനച്ചെലവിനുള്ള പണം കണ്ടെത്തുന്നത്. ഈ ബജറ്റിൽനിന്ന് സാധാരണ ജനങ്ങൾക്ക് ഒന്നും പ്രതീക്ഷിക്കാനില്ല. രാജ്യത്തിന്റെ ദുരിതമോ സാധാരണക്കാരന്റെ ജീവിതപ്രശ്നങ്ങളോ കേന്ദ്രഭരണാധികാരികളുടെ പരിഗണനാവിഷയമല്ലാതായിട്ട് കാലങ്ങളായി. അതിസമ്പന്നരെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന നയങ്ങളും പദ്ധതികളുമാണ് സർക്കാരിന്റെ പക്കലുള്ളത്. തങ്ങളുടെ ക്രൂരമായ സാമ്പത്തിക യുക്തി ഒളിവും മറയുമില്ലാതെ പ്രകടിപ്പിക്കുകയാണ് കേന്ദ്ര ഭരണാധികാരികൾ.

## ചരമം

**സുഹറ**

മട്ടാഞ്ചേരി:പനയപ്പിള്ളി വി.വൈ.അബ്ദുൽ റഹ്മാൻ റോഡിൽ എം.എം.സൈനുദ്ദീന്റെ ഭാര്യ സുഹറ (53) അന്തരിച്ചു. കബറടക്കം നടത്തി. പരേതനായ ഇമ്പിച്ചി മുഹമ്മദിന്റെ മകളാണ്. മക്കൾ: സർഫ്രാസ്, റിസ്വാൻ. മരുമക്കൾ: സജ്ന, നിസിയ.

**സുന്ദരി ഭായി**

മട്ടാഞ്ചേരി:ചെറളായി ടി.ഡി. ക്ഷേത്രത്തിന് സമീപം ചെറിയ വടക്കേ തെരുവിൽ സുന്ദരി ഭായി (94) അന്തരിച്ചു. സംസ്കാരം നടത്തി. കൊങ്കണി പാചക രംഗത്തു പ്രശസ്തയാണ്. ഭർത്താവ്: പരേതനായ രങ്കനാഥ നായ്ക്. മക്കൾ: വിജയ ഭായി, കൃഷ്ണകുമാർ.

## പ്രവർത്തനം ആരംഭിച്ചു

**കോതമംഗലം** :കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നും,ഇതര സംസ്ഥാനങ്ങളിലെ റെഡ് സോണുകളിൽ നിന്നും നാട്ടിലേക്ക് മടങ്ങിയെത്തുന്നന്നവർക്ക് ക്വാറന്റയ്ൻ സൗകര്യം ഒരുക്കുന്നതിനായി കോതമംഗലം മണ്ഡലത്തിൽ സജ്ജമാക്കിയ 3 ക്വാറന്റയിൻ കേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചു.മാർ ബസോലിയോസ് ദന്തൽ കോളേജ് നെല്ലിക്കുഴി 75 റൂമകൾ,സെന്റ് ഗ്രിഗോറിയോസ് ദന്തൽ കോളേജ് ചേലാട് 70 റൂമുകൾ,ഇന്ദിരഗാന്ധി ദന്തൽ കോളേജ് നെല്ലിക്കുഴി 56 റൂമുകൾ എന്നിങ്ങനെയാണ് സജ്ജീകരിച്ചിട്ടുള്ളത്.ഇതിൽ മാർ ബസേലിയോസ് ദന്തൽ കോളേജിലെ ക്വാറന്റയ്ൻ സെന്റർ മൂന്ന് ദിവസം മുൻപെ ആരംഭിച്ചിരുന്നു.ഇവിടുത്തെ 75 റൂമുകളും പൂർണ്ണമായതിനെ തുടർന്നാണ് മറ്റ് രണ്ട് കേന്ദ്രങ്ങളും പ്രവർത്തനമാരംഭിക്കുവാൻ തീരുമാനിച്ചത്.സെന്റ് ദന്തൽ കോളേജ് പിണ്ടിമന കേന്ദ്രത്തിലേക്ക് 34 പേരും,ഇന്ദിര ഗാന്ധി ദന്തൽ കോളേജ് നെല്ലിക്കുഴിയിലേക്ക് 3 പേരുമാണ് എത്തിയിട്ടുള്ളത്.



# റെയിൽവേ സ്റ്റേഷൻ നവീകരണം: എറണാകുളം ജില്ലയ്ക്ക് ഗുണകരം

**കൊച്ചി:** റെയിൽവേ സ്റ്റേഷൻ നവീകരണ പദ്ധതികൾക്കു മുഖ്യ പരിഗണന നൽകുമെന്ന റെയിൽവേ മന്ത്രിയുടെ പ്രഖ്യാപനം ഏറ്റവും ഗുണം ചെയ്യുക ജില്ലയ്ക്ക്. കേരളത്തിൽ നിന്നു പദ്ധതിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന 3 സ്റ്റേഷനുകളിൽ രണ്ടും ജില്ലയിൽ നിന്നാണ്. എറണാകുളം ജംക്‌ഷൻ, എറണാകുളം ടൗൺ, കൊല്ലം എന്നിവയാണു പട്ടികയിലുള്ളത്. രാജ്യാന്തര നിലവാരത്തിലേക്കു റെയിൽവേ സ്റ്റേഷനുകൾ ഉയർത്തുമെന്നു പറയാൻ തുടങ്ങിയിട്ടു കാലമേറെയായെങ്കിലും രാജ്യത്തു 2 സ്റ്റേഷനുകളിൽ മാത്രമാണു പദ്ധതി നടപ്പായത്. പൊതു,സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി മുന്നോട്ടു പോകില്ലെന്നു വ്യക്തമായതോടെ റെയിൽവേ തന്നെ സ്വന്തം ചെലവിൽ സ്റ്റേഷനുകൾ നവീകരിക്കാനാണു ശ്രമിക്കുന്നത്.എറണാകുളം ജംക്‌ഷൻ സ്റ്റേഷൻ വികസനത്തിനു 400 കോടി രൂപയോളം ചെലവു വരുമെന്നാണു പ്രതീക്ഷിക്കുന്നത്. എറണാകുളം ജംക്‌ഷനിൽ പ്രധാന കവാടത്തിൽ 4 നില കെട്ടിടവും കിഴക്കേ കവാടത്തിൽ ജിസിഡിഎ കെട്ടിടത്തിനു സമീപം 3 നില കെട്ടിടവും വരും. പ്ലാറ്റ്ഫോമുകൾക്കു പൊതുവായി മേൽക്കൂര, ഇപ്പോഴുള്ള 2 ഫുട്ട് ഓവർ ബ്രിജുകൾക്കു മുകളിൽ കോൺകോഴ്സ് ഏരിയ. ഇവിടെ നിന്നു എല്ലാ പ്ലാറ്റ്ഫോമുകളിലേക്കു ഇറങ്ങാൻ എസ്കലേറ്റർ, ലിഫ്റ്റ് സൗകര്യം എന്നിവയുണ്ടാകും. സൗത്ത് മെട്രോ സ്റ്റേഷനിലേക്കു സ്കൈ വോക്കും നിർമിക്കും. കർഷക റോഡിനു സമീപം കാടുപിടിച്ചു കിടക്കുന്ന റെയിൽവേ ഭൂമി പാർക്കിങ് ഏരിയയാക്കി മാറ്റും. ഇവിടെ നിന്നു പുതിയ ഫുട്ട് ഓവർ ബ്രിജ് പ്രധാന കവാടത്തിലേക്കു നിർമിക്കുമെന്നും പദ്ധതി രേഖയിൽ പറയുന്നു.

## താമരച്ചാൽ ജംക്‌ഷനിൽ തടി വർക് ഷോപ്പിൽ തീപിടിത്തം

**കിഴക്കമ്പലം** താമരച്ചാൽ ജംക്ഷനു സമീപം മാസങ്ങളായി അടച്ചിട്ടിരുന്ന തടി വർക്ഷോപ്പിനു ഇന്നലെ പുലർച്ചെ തീപിടിച്ചു. കട്ടിള, ജനൽ, തടികൾ എന്നിവ പൂർണമായും കത്തി നശിച്ചു. വൈദ്യുതി ഷോർട് സർക്യൂട്ടാണ് തീപിടിത്ത കാരണമെന്നാണ് പ്രാഥമിക നിഗമനം.കിഴക്കമ്പലം മുട്ടൻതോട്ടിൽ ജോസിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം ഒരു വർഷത്തിലധികമായി അടച്ചിട്ടിരിക്കുകയായിരുന്നു. 25 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായി ഉടമ പറഞ്ഞു. പ്രഭാത സവാരിക്കിറങ്ങിയവർ ഉടൻ തന്നെ പൊലീസിലും അഗ്നിരക്ഷാ സേനയിലും വിവരം അറിയിച്ചു. പട്ടിമറ്റം, ആലുവ എന്നിവിടങ്ങളിൽ നിന്നു 3 അഗ്നിരക്ഷാ സേന യൂണിറ്റുകളെത്തി തീയണച്ചു.

## റോഡിൽ ഡീസൽ വീണു; ഇരുചക്ര വാഹന യാത്രികൻ തെന്നി വീണു

പറവൂർ ദേശീയപാതയിലൂടെ പോയ ടാങ്കർ ലോറിയിൽ നിന്നു ഡീസൽ റോഡിൽ വീണു. ഇന്നലെ രാവിലെ ആറരയോടെ തെക്കേനാലുവഴിയിലാണു സംഭവം. റോഡിൽ ഡീസൽ കിടക്കുന്നതു കണ്ട നാട്ടുകാർ ഇതിലെ വന്ന മിക്ക വാഹനങ്ങളെയും കൈകൾ കാണിച്ചു നിർത്തി അപകടം ഒഴിവാക്കി. എന്നാൽ, ഒരു ഇരുചക്ര വാഹന യാത്രികൻ തെന്നിവീണു. അഗ്നിരക്ഷാ സേന എത്തി ഡീസൽ കഴുകിക്കളഞ്ഞു.



## സി കാറ്റഗറി ജില്ലകളിൽ തിയറ്ററുകൾ തുറക്കാൻ കഴിയില്ലെന്നു സർക്കാർ

**കൊച്ചി** കോവിഡ് വ്യാപനം രൂക്ഷമായ സി കാറ്റഗറി ജില്ലകളിൽ സിനിമ തിയറ്ററുകൾക്കു പ്രവർത്തനാനുമതി നൽകാനാവില്ലെന്നു സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ആരോഗ്യ വിദഗ്ധർ ഉൾപ്പെട്ട സമിതിയുടെ അഭിപ്രായം മാനിച്ചും ജനതാൽപര്യവും പൊതുജനാരോഗ്യവും മുൻനിർത്തിയുമാണു നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ജനങ്ങളുടെ ഉപജീവനത്തെ കാര്യമായി ബാധിക്കാത്ത വിധം നിയന്ത്രണങ്ങൾ നടപ്പാക്കുക എന്നതാണു നയമെന്നും അറിയിച്ചു. സി കാറ്റഗറി ജില്ലകളിൽ തിയറ്ററുകളുടെ പ്രവർത്തനം തടഞ്ഞുകൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ തിയറ്റർ ഉടമകളുടെ സംഘടനയായ ഫിയോക് നൽകിയ ഹർജിയിലാണു സർക്കാരിന്റെ വിശദീകരണ പത്രിക. ജസ്റ്റിസ് എൻ. നഗരേഷ് ഹർജി ഇന്നു പരിഗണിക്കാൻ മാറ്റി. ഷോപ്പിങ് മാളുകളും മറ്റും തുറക്കാൻ അനുവദിക്കുമ്പോൾ തിയറ്റർ, ജിം, സ്വിമ്മിങ് പൂൾ എന്നിവയ്ക്കു വിലക്ക് ഏർപ്പെടുത്തുന്നത് ശരിയല്ലെന്നാണു ഹർജിക്കാരുടെ വാദം. എന്നാൽ, മാളുകളിൽ അവശ്യ സാധനങ്ങളാണു വിൽക്കുന്നതെന്നും 25 ചതുരശ്ര അടി വിസ്തീർണത്തിൽ ഒരാൾ എന്ന നിലയ്ക്കാണു പ്രവേശനം അനുവദിച്ചിട്ടുള്ളതെന്നും സർക്കാർ വിശദീകരിച്ചു.രണ്ടു മണിക്കൂറിലേറെ എസിയിൽ ചെലവിടുന്ന തിയറ്ററുകളിൽ വ്യാപന സാധ്യത ഏറെയാണ്. സ്വിമ്മിങ് പൂളിൽ പലർ നീന്താൻ ഇറങ്ങുന്നതും ജിമ്മിലെ ഉപകരണങ്ങൾ ഒന്നിലേറെ പേർ ഉപയോഗിക്കുന്നതും രോഗവ്യാപനം കൂട്ടും. സി കാറ്റഗറി ജില്ലകളിൽ അവസാന വർഷത്തെ ഒഴികെ കോളജ് ക്ലാസുകളും 11ാം ക്ലാസും അടച്ചിട്ടിരിക്കുകയാണ്. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജനസാന്ദ്രത കൂടുതലുള്ള കേരളത്തിൽ കോവിഡ് സ്ഥിരീകരണ നിരക്ക് (ടിപിആർ) 50 ശതമാനത്തിന് അടുത്താണെന്നും സർക്കാർ വിശദീകരിച്ചു.

## ലോറികളുടെ മരണപാച്ചിൽ

**കൂത്താട്ടുകുളം** -ലോക്ഡൗൺ കാലത്തും ലോറികളുടെ മരണപ്പാച്ചിൽ അപകടങ്ങൾക്ക് കാരണമാകുന്നു. ഇന്നലെ ഉച്ചയ്ക്ക് ഒലിയപ്പുറം- ഉപ്പുകണ്ടം റോഡിൽ ടോറസ് ലോറിയുടെ അമിത വേഗം മൂലം 'അപകടം ഉണ്ടായി. അമിതവേഗതയിലെത്തിയ ലോറി വഴിയാത്രക്കാരനെയും, സ്കൂട്ടറും ഇടിച്ചിട്ടു. സ്കൂട്ടറിന്റെ പിൻഭാഗം തകർന്നു.ലോറികളുടെ അമിതവേഗതക്കെതിരെയും ഏതാനും ആഴ്ചകൾക്ക് മുമ്പ് നാട്ടുകാർ രംഗത്തെത്തിയിരുന്നു.



## ചരമം

കൊണ്ടാഴി:വാഴാട് കാട്ടാളത്ത് ശാരദാമ്മ (92) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: പേണാറു വീട്ടിൽ പരേതനായ ബാലകൃഷ്ണൻ നായർ (മുൻ വില്ലേജ് ഓഫിസർ). മക്കൾ: സരള, സുശീല, കൃഷ്ണകുമാർ, സതീദേവി, ഗോപിനാഥൻ. മരുമക്കൾ: രാധാകൃഷ്ണൻ, രവീന്ദ്രനാഥ്, അനിത, രാധാകൃഷ്ണൻ, ദേവി.

## ദുരിതാശ്വാസ നിധിയിലേക്ക് 80,658 രൂപ

**തൃശൂർ:** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ബുധനാഴ്ച ലഭിച്ചത് 80,658 രൂപ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിൽ നിന്നും ബുധനാഴ്ച (മെയ് 13) ലഭിച്ചത് 80,658 രൂപ. ചെക്ക്/ഡിഡി ഇനത്തിൽ 55,000 രൂപയും പണമായി 25,658 രൂപയുമാണ് ലഭിച്ചത്. ഇതോടെ ജില്ലയിൽ നിന്നും 2020 ഏപ്രിൽ മുതൽ മെയ് 13 വരെ സിഎംഡിആർഎഫിലേക്ക് ലഭിച്ച മൊത്തം തുക 6,79,95,411 രൂപയായി. ചെക്ക്/ഡിഡി നൽകിയവരുടെ വിവരങ്ങൾ: മുരളീ മാധവൻ, അയ്യന്തോൾ-25,000, ടി സി കുര്യാക്കോസ്, ഫെല്ലോഷിപ്പ് സെന്റർ-30,000. പണം നൽകിയവർ: പുരോഗമന കലാസാഹിത്യ സംഘം, തൃശൂർ-25,000, അതിൽ മിലൻ, ഒളരി -500, തമന്ന & നന്ദന, മാളിയേക്കൽ, ഒളരി-158.

## മഴക്കാല ശുചീകരണം തുടങ്ങി

**തൃശൂർ:** മഴക്കാല പൂർവ്വ ശുചീകരണ പരിപാടികൾക്ക് തളിക്കുളം ഗ്രാമപഞ്ചായത്തിൽ തുടക്കമായി. ഇതിന്റെ ഭാഗമായി ഏഴാം വാർഡിൽ നടത്തിയ ഈഡീസ് കൊതുക് സർവ്വേയുടെയും ഉറവിട നശീകരണ പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ഐ. സജിത നിർവഹിച്ചു. ആശാ വർക്കർമാർ, വാർഡുതല വളണ്ടിയർമാർ എന്നിവരുടെ നേതൃത്വത്തിൽ വാർഡിലെ എല്ലാ വീടുകളും സന്ദർശിച്ച് ഉറവിടനശീകരണം നടത്തി. വാർഡ് മെമ്പർ പി ആർ രമേശ് അധ്യക്ഷത വഹിച്ചു.



# കൊടുങ്ങല്ലൂരിൽ ലഹരി പുകയുന്നു; ലഹരിയായി ഉപയോഗിക്കുന്നത് മനോരോഗം, അപസ്മാരം ഗുളികകൾ

**കൊടുങ്ങല്ലൂർ:** കൊടുങ്ങല്ലൂർ കേന്ദ്രമായി ലഹരി വസ്തുക്കളുടെ വിൽപനയും ഉപയോഗവും കൂടിയെന്നു പൊലീസും എക്സൈസും. ആലുവയിലും കൊടകരയിലും ഈയിടെ ലഹരി വസ്തുക്കൾ പിടികൂടിയതു കൊടുങ്ങല്ലൂരിൽ വാടകയ്ക്കു താമസിക്കുന്നവരിൽ നിന്നാണ്. കഴിഞ്ഞ ദിവസം വിവിധ സ്ഥലങ്ങളിൽ നിന്നു കഞ്ചാവ് പിടികൂടിയതിന്റെ അന്വേഷണത്തിലാണു ലഹരി ഗുളികകളുടെ ഉപയോഗം കൊടുങ്ങല്ലൂരിൽ വ്യാപകമാണെന്നു വ്യക്തമായത്.മനോദൗർബല്യം, അപസ്മാരം തുടങ്ങിയവയ്ക്കു മരുന്നുകഴിക്കുന്നവർ ഉപയോഗിക്കുന്ന ഗുളികകളാണു വിദ്യാർഥികളും യുവജനങ്ങളും നിർമാണ തൊഴിലാളികളും ഉപയോഗിക്കുന്നത്. വാട്സാപ് ഉപയോഗിച്ച് സുഹൃത്ത് വലയം സൃഷ്ടിച്ചാണു ഗുളിക വാങ്ങുന്നത്. കഞ്ചാവ് റെയ്ഡ് കർശനമായതോടെ ലഹരി ഗുളികകളെ ആശ്രയിക്കുന്നതു കൂടുതലായി. ഡോക്ടറുടെ നിർദേശമില്ലാതെ ലഹരി പിടിപ്പിക്കുന്ന ഗുളികകൾ നൽകരുതെന്നു മെഡിക്കൽ ഷോപ്പുകൾക്കു കർശന നിർദേശം നൽകിയിട്ടുണ്ട്.

## കഞ്ചാവ് കടത്ത്: പ്രതികൾ റിമാൻഡിൽ

കൊടകര തിങ്കളാഴ്ച കൊടകരയിൽ നടന്ന കഞ്ചാവ് വേട്ടയിൽ പിടികൂടിയ കൊടുങ്ങല്ലൂർ ചന്തപ്പുര മണപ്പാട്ട് ലുലു (32), വടക്കാഞ്ചേരി പെരിങ്ങണ്ട കർകുരു വീട്ടിൽ ഷാഹിൻ (33), മലപ്പുറം പൊന്നാനി ചെറുകുളത്തിൽ സലിം (37) റിമാൻഡ് ചെയ്തു. ലഹരിക്കെതിരെ മിഷൻ ഡാഡ് (ഡ്രൈവ് എഗെയ്ൻസ്റ്റ് ഡ്രഗ്സ് ) ജില്ലയിൽ രൂപീകരിച്ചതിന് ശേഷമുള്ള സംസ്ഥാന പൊലീസ് ചരിത്രത്തിലെ ആദ്യത്തെ വലിയ കഞ്ചാവ് വേട്ടയാണ് തിങ്കളാഴ്ച നടന്നത്.കഞ്ചാവ്വിപണന ശൃംഖലയെക്കുറിച്ച് പൊലീസ് കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്. ചരക്ക് ലോറിയിൽ ഒളിപ്പിച്ചു കടത്തിയ 460 കിലോ കഞ്ചാവാണ് പിടികൂടിയത്. കഴിഞ്ഞ ഓഗസ്റ്റ് 27 ന് കാറിൽ ഒളിപ്പിച്ചു കടത്തുകയായിരുന്ന 150 കിലോ കഞ്ചാവ് സി ഐ ജയേഷ് ബാലനും സംഘവും പിടികൂടിയിരുന്നു. മാർച്ച് രണ്ടിന് ആറ് കിലോ കഞ്ചാവുമായി മനക്കുളങ്ങര സ്വദേശിയും പിടിയിലായിരുന്നു.

## ഒറ്റപ്പിലാവിൽ അനധികൃത മണ്ണെടുപ്പ് തടഞ്ഞു

പെരുമ്പിലാവ് കടവല്ലൂർ പഞ്ചായത്തിലെ ഒറ്റപ്പിലാവ് മണിയറക്കോട് മുനവരിയ സ്കൂളിനു സമീപം അനധികൃതമായി നടത്തിയിരുന്ന മണ്ണെടുപ്പ് കരിക്കാട് വില്ലേജ് അധികൃതർ തടഞ്ഞു. മണ്ണെടുക്കാൻ ഉപയോഗിച്ച മണ്ണുമാന്തി യന്ത്രവും 2 ലോറികളും അധികൃതർ കസ്റ്റഡിയിൽ എടുത്തു.സ്ഥല പരിശോധനയുമായി ബന്ധപ്പെട്ട് ആ വഴി പോയിരുന്ന ഉദ്യോഗസ്ഥരാണ് മണ്ണെടുപ്പ് കണ്ടത്. തുടർന്നു നടത്തിയ പരിശോധനയിൽ അനധികൃതമാണെന്നു കണ്ടെത്തുകയായിരുന്നു. പിടിച്ചെടുത്ത വാഹനങ്ങൾ തുടർ നടപടിക്കായി തഹസിൽദാർക്കു കൈമാറി.



## വെള്ളിക്കുളങ്ങരയിൽ വനം വാച്ചർമാർ സമരം തുടങ്ങി

**കൊടകര:** വെള്ളിക്കുളങ്ങരയിലെ താൽക്കാലിക വനം വാച്ചർമാർ ഇന്നലെ സമരം ആരംഭിച്ചു. ചന്ദന സംരക്ഷണ സേനയിലെ 23 വാച്ചർമാരാണ് ചുങ്കാലിലെ മുപ്ളിയം മോഡൽ ഫോറസ്റ്റ് സ്റ്റേഷന് മുൻപിൽ അനിശ്ചിതകാല സമരം തുടങ്ങിയത്. വനം വകുപ്പിൽ ഫണ്ടില്ലെന്ന് പറഞ്ഞ് നാലു മാസമായി ഇവർക്ക് ശമ്പളം ലഭിക്കുന്നില്ല. ദിവസവും എട്ട് മണിക്കൂർ ജോലിക്ക് പുറമേ അധിക സമയവും ജോലി ചെയ്യുന്ന ഇവർക്ക് 675 രൂപയാണ് ലഭിക്കുന്നത്.ഒരു മാസം ജോലി ചെയ്താൽ 22 ദിവസത്തെ ശമ്പളം മാത്രമേ ലഭിക്കുകയുള്ളു എന്നും ലോക്ഡൗണിലും, കോവിഡ് സമയത്തും മുടങ്ങാതെ ജോലിക്കെത്തിയ ഇവരുടെ കുടുംബങ്ങളുടെ സ്ഥിതി ദയനീയമാണന്നും പറയുന്നു. ഡിഎഫ്ഒക്കും, സിസിഎഫ് നും പരാതി നൽകിയിട്ടുണ്ട്. ചാലക്കുടി വനം ഡിവിഷനു കീഴിലെ പരിയാരം, വെള്ളിക്കുളങ്ങര, പാലപ്പിള്ളി റേഞ്ചിന് കീഴിലുള്ള ഒട്ടേറെ പേരുടെയും സ്ഥിതി ഇതാണ്. വെള്ളിക്കുളങ്ങര റേഞ്ചിന് കീഴിൽ ചന്ദന മരങ്ങൾ കൂടുതലുള്ള പ്രദേശത്ത് സാന്റൽ പ്രൊട്ടക്ഷൻ വാച്ചർമാർക്ക് ചന്ദനമോഷണം തടയുന്നതിന് കാടിനുള്ളിലെ ഷെഡിൽ രാത്രിയിലും കാവലിരിക്കേണ്ടിവരുന്നുണ്ട്.

## സഞ്ചരിക്കുന്നആശുപത്രി കയ്പമംഗലത്തും

**തൃശൂർ:** സഞ്ചരിക്കുന്ന ആശുപത്രി കയ്പമംഗലം പഞ്ചായത്തിലും. പീസ് വാലി-ആസ്റ്റർ വോളന്റിയേഴ്സിന്റെ ജില്ലയിൽ എല്ലായിടത്തും സഞ്ചരിക്കുന്ന ആശുപത്രിയാണ് കയ്പമംഗലത്തും സ്ക്രീനിംഗ് ക്യാമ്പ് നടത്തിയത്. വിജയഭാരതി സ്കൂളിൽ നടന്ന മെഡിക്കൽ ക്യാമ്പ് ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ ഉൾപ്പടെ നിരവധിപേർ പരിശോധനയ്ക്ക് വിധേയരായി. രണ്ട് ഡോക്ടർമാർ, നേഴ്സ്, പേഷ്യന്റ് കെയർ ഫെസിലിറ്റേറ്റർ, സന്നദ്ധ പ്രവർത്തകർ എന്നിവരാണ് സഞ്ചരിക്കുന്ന ആശുപത്രിയിലുള്ളത്. സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി ഒരേ സമയം മൂന്നു പേരെ മാത്രമാണ് പരിശോധിച്ചത്. രോഗ ലക്ഷണങ്ങൾ ഉള്ളവരുടെ വിശദാംശങ്ങൾ ആരോഗ്യവകുപ്പിന് നൽകുന്ന രീതിയാണ്.

## Adnbn¸v

### അപേക്ഷിക്കാം

**പാലക്കാട്:** സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവരും വിവിധ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന പട്ടികജാതി വിദ്യാർഥികൾക്ക് മെഡിക്കൽ/എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലന ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷകർ സയൻസ് വിഷയമെടുത്ത് പ്ലസ് വൺ പഠിക്കുന്നവരും എസ്എസ്എൽസിയ്ക്ക് എല്ലാ വിഷയങ്ങൾക്കും ബി പ്ലസ് ഗ്രേഡിൽ കുറയാതെ മാർക്ക് നേടിയവരും കുടുംബ വാർഷികവരുമാനം നാലര ലക്ഷം രൂപയിൽ കുറവുള്ളവരായിരിക്കണം.പൂരിപ്പിച്ച അപേക്ഷയോടൊപ്പം ജാതി, വരുമാനം, എസ്എസ്എൽസി മാർക്ക് ലിസ്റ്റ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിൻറെ പകർപ്പ്, കോച്ചിംഗ് സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രവും ഫീസ് അടച്ച രസീതും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി ഫെബ്രുവരി 11 ന് വൈകിട്ട് അഞ്ചിനകം പാലക്കാട് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കു നൽകണം. അപേക്ഷഫോറം ജില്ലാ, ബ്ലോക്ക്, മുനിസിപ്പൽ പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും. ഫോൺ 0491 2505005.

## Ncaw

### കൃഷ്ണൻകുട്ടി

ഷൊർണൂർ: കവളപ്പാറ കാരക്കാട് കൊടക്കാട്ട് പറമ്പിൽ കൃഷ്ണൻകുട്ടി (77) അന്തരിച്ചു. ഭാര്യ: കൊടക്കാട്ട് പറമ്പിൽ സരോജിനി. മക്കൾ: സന്തോഷ് കുമാർ, സുരേഷ് കുമാർ, സന്ധ്യ. മരുമക്കൾ: കെ.എസ്.വിജയലക്ഷ്മി, ഇ.പി.വിജയലക്ഷ്മി, രാജൻ.

### ലക്ഷ്മി

**ഒറ്റപ്പാലം:** മനിശ്ശേരി ലക്ഷ്മി വിഹാറിൽ പി.ആർ.രണദേവൻ (71) മുംബൈയിൽ അന്തരിച്ചു. ഭാര്യ: വീണാത്ത് ഏറത്ത് രമണി. മക്കൾ: രശ്മി, അശ്വതി. മരുമക്കൾ: സുരേഷ്കുമാർ, സച്ചിൻ പേശലാങ്കൻ.

### സൗദ

**ചുണ്ടമ്പറ്റ:** തത്തനംപുള്ളി സൗദ (41) അന്തരിച്ചു. ഭർത്താവ്: ചോലയിൽ അബൂബക്കർ. മക്കൾ: ഷിഫ, ആയിഷ ലബീബ, ഹാദിയ, പരേതയായ അസ്മ ഷെറിൻ. മരുമകൻ: റഊഫ് ചെമ്മല.



# സഞ്ജിത് കൊലപാതകം; എസ്ഡിപിഐ പ്രവർത്തകൻ പിടിയിൽ

**പാലക്കാട്:** മമ്പറത്ത് ആർഎസ്എസ് നേതാവ് സഞ്ജിത്തിന്റെ കൊലപാതകത്തിൽ ഒരാൾ കൂടി അറസ്റ്റിലായി. അത്തിക്കോട് സ്വദേശിയായ എസ്ഡിപിഐ പ്രവർത്തകനാണ് പിടിയിലായത്. കൊലപാതകത്തിൽ നേരിട്ട് പങ്കെടുത്ത ആളാണ് ഇയാൾ. ഇതോടെ കൃത്യത്തിൽ പങ്കാളികളായ അഞ്ചുപേരും അറസ്റ്റിലായി. നവംബർ പതിനഞ്ചിന് പട്ടാപ്പകൽ ഭാര്യയുടെ മുന്നിലിട്ടാണ് സഞ്ജിത്തിനെ കൊലപ്പെടുത്തിയത്.

# 5.71 ഗ്രാം എംഡിഎംഎയുമായി യുവാവ് പിടിയിൽ

**പാലക്കാട്:** മാരക മയക്കുമരുന്നിനത്തിൽപെട്ട 5.71 ഗ്രാം എംഡിഎംഎയുമായി യുവാവിനെ ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും പുതുനഗരം പൊലീസും നടത്തിയ പരിശോധനയിൽ പിടികൂടി. ഒറ്റപ്പാലം തോട്ടക്കര സ്വദേശി ആഷിക്(27)ആണ് അറസ്റ്റിലായത്. 'മിഷൻ ഡാഡ്' ഓപ്പറേഷന്റെ(ഡ്രൈവ് എഗൈൻസ്റ്റ് ഡ്രഗ്) ഭാഗമായി നടത്തിയ പരിശോധനയിലാണ് പെരുവെമ്പ് അപ്പളം പ്രദേശത്ത് കാറിൽ വിൽപ്പനക്കെത്തിയ പ്രതിയെ പിടികൂടിയത്. ആവശ്യക്കാർ ഫോണിൽ ബന്ധപ്പെട്ടാൽ കാറിൽ കൊണ്ടുപോയി നൽകുകയാണ് രീതി. ബംഗളൂരുവിൽനിന്നാണ് ഇത് ലഭിക്കുന്നതെന്ന് പൊലീസിന് സൂചന ലഭിച്ചു. പിടികൂടിയ മയക്കുമരുന്നിന് കാൽലക്ഷംരൂപ വിലവരും. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. നാർകോട്ടിക് സെൽ ഡിവൈഎസ്പി സി ഡി ശ്രീനിവാസൻ, പുതുനഗരം എസ്ഐ കെ അജിത്, സീനിയർ സിപിഒമാരായ മണികണ്ഠൻ, സതീഷ്, ഹോംഗാർഡ് കൃഷ്ണദാസ്, ഒറ്റപ്പാലം എഎസ്ഐ ജോസഫ്, ലഹരിവിരുദ്ധ സ്ക്വാഡ് അംഗങ്ങളായ ടി ആർ സുനിൽ കുമാർ, റഹീംമുത്തു, കൃഷ്ണദാസ്, കെ അഹമ്മദ് കബീർ, ആർ രാജീദ്, എസ് ഷമീർ എന്നിവരടങ്ങിയ സംഘമാണ് എംഡിഎംഎ പിടികൂടിയത്.

# കരുതൽ ഡോസ് വാക്സിനേഷൻ തുടങ്ങി

**മണ്ണാർക്കാട്:** കോവിഡ് പ്രതിരോധത്തിനായി കോട്ടോപ്പാടത്ത് കരുതൽ ഡോസ് വാക്സിനേഷൻ ആരംഭിച്ചു. കോട്ടോപ്പാടം ഗ്രാമപഞ്ചായത്തിൽ കോവിഡ് വാക്സിനേഷൻ ഒന്നാം ഡോസും രണ്ടാം ഡോസും 98% പൂർത്തീകരിച്ചതിനെ തുടർന്നാണ് കോവിഡ് വാക്സിനേഷൻറെ കരുതൽ ഡോസ് കുത്തിവയ്പ് ആരംഭിച്ചതെന്നു പഞ്ചായത്ത് അധികൃതർ പറഞ്ഞു. ഗ്രാമപഞ്ചായത്ത് തല ഔപചാരിക ഉദ്ഘാടനം പ്രസിഡൻറ് അക്കര ജസീന നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പാറയൽ മുഹമ്മദാലി അധ്യക്ഷത വഹിച്ചു. മെഡിക്കൽ ഓഫീസർ ഡോ.അബ്ദു കല്ലടി, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ റജീന, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൻ റഫീന, വാർഡ് മെമ്പർമാരായ ഇർഷാദ്, റഷീദ തുടങ്ങിയവർ പങ്കെടുത്തു.

# ട്രാഫിക് പരിഷ്കരണം അവതാളത്തിൽ

**മണ്ണാർക്കാട്:** നഗരത്തിൽ ട്രാഫിക് റഗുലേറ്ററി കമ്മിറ്റി നടപ്പിലാക്കിയ പരിഷ്കരണങ്ങൾ അവതാളത്തിൽ. മുല്ലാസിനു മുമ്പിൽ സിപിഎം, സിഐടിയു പ്രവർത്തകർ ബസുകളെ തടഞ്ഞുനിർത്തി ആളുകളെ ഇറക്കി.ട്രാഫിക് റഗുലേറ്ററി കമ്മിറ്റി തീരുമാനപ്രകാരം ഇവിടെയുള്ള ബസ് സ്റ്റോപ്പ് കഴിഞ്ഞദിവസം കോടതിപ്പടി പൊതുമരാമത്ത് ഓഫീസിനു മുന്പിലേക്കു മാറ്റിയിരുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി സിപിഎം, സിഐടിയു പ്രവർത്തകർ ട്രാഫിക് പരിഷ്കരണങ്ങൾക്കെതിരെ രംഗത്തുവന്നിരുന്നു. ഇതിനു പിന്നാലെ ഇന്നലെ മുതൽ പോലീസ് ട്രാഫിക് നിയന്ത്രണത്തിൽനിന്ന് പിന്മാറിയിരുന്നു. ഇതിനുപിന്നാലെയാണ് സിപിഎമ്മിൻറെ പരസ്യമായ നടപടി. സിപിഎം ട്രാഫിക് പരിഷ്കരണത്തിനെതിരെ കോടതിപ്പടിയിൽ നടത്തിയത് അപഹാസ്യവും നിയമവിരുദ്ധവുമാണെന്ന് നഗരസഭ ചെയർമാൻ സി.മുഹമ്മദ് ബഷീർ പറഞ്ഞു. ഇതിനെതിരെ പോലീസ് കേസെടുക്കണമെന്നും ചെയർമാൻ ആവശ്യപ്പെട്ടു. ട്രാഫിക് പരിഷ്കരണം വിജയിച്ചപ്പോഴുള്ള അസൂയയാണ് സിപിഎമ്മിനെന്നും ചെയർമാൻ പറഞ്ഞു.ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുക മാത്രമാണ് തന്റെ ലക്ഷ്യമെന്നും മറ്റൊരു നിലപാടും ഇക്കാര്യത്തിൽ തനിക്കില്ലെന്നും ചെയർമാൻ 'ദീപിക'യോടു പറഞ്ഞു. പരിഷ്കരണം ഏകപക്ഷീയ തീരുമാനമല്ല. അതിനായി നാലോ അഞ്ചോ യോഗങ്ങൾ വിളിച്ചുചേർത്ത് മണിക്കൂറുകൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിലെല്ലാം സിപിഎം, സിഐടിയു പ്രതിനിധികൾ ഉണ്ടായിട്ടുണ്ട്. എല്ലാവരും ചേർന്നെടുത്ത തീരുമാനങ്ങൾ ഏകീകരിച്ച് അതിലെ ചിലതാണ് നടപ്പിലാക്കിയത്. ഇത് അന്തിമമല്ല. നടപ്പിലാക്കിയതിനുശേഷം വ്യാപാരികളും ഓട്ടോ തൊഴിലാളികളുമെല്ലാം പരാതിയുമായി സമീപിച്ചിട്ടുണ്ട്. അത് അടുത്ത ട്രാഫിക് റെഗുലേറ്ററി കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഉചിത തീരുമാനമെടുക്കും. സിപിഎമ്മും ചില മാറ്റങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതും ചർച്ച ചെയ്തു സ്വീകരിക്കുന്നതിൽ തനിക്ക് എതിർപ്പില്ലെന്നും ചെയർമാൻ പറഞ്ഞു. അടിസ്ഥാനമില്ലാത്ത മറ്റു കാര്യങ്ങൾ ആരോപിക്കുന്നതു നഗര പരിഷ്കരണത്തിൻറെ വിജയത്തിൽ ഉണ്ടായ അസഹിഷ്ണുത മാത്രമാണെന്നും സി.മുഹമ്മദ് ബഷീർ പറഞ്ഞു.

# കാർഷിക – വ്യവസായ മേഖലയ്ക്ക് അവഗണന ജില്ലയ്–ക്ക് നിരാശ

**പാലക്കാട്:** അടിസ്ഥാന വിഭാഗത്തെ അവഗണിച്ച് സ്വകാര്യവൽക്കരണത്തിനും കോർപറേറ്റുവൽക്കരണത്തിനും ഊന്നൽ നൽകുന്ന കേന്ദ്ര ബജറ്റിൽ ജില്ലയ്ക്ക് നിരാശ മാത്രം. പതിവുപോലെ സാധാരണക്കാരന്റെ പ്രതീക്ഷകളെ അസ്ഥാനത്താക്കിയുള്ള ബജറ്റാണ് കേന്ദ്രമന്ത്രി അവതരിപ്പിച്ചത്. ജില്ലയുടെ സ്വപ്നമായ കോച്ച്ഫാക്ടറിയെപ്പറ്റി മിണ്ടിയതേയില്ല. ഏറെ വികസനസാധ്യതകളുള്ള പാലക്കാട് റെയിൽവേ ഡിവിഷനും ഒന്നുമില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കുന്നതിന് വേഗം കൂടുന്നതോടെ കഞ്ചിക്കോട് ഉൾപ്പെടെ വ്യവസായമേഖലയ്ക്ക് വൻ തിരിച്ചടിയാവും. ബെമൽ വിൽപ്പന ഈ സാമ്പത്തികവർഷംതന്നെയുണ്ടാകുമെന്ന് ഉറപ്പിക്കുന്ന ബജറ്റിൽ പ്രതിരോധമേഖലയും കോർപറേറ്റുകൾക്ക് അടിയറവ് വയ്ക്കുമെന്ന് പ്രഖ്യാപിക്കുന്നു. പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ സംസ്ഥാന സർക്കാരിന് കൈമാറുന്നത് സംബന്ധിച്ചും ബജറ്റ് മൗനം പാലിച്ചു. കാർഷിക മേഖലയായ ജില്ലയുടെ ഈ മേഖലയിലെ പ്രതീക്ഷയും അസ്ഥാനത്താണ്. നെല്ലിന്റെ താങ്ങുവിലയെങ്കിലും കൂട്ടുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഉണ്ടായില്ല. തൊഴിലുറപ്പിന് തുക നീക്കിവച്ചെങ്കിലും മുൻവർഷത്തേക്കാൾ കൂടിയില്ല.വ്യവസായ മേഖലയ്ക്ക് നിരാശ വ്യവസായ പ്രോത്സാഹനത്തിന് പ്രത്യേക പദ്ധതികളൊന്നും ബജറ്റിലില്ല. കൊച്ചി–ബംഗളൂരു വ്യവസായ ഇടനാഴിയ്ക്ക് തുക നീക്കിവയ്ക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഒരുവാക്കുപോലും പരാമർശിക്കുന്നില്ല. പിഎഫ് പെൻഷൻ കുറഞ്ഞത് 3,000രൂപയാക്കുമെന്ന് കരുതിയെങ്കിലും കബളിപ്പിക്കപ്പെട്ടു. ഇഎസ്ഐപരിധി വർധിപ്പിച്ചില്ല. കോവിഡ് കാലത്ത് പ്രതിസന്ധി നേരിടുന്ന വ്യവസായങ്ങളെക്കുറിച്ചോ തൊഴിലാളികളെക്കുറിച്ചോ മിണ്ടാട്ടമില്ല. കഴിഞ്ഞ ബജറ്റിലേതുപോലെ ഇത്തവണയും ചെറുകിട വ്യവസായങ്ങൾക്ക് തുക പ്രഖ്യാപിച്ച് കബളിപ്പിച്ചു. കഞ്ചിക്കോട് മേഖലയിൽമാത്രം ഇരുപതിനായിരത്തോളം ചെറുകിട വ്യവസായ യൂണിറ്റുണ്ട്.റെയിൽവേയ്ക്ക് ഒന്നുമില്ല ഏറെ പ്രതീക്ഷയോടെ കാത്തിരുന്നെങ്കിലും പാലക്കാട് ഡിവിഷന് ഒന്നുമില്ല. പാലക്കാട് ടൗൺ റെയിൽവേ സ്റ്റേഷനെ ട്രെയിൻ ഒറിജിനേറ്റിങ് സ്റ്റേഷനാക്കി മാറ്റുക, ഇന്റർസിറ്റി, മെമു, പാസഞ്ചർ ട്രെയിനുകൾ കൂടുതൽ ആരംഭിക്കുക, ഷൊർണൂരിൽ ട്രയാങ്കുലർ സ്റ്റേഷൻ, പാലക്കാട് മെമു ഷെഡ് നവീകരണം, സ്റ്റേഷനുകളുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം, ഷൊർണൂരിൽ പിറ്റ് ലൈൻ തുടങ്ങി പ്രതീക്ഷകളൊക്കെ അസ്ഥാനത്തായി. 100 വന്ദേ ഭാരത് ട്രെയിനുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇതിൽ എത്രയെണ്ണം സംസ്ഥാനത്തിന് ഗുണമാകുമെന്ന് കണ്ടറിയണം. കോവിഡിന്റെ മറവിൽ സ്പെഷ്യൽ ട്രെയിനുകൾ എന്ന് പേരുമാറ്റിയുള്ള നിരക്ക് വർധന പിൻവലിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും ഉണ്ടായില്ല. കോവിഡിന്റെ പേരിൽ നിർത്തിയ യാത്രാസൗജന്യങ്ങളും പുനഃസ്ഥാപിച്ചില്ല.കാർഷികമേഖലയിൽ തട്ടിപ്പ് ജൈവകൃഷിക്ക് പ്രോത്സാഹനമെന്ന പേരിൽ കർഷകരുടെ കണ്ണിൽപൊടിയിടുകയാണ് കേന്ദ്ര ബജറ്റ്. പ്രോത്സാഹനമെന്ന് പറയുന്നതല്ലാതെ എന്തൊക്കെയാണ് നടപടികളെന്ന് വ്യക്തമല്ല. കാർഷികമേഖലയ്ക്ക് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞ തുകയാണ് നീക്കിവച്ചത്. വളം സബ്സിഡി വീണ്ടും 20 ശതമാനം വെട്ടിക്കുറച്ചു. താങ്ങുവില നൽകാൻ തുക നീക്കിവച്ചിട്ടുണ്ട്. എന്നാൽ, നെല്ലിനും റബ്ബറിനുമൊക്കെ താങ്ങുവില വർധിപ്പിക്കണമെന്ന ആവശ്യം അവഗണിച്ചു.



# മേൽക്കൂരകളിൽ വിളയുന്നു 1.5 ലക്ഷം യൂണിറ്റ് വൈദ്യുതി

**പാലക്കാട്:** പുരപ്പുറങ്ങൾ വൈദ്യുതിനിലയങ്ങളാക്കി മാറ്റുന്ന കെഎസ്ഇബിയുടെ 'സൗര' പദ്ധതി ജില്ലയിൽ വൻ വിജയം. പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലുമായി ജില്ലയിൽ 1,52,400 യൂണിറ്റ് വൈദ്യുതിയാണ് മാസം ഉൽപ്പാദിപ്പിക്കുന്നത്. പാലക്കാട്, ഷൊർണൂർ സർക്കിളുകളിൽ 232 സൗര വൈദ്യുതിനിലയങ്ങൾ പ്രവർത്തനം ആരംഭിച്ചു.പാലക്കാട് 178 നിലയങ്ങളിൽനിന്ന് മാസം 1,05,240 യൂണിറ്റും ഷൊർണൂരിൽ 54 നിലയങ്ങളിൽനിന്ന് മാസം 47160 യൂണിറ്റുമാണ് ഉൽപ്പാദനം. ആദ്യഘട്ടം സർക്കാർ സ്ഥാപനങ്ങൾ, വീടുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽ സൗജന്യമായും രണ്ടാംഘട്ടത്തിൽ വീടിന്റെ മേൽക്കൂരകളിൽ സബ്സിഡി നൽകിയുമാണ് പദ്ധതി നടപ്പാക്കിയത്. വൈദ്യുതി ചാർജ് ലാഭിക്കാമെന്നതും വർഷികാടിസ്ഥാനത്തിൽ ലഭിക്കാനിടയുള്ള അധികവരുമാനവും ആളുകളെ പദ്ധതിയിലേക്ക് ആകർഷിക്കുന്നു.ആദ്യഘട്ടം സൗജന്യംപദ്ധതിയുടെ ആദ്യഘട്ടം പൂർണമായും സൗജന്യമായാണ് കെഎസ്ഇബി പദ്ധതി നടപ്പാക്കിയത്. കൂടുതലും സർക്കാർസ്ഥാപനങ്ങളുടെ മേൽക്കൂരകളിലാണ് നിലയങ്ങൾ സ്ഥാപിച്ചത്. കെഎസ്ഇബിയുമായി കരാറിലെത്തിയ ചില ഗാർഹിക ഉപഭോക്താക്കളെയും സ്വകാര്യ വ്യവസായസ്ഥാപനങ്ങളെയും പരിഗണിച്ചു. വീടുകളും സ്വകാര്യസ്ഥാപനങ്ങളും 25 വർഷത്തേയ്ക്ക് കൈമാറ്റം ചെയ്യില്ലെന്ന ഉറപ്പിന്മേലാണ് സൗജന്യമായി സോളാർനിലയം സ്ഥാപിച്ചുനൽകിയത്. പാലക്കാട് 132 സ്ഥാപനങ്ങളിൽ 1.374 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം കെഎസ്ഇബി ലക്ഷ്യമിടുന്നു. 75 നിലയങ്ങൾ പൂർത്തിയായി. 487 കിലോവാട്ടാണ് ഇവയുടെ ശേഷി. ഈ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് മിച്ചമുള്ള വൈദ്യുതി കെഎസ്ഇബിയുടെ വൈദ്യുതിപൂളിലേക്കാണ് പോകുക. നിലയങ്ങളിൽ വലുത് മലമ്പുഴ ജില്ലാ ജയിലിലാണ്. 77 കിലോവാട്ടാണ് ശേഷി. ഷൊർണൂരിൽ 74 എണ്ണത്തിൽ 34 നിലയം പ്രവർത്തനം ആരംഭിച്ചു. 316 കിലോവാട്ടാണ് ശേഷി. 15 എണ്ണത്തിന്റെ നിർമാണം പൂർത്തിയായി. ഇവ ഉടൻ ഗ്രിഡുമായി ബന്ധിപ്പിക്കും.പുരപ്പുറങ്ങളിൽ രണ്ടാംഘട്ടംരണ്ടാംഘട്ടം 40 ശതമാനം വരെ സബ്സിഡിയോടെ ഗാർഹിക ഉപഭോക്താക്കൾക്കാണ് മേൽക്കൂരകളിൽ സൗര വൈദ്യുതിനിലയം ഒരുക്കാൻ അവസരം നൽകിയത്. 100 ചതുരശ്ര അടിക്ക് ഒരു കിലോവാട്ട് കണക്കിൽ 10 കിലോവാട്ട് ശേഷിയുള്ള പാനലുകൾവരെ സ്ഥാപിക്കാം. പാലക്കാട് 1,476 പേർ പദ്ധതിക്ക് അപേക്ഷിച്ചു. 103 വീടുകളുടെ മുകളിൽ സൗരനിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. 390 കിലോവാട്ടാണ് ആകെ ശേഷി. ഷൊർണൂരിൽ 711 അപേക്ഷ ലഭിച്ചു. 2.6 മെഗാവാട്ട് ഉൽപ്പാദനമാണ് പ്രതീക്ഷിക്കുന്നത്. 21 നിലയങ്ങൾ പൂർത്തിയായി. 77 കിലോവാട്ടാണ് ഉൽപ്പാദനം. അവസരമേറെ, ഉടൻ അപേക്ഷിക്കാംസൗരപദ്ധതി രണ്ടാംഘട്ടം താൽപ്പര്യമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷ ലഭിച്ച് 100 ദിവസത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിക്കുമെന്നാണ് കെഎസ്ഇബി ഉദ്യോഗസ്ഥർ പറയുന്നത്. കെഎസ്ഇബിയുടെ ലസശ്യമി.സലെയ.ശി വഴിയാണ് അപേക്ഷിക്കേണ്ടത്. സബ്സിഡി വിവരങ്ങളും ഉപഭോക്താവ് നൽകേണ്ട തുകയുടെ വിശദാംശങ്ങളും ഈ സൈറ്റിൽനിന്ന് ലഭിക്കും.



## Adnbn¸v

### അസിസ്റ്റന്റ് ഒഴിവ്

പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ എസ്.ടി വിഭാഗത്തിനായി സംവരണം ചെയ്ത പ്രൊജക്ട് അസിസ്റ്റന്റ് ഒഴിവിലേക്ക് താല്കാലികമായി നിയമിക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം, നിർമ്മാണ പ്രവർത്തനങ്ങളുടെ ജിയോടാഗിംഗ്, ഈ–ഗ്രാമസ്വരാജ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുക, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയോഗിക്കുന്ന മറ്റുചുമതലകൾ എന്നിവ പ്രോജക്ട് അസിസ്റ്റന്റിന്റെ ഉത്തരവാദിത്തമായിരിക്കും. യോഗ്യത– സംസ്ഥാന സാങ്കേതിക പരീക്ഷാ–കൺട്രോളർ/സാങ്കേതിക വിദ്യാഭ്യാസബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഡി.സി.പി.)/ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് പാസാവണം. അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കുന്ന ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള്ളഅംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസ്സായിരിക്കണം. പ്രായപരിധി 2022 ജനുവരി 1 –ന് 18 നും 33 നും ഇടയിൽ. കൂടിക്കാഴ്ച ഫെബ്രുവരി 7 –ന് രാവിലെ 11 ന് പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ ഫോൺ – 0497 2255655.

## Ncaw

### കുഞ്ഞീമ

**തിരുനാവായ:** താഴത്തറ കുറുവിൽ കുഞ്ഞീമ (75) അന്തരിച്ചു. ഭർത്താവ്: പരേതനായ ആലിയാമു. മക്കൾ: കുഞ്ഞീതു, മുഹമ്മദ് കുട്ടി, സുലൈഖ, ഫാത്തിമ. മരുമക്കൾ: അസൈനാർ, ബഷീർ, നഫീസ, ഫാത്തിമ

### ചൂലൻ

**ഒതുക്കുങ്ങൽ:** മറ്റത്തൂർ പാറങ്ങാടി മറ്റത്തൂർ ദേവർ ക്ഷേത്രത്തിലെ കാരണവർ ആയിരുന്ന മേലോൻകുന്നത്ത് ചൂലൻ (80) അന്തരിച്ചു. ഭാര്യ: സരോജിനി. മക്കൾ: ഗോപാലകൃഷ്ണൻ (ജില്ലാ ബാങ്ക് ഡയറക്ടർ), മോളി, വിജയൻ, വിനോദ്, ഉഷ. മരുമക്കൾ: ശാന്ത, അശ്വതി, വന്ദന, വേലായുധൻ, അപ്പുക്കുട്ടൻ.




# കലിക്കറ്റ് സർവകലാശാലാ ജീവനക്കാരനെ സസ്പെൻഡ് ചെയ്തു

**തേഞ്ഞിപ്പലം:** പ്രീഡിഗ്രി മാർക്ക് ലിസ്റ്റിലെ പേര് തിരുത്താനെത്തിയ അപേക്ഷകനിൽനിന്ന് കൈക്കൂലി വാങ്ങിയെന്ന പരാതിയിൽ കലിക്കറ്റ് സർവകലാശാലാ ജീവനക്കാരനെ സസ്പെൻഡ് ചെയ്തു. പരീക്ഷാഭവനിലെ പ്രീഡിഗ്രി വിഭാഗം അസിസ്റ്റന്റ് എം കെ മൻസൂറിനെയാണ് വൈസ് ചാൻസലർ ഡോ. എം കെ ജയരാജ് സസ്പെൻഡ് ചെയ്തത്. പരാതി ഉയർന്ന ഉടൻ രജിസ്ട്രാർ ഓഫീസിൽനിന്ന് ബ്രാഞ്ച് ഓഫീസറോട് റിപ്പോർട്ട് തേടിയിരുന്നു. ഇതനുസരിച്ച് ചൊവ്വാഴ്ച രാവിലെതന്നെ ബ്രാഞ്ച് ഓഫീസർ റിപ്പോർട്ട് നൽകി. അപേക്ഷകനിൽനിന്ന് മൻസൂർ 5000 രൂപ ഗൂഗിൾ പേ വഴി കൈക്കൂലി വാങ്ങിയെന്നും അപേക്ഷയോടൊപ്പം ഉണ്ടായിരുന്ന 50 രൂപയുടെ ചലാൻ തിരുത്തി 1350 രൂപയെന്നാക്കി മാറ്റിയെന്നുമാണ് പരാതി. ബ്രാഞ്ച് ഓഫീസർ നൽകിയ റിപ്പോർട്ട് ഇത് ശരിവയ്ക്കുന്നു. സർവകലാശാലയിലെ അനധ്യാപക നിയമനങ്ങൾ പിഎസ് സിക്ക് വിടുന്നതിന് തൊട്ടുമുമ്പെ യുഡിഎഫ് സിൻഡിക്കറ്റ് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടയാളാണ് മൻസൂർ. ഇതുസംബന്ധിച്ച കേസിലെ ഹൈക്കോടതി വിധിയുടെ തുണയിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റുമാരുടെ കൂട്ടത്തിൽ ഉള്ള ജീവനക്കാരനാണ്. കേസ് നിലവിൽ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. യുഡിഎഫ് സിൻഡിക്കറ്റ് അന്ന് തയ്യാറാക്കിയ ലിസ്റ്റിനെതിരെ വൻതോതിൽ ആരോപണങ്ങൾ ഉയർന്നിരുന്നു. ലിസ്റ്റ് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ അന്നത്തെ സിൻഡിക്കറ്റംഗം ഇന്ന് മുസ്ലിംലീഗ് വള്ളിക്കുന്ന് മണ്ഡലം പ്രസിഡന്റാണ്. പരീക്ഷാഭവനിലെ മറ്റൊരു ജീവനക്കാരന് നേരെയും കൈക്കൂലി ആരോപണം ഉയർന്നിരുന്നു. വൈസ് ചാൻസലറുടെ നിർദേശപ്രകാരം ഇത് പിവിസി ഡോ. എം നാസർ അന്വേഷിക്കുകയാണ്. അഞ്ച് രൂപയ്ക്ക് പകരം 500 രൂപ വാങ്ങിയെന്നാണ് ആരോപണം. ബുധനാഴ്ച രാവിലെ ഓൺലൈനായി ഹിയറിങ് നടത്തി ഉച്ചയ്ക്ക് ശേഷം പിവിസി റിപ്പോർട്ട് നൽകുമെന്നാണ് സൂചന.

# ശക്തമായ നടപടി വേണം: എംപ്ലോയീസ് യൂണിയൻ

**തേഞ്ഞിപ്പലം:** കലിക്കറ്റ് സർവകലാശാല പരീക്ഷാഭവനിൽ ജോലി ചെയ്യുന്ന രണ്ട് ജീവനക്കാർ വിദ്യാർഥികളിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന ആരോപണം അത്യന്തം ഗൗരവമുള്ളതാണെന്ന് കലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ പ്രസ്താവനയിൽ പറഞ്ഞു. നാളിതുവരെ അഴിമതിയുടെ കറപുരളാത്ത സർവകലാശാലകളുടെ യശസ്സിന് കളങ്കം ചാർത്തുന്ന ഈ നടപടി പ്രതിഷേധാർഹമാണ്. ഇപ്പോഴുണ്ടായ ആരോപണങ്ങളിൽ നീതിയുക്തമായ അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണം. ആരോപണവിധേയർ ഭരണാനുകൂല സംഘടനാ അംഗങ്ങളാണെന്ന സ്ഥലം എംഎൽഎയുടെയും ലീഗ് സിൻഡിക്കറ്റ് അംഗത്തിന്റെയും പ്രചാരണം അടിസ്ഥാനരഹിതമാണ്. ആരോപണ വിധേയരായ രണ്ട് ജീവനക്കാരും കലിക്കറ്റ് യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ അംഗങ്ങളല്ല. പ്രസ്താവന പിൻവലിച്ച് മാപ്പ് പറയാൻ എംഎൽഎയും സിൻഡിക്കറ്റ് അംഗവും തയ്യാറാവണം. ഈ സിൻഡിക്കറ്റംഗം നിരന്തരമായി സർവകലാശാലയെ തകർക്കുന്നതിനായി മാധ്യമങ്ങളിലൂടെ വ്യാജ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. സർവകലാശാലയുടെ പുരോഗതിക്ക് തടസ്സം സൃഷ്ടിക്കുന്ന രൂപത്തിൽ നിരന്തരം വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്ന ഇദ്ദേഹത്തിന് സങ്കുചിത രാഷ്ട്രീയ ലക്ഷ്യമാണുള്ളതെന്നും യൂണിയൻ പ്രസിഡന്റ് വി എസ് നിഖിലും സെക്രട്ടറി ടി ശബീഷും പറഞ്ഞു.

# ബിരുദ ചോദ്യക്കടലാസ് വിതരണം പോർട്ടൽ വഴി തുടരാൻ തീരുമാനം

**തേഞ്ഞിപ്പലം:** കാലിക്കട്ട് സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബിരുദ പരീക്ഷാ ചോദ്യക്കടലാസ് വിതരണം ഓൺലൈൻ പോർട്ടലിലൂടെ തന്നെ സുരക്ഷിതമായി തുടരാൻ തീരുമാനം. കോളജ് പോർട്ടലിൽ അതത് കോളജുകളിലെ ഉത്തരവാദിത്തപ്പെട്ട പരീക്ഷാ സൂപ്രണ്ടുമാർക്കോ പ്രിൻസിപ്പൽമാർക്കോ പാസ് വേർഡ് ഉപയോഗിച്ച് തുറക്കാവുന്ന തരത്തിലാണ് ചോദ്യക്കടലാസ് നൽകുന്നത്. ഇതിന് ത്രിതല സുരക്ഷ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. കോളജുകളിലെ സാങ്കേതിക സംവിധാനങ്ങളുടെ അപര്യാപ്തത മൂലം പോർട്ടൽ ഉപയോഗിക്കാൻ കഴിയാതിരുന്ന രണ്ടോ മൂന്നോ സ്ഥാപനങ്ങൾക്കു മാത്രമാണ് സർവകലാശാല പ്രത്യേകം തയാറാക്കിയ ഇമെയിലിൽ ചോദ്യക്കടലാസ് നൽകിയത്. ഇതിലും എന്തെങ്കിലും സുരക്ഷാ ക്രമക്കേടുകളുണ്ടായാൽ കണ്ടെത്താൻ സംവിധാനമുണ്ട്.ബാക്കിവരുന്ന ഇരുനൂറ്റൻപതോളം സ്ഥാപനങ്ങൾ പോർട്ടൽ ഉപയോഗിച്ചു തന്നെയാണ് ചോദ്യക്കടലാസ് ഡൗൺലോഡ് ചെയ്തത്. കോവിഡ് കാലത്ത് ചോദ്യക്കടലാസുകൾ യഥാസമയം അച്ചടിച്ച് ലഭ്യമാക്കുന്നതിനുള്ള പ്രയാസവും സുരക്ഷാ മാനദണ്ഡങ്ങളും കണക്കിലെടുത്താണ് ഓൺലൈൻ സംവിധാനം നടപ്പാക്കിയത്. വരുന്ന പരീക്ഷകളിലും ഇത് തുടരുമെന്നും സിൻഡിക്കറ്റ് സമിതി കൺവീനർ ഡോ. ജി. റിജുലാൽ പറഞ്ഞു.

# അഭിമുഖം വാട്സാപ്പിൽ; അനധികൃത നിയമനവുമായി ജില്ലാ ബാങ്ക്

**മലപ്പുറം:** യുഡിഎഫ് നിയന്ത്രണത്തിലുള്ള ജില്ലാ സഹകരണ ബാങ്കിൽ അനധികൃത നിയമനത്തിനുള്ള അഭിമുഖം ബുധനാഴ്ച. പിഎസ്സിക്ക് വിട്ട തസ്തികകളിലാണ് ബാങ്ക് ഭരണസമിതി വഴിവിട്ട നിയമനം നടത്തുന്നത്. ഉദ്യോഗാർഥികൾക്ക് വാട്സാപ് മുഖേനയാണ് അഭിമുഖം. അഭിമുഖത്തിനുള്ള കത്തും വാട്സാപ് വഴിയാണ് അയച്ചതെന്ന് ആക്ഷേപമുണ്ട്. പരാതി ഉയർന്നതിനാൽ സഹകരണ വകുപ്പ് ജോ. രജിസ്ട്രാർ തടഞ്ഞ നിയമനമാണ് തിടുക്കപ്പെട്ട് വീണ്ടും നടത്തുന്നത്. ബാങ്ക് ഹെഡ് ഓഫീസിലും വിവിധ ശാഖകളിലുമായി പാർട് ടൈം സ്വീപ്പർ തസ്തികയിൽ 22 പേരെ നിയമിക്കാനാണ് നീക്കം. നേരത്തെ തയ്യാറാക്കിയ ലിസ്റ്റിൽനിന്ന് നിയമനം നടത്താനാണ് ശ്രമം. കഴിഞ്ഞ 25നാണ് 'മംഗളം' പത്രത്തിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചത്. ഒരാഴ്ചകൊണ്ട് പേരിന് അഭിമുഖം നടത്തി തിങ്കളാഴ്ച ചേരുന്ന ബോർഡ് യോഗം അംഗീകാരം നൽകും. ജില്ലാ ബാങ്കിലെ പ്യൂൺ തസ്തികയിൽ ആകെ ഒഴിവിന്റെ അഞ്ച് ശതമാനംമാത്രമേ ബാങ്കിന് നേരിട്ട് നിയമിക്കാനാകൂ. ബാക്കി നിയമനം പിഎസ്സി വഴിയാണ്. എന്നാൽ, 11 തസ്തികകളിൽ നേരിട്ടും 11 എണ്ണത്തിൽ സഹകരണ സംഘം ജീവനക്കാർക്കും നീക്കിവച്ചാണ് നിയമന നീക്കം. പ്യൂൺ തസ്തിക പിഎസ്സിക്ക് വിടാതിരിക്കാൻ പാർട് ടൈം സ്വീപ്പർമാരെ കൂട്ടത്തോടെ പ്യൂൺ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയായിരുന്നു. അനധികൃത സ്ഥാനക്കയറ്റത്തിനെതിരെ സഹകരണ വകുപ്പ് അന്വേഷണം നടത്തുന്നതിനിടെയാണ് നിയമനവുമായി ഭരണസമിതി വീണ്ടും മുന്നോട്ടുപോകുന്നത്.

# അനധികൃത നിയമന നീക്കത്തിൽനിന്ന് പിൻമാറണം

**മലപ്പുറം:** ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺമുതലുള്ള തസ്തികകളിലേക്ക് ടെലിഫോണിക് അഭിമുഖത്തിലൂടെ നിയമനം നടത്താനുള്ള ബാങ്ക് ഭരണസമിതി തീരുമാനം നടപ്പിലാക്കരുതെന്ന് ഡിവൈഎഫ്ഐ. കേരള പിഎസ്സി മുഖേനയാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺമുതലുള്ള എല്ലാ തസ്തികയിലേക്കും നിയമനങ്ങൾ നടത്തേണ്ടത്. ഇത് അട്ടിമറിക്കുന്ന നിലപാടാണ് ബാങ്ക് ഭരണസമിതി സ്വീകരിക്കുന്നത്. മുമ്പ് മാനദണ്ഡങ്ങൾ ലംഘിച്ച് 26 പാർട്ട് ടൈം സ്വീപ്പർമാരെ പ്യൂൺ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിരുന്നു. നിയമവിരുദ്ധമായി നൽകിയ പ്രൊമോഷൻ തടഞ്ഞ് സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും പ്രൊമോഷൻ ലഭിച്ച ജിവനക്കാരെക്കൊണ്ട് കേരള ഹൈക്കോടതിയിൽ കേസ് കൊടുത്ത് വിധി സമ്പാദിച്ചു. കേസ് ഇപ്പോഴും നിലനിൽക്കേയാണ് ബാങ്കിൽ വീണ്ടും അനധികൃത നിയമനത്തിന് അരങ്ങൊരുക്കുന്നത്. ഓൺലൈൻ, ടെലിഫോണിക് ഇന്റർവ്യൂ നടത്താൻ സഹകരണ നിയമത്തിൽ വ്യവസ്ഥ ഇല്ലെന്നിരിക്കെ പ്രചാരണം കുറവായ പത്രത്തിൽ പരസ്യം നൽകിയതുപോലും ഉദ്യോഗാർഥികളെ കബളിപ്പിക്കലാണ്. പൊതുമണ്ഡലത്തിൽനിന്നും ജോലി ലഭിക്കാൻ അർഹതയുള്ളവരെയും അഭ്യസ്തവിദ്യരായവരെയും മാറ്റിനിർത്തി പണംമാത്രം ലക്ഷ്യംവച്ച് സഹകരണ പ്രസ്ഥാനങ്ങൾക്ക് തന്നെ വെല്ലുവിളിയാകുന്ന തരത്തിൽ നിയമലംഘനം നടത്തിയ എംഡിസി ബാങ്കിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. ക്രമവിരുദ്ധമായ നിയമനം നിർത്തിവയ്ക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറിയറ്റ് പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു.




# മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടു; കാലിക്കട്ട് റീവാലുവേഷൻ ഫലം ഉടൻ

**മലപ്പുറം:** കാലിക്കട്ട് സർവകലാശാല നടത്തിയ ബിഎസ്സി ഫുഡ് ടെക്നോളജി നാലാം സെമസ്റ്റർ പരീക്ഷയുടെ റീവാലുവേഷൻ ഫലം പരമാവധി വേഗത്തിൽ പ്രസിദ്ധീകരിക്കാമെന്നു സർവകലാശാലാ രജിസ്ട്രാർ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനു ഉറപ്പു നൽകി. റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ് പരാതി തീർപ്പാക്കി. നാലാം സെമസ്റ്റർ പരീക്ഷയുടെ റീവാലുവേഷൻ ഫലം വൈകുന്നതിനെതിരേ കാടാന്പുഴ സ്വദേശിയായ വിദ്യാർഥിനി സമർപ്പിച്ച പരാതിയിൽ കമ്മീഷൻ കാലിക്കട്ട് സർവകലാശാല രജിസ്ട്രാറിൽ നിന്നു റിപ്പോർട്ട് വാങ്ങി. റീവാലുവേഷന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയതി 2021 ഓഗസ്റ്റ് 18 ആയിരുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. 65 പരീക്ഷകൾക്കു റീ വാലുവേഷനു വേണ്ടി 1549 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. റീവാലുവേഷൻ നടപടികൾ പുരോഗമിക്കുകയാണ്. രഹസ്യസ്വഭാവവും വിശ്വസ്യതയും സുതാര്യതയും ഉറപ്പാക്കാൻ വ്യക്തിഗതമായി ഫലം പ്രസിദ്ധീകരിക്കാൻ കഴിയില്ലെന്നു റിപ്പോർട്ടിൽ പറയുന്നു.

# മൗലാനയിൽ കാൻസർ വിഭാഗം വിപുലീകരിച്ചു

**പെരിന്തൽമണ്ണ:** ആസ്റ്റർ മിംസ് ഹോസ്പിറ്റലിൻറെ സഹകരണത്തോടെ പെരിന്തൽമണ്ണ മൗലാനയിലെ ഓങ്കോളജി വിഭാഗം വിപുലീകരിച്ചു. നജീബ് കാന്തപുരം എംഎൽഎ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. കെ.എ സീതി അധ്യക്ഷത വഹിച്ചു. നഗരസഭാ ചെയർമാൻ പി. ഷാജി, പി. അബ്ദുൾ ഹമീദ് എംഎൽഎ, നഗരസഭാ ആരോഗ്യവകുപ്പ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഷാൻസി നന്ദകുമാർ, ഐഎംഎ സംസ്ഥാന പ്രസിഡൻറ് ഡോ. സാമുവൽ കോശി, ഡോ. നൗഫൽ ബഷീർ (ആസ്റ്റർ മിംസ് ന്യൂറോ സർജൻ, സിഎംഎസ്), മൗലാന ആശുപത്രി ഡെപ്യൂട്ടിഡയറക്ടർമാരായ ഡോ.റിസ്വിൻഅഹമ്മദ്,ഹുസൈൻ ബാബു, ആസ്റ്റർ മിംസ് അഡ്മിനിസ്ട്രേറ്റർ ലുക്മാൻ, മൗലാനആശുപത്രിഅഡ്മിനിസ്ട്രേറ്റർ സൈതു മുഹമ്മദ്, അസിസ്റ്റൻറ് അഡ്മിനിസ്ട്രേറ്റർ രാംദാസ് എന്നിവർ പ്രസംഗിച്ചു.മൗലാന ആശുപത്രി മാനേജിംഗ് ഡയറക്ടർ അബ്ദുൾ റഷീദ്, ആസ്റ്റർ മിംസ് കേരള ആൻഡ് ഒമാൻ ഡയറക്ടർ ഫർഹാൻ യാസിൻ, സീനിയർ കൺസൾട്ടൻറ് ഡോ.കെ.വി ഗംഗാധരൻ എന്നിവർ അറിയിച്ചു. സാന്പത്തികമായി പിന്നാക്കം നിൽക്കുന്ന കാൻസർ രോഗികൾക്കു ജനപ്രതിനിധികളുടെ സാക്ഷ്യപത്രത്തോടെ കാൻസർ ചികിത്സ പൂർണമായും സൗജന്യമായി നൽകാനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും ഫർഹാൻ യാസിർ പറഞ്ഞു.

## അറിയിപ്പ്

### മിഷൻ ഇന്ദ്രധനുഷ് – ആദ്യഘട്ടം ഫെബ്രുവരി 7 മുതൽ



രണ്ടു വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെപ്പുകൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഇന്റൻസിഫൈഡ് മിഷൻ ഇന്ദ്ര ധനുഷിന്റെ ആദ്യ ഘട്ടം ജില്ലയിൽ 2022 ഫെബ്രുവരി 7 ന് ആരംഭിക്കും.പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജില്ലാ ടാസ്ക് ഫോഴ്സ് യോഗം ജില്ലാ കലക്ടർ ഡോ.എൻ.തേജ് ലോഹിത് റെഡ്ഡിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി ചേർന്നു. മൂന്ന് ഘട്ടങ്ങളായാണ് ജില്ലയിൽ മിഷൻ ഇന്ദ്ര ധനുഷ് നടപ്പിലാക്കുന്നത് . രണ്ടാംഘട്ടം മാർച്ച് 7 നും മൂന്നാം ഘട്ടം ഏപ്രിൽ 4 നും ആരംഭിക്കും. ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിലും ഫീൽഡ് തലത്തിൽ നേരിട്ട് ചെന്നും കുത്തിവെപ്പുകൾ നടത്താനുള്ള ക്രമീകരണങ്ങളാണ് ആസൂത്രണം ചെയ്യുന്നത്. പ്രതിരോധ കുത്തിവെപ്പിൽ പിറകിലുള്ള വളയം, കുറ്റ്യാടി, തിരുവള്ളൂർ, കൊടുവള്ളി പ്രദേശങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും. പ്രതിരോധ കുത്തിവെപ്പുകളിൽ 90 ശതമാനത്തിൽ കുറവുള്ള കേരളത്തിലെ ഒമ്പത് ജില്ലകളിൽ കോഴിക്കോടും ഉൾപ്പെട്ടിട്ടുണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം ജില്ലയിൽ രണ്ട് വയസ്സിനു താഴെയുള്ള 18,924 കുഞ്ഞുങ്ങൾക്കും 945 ഗർഭിണികൾക്കും പ്രതിരോധ കുത്തിവെപ്പുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹിക പ്രതിനിധികളുടെയും കൂട്ടായ്മയിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തും.യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ഉമ്മർ ഫാറൂഖ് വി , ജില്ലാ ആർ സി എച്ച് ഓഫീസർ ഡോ. മോഹൻ ദാസ് ടി, ഡബ്ല്യു എച്ച്ഒ സർവയലൻസ് മെഡിക്കൽ ഓഫീസർ ഡോ.സന്തോഷ് രാജഗോപാൽ, വിവിധ വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# കാട്ടാനക്കൂട്ടം ഇറങ്ങി വ്യാപകമായി കൃഷി നശിപ്പിച്ചു

**നാദാപുരം:** നീണ്ട ഇടവേളയ്ക്കു ശേഷം വിലങ്ങാട്ട് കാട്ടാനക്കൂട്ടം വീണ്ടും കാട്ടാനകളിറങ്ങി മലയങ്ങാട്ട് വിളകൾ വ്യാപകമായി നശിപ്പിച്ചു. പൂവത്താങ്കണ്ടി ഭാഗത്ത് രണ്ടര കിലോമീറ്റർ ഫെൻസിംഗ് പൂർത്തിയായെങ്കിലും ഫെൻസിംഗ് ഇല്ലാത്ത ഭാഗത്തു കൂടിയാണ് ആനകളിറങ്ങിയത്. മൂന്ന് കിമീറ്റർ ദൂരം മലയങ്ങാട്ട് ഫെൻസിംഗ് സ്ഥാപിക്കാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തി കരാർ നൽകിയിട്ടില്ല. ഫെൻസിംഗ് ഇല്ലാത്ത ഭാഗത്തു കൂടി ദിവസങ്ങളായി ആനകൾ കൃഷിയിടങ്ങളെ ലക്ഷ്യമാക്കി എത്തുകയാണെന്ന് കർഷകർ പറഞ്ഞു.പുത്തൻപുരക്കൽ ജോയി, കടപ്പനക്കുന്നേൽ ഷിൻറോ, വാണിമേലിൽ കൃഷ്ണൻ, വാണിമേൽ അബു, കവൂർ മൊയ്തു ഹാജി, പുറ്റമണ്ണിൽ തങ്കച്ചൻ, മുട്ടത്തുകുന്നേൽ ജിബി എന്നിവരുടെ കൃഷിയിടത്തിൽ വ്യാപകമായി കൃഷി നശിപ്പിച്ചു. തെങ്ങ്, കമുക്, റബർ, നട്ടു വളർത്താനായി സൂക്ഷിച്ച കമുകിൻ തൈകൾ എന്നിവ നശിപ്പിച്ചു. നശിപ്പിച്ച കമുകുകളിലേറെയും വിളവെടുപ്പ് തുടങ്ങിയവയാണ്. രാത്രിയിൽ പടക്കവുമായി കർഷകർ സമീപത്തുണ്ടെങ്കിലും ആക്രമണ ഭീതി കാരണം ആനയ്ക്കടുത്ത് ചെല്ലാൻ കഴിയാത്ത സ്ഥിതിയാണ്.

## അനധികൃതമായി പാചകവാതകം നിറക്കുന്നത് കണ്ടെടുത്തു

**വടകര:** അനധികൃതമായും അപകടകരമായും പാചക വാതകം നിറച്ച് നൽകുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വടകര താലൂക്ക് സപ്ലൈ ഓഫീസറും സംഘവും പരിശോധന നടത്തി. മേപ്പയിൽ ഓവുപാലത്തിനു സമീപത്ത് നടത്തിയ പരിശോധനയിൽ അനധികൃതമായി പാചക വാതകം ചെറിയ ഓട്ടോ സിലിണ്ടറുകൾക്ക് റിഫിൽ ചെയ്തു നൽകുന്നതായി കണ്ടെത്തി. സംഘശക്തി വായനശാലയ്ക്ക് സമീപമുള്ള പറമ്പിൽ ഓട്ടോ റിക്ഷകൾക്ക് ഗ്യാസ് റീഫിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങളും സിലിണ്ടറുകളും കണ്ടെത്തി. നാലു വലിയ കമേഴ്സ്യൽ സിലിണ്ടറുകൾ, ഓട്ടോ റിക്ഷയിൽ ഉപയോഗിക്കുന്ന അഞ്ച് ചെറിയ സിലിണ്ടറുകൾ, റീഫില്ലിന് ഉപയോഗിക്കുന്ന ഇരട്ട വാൾവുള്ള റഗുലേറ്റർ, ഒരു ഇലക്ട്രോണിക് വെയിംഗ് മെഷിൻ എന്നിവ മഹസ്സർ തയ്യാറാക്കി കണ്ടുകെട്ടി. ഇവ ഭാരത് ഗ്യാസിന്റെ വടകരയിലെ വിതരണക്കാരായ ശ്രീകിഷ് ഗ്യാസ് ഏജൻസിയെ കൈപ്പറ്റ് രശീതി പ്രകാരം ഏൽപിച്ചു. തുടർ നടപടികൾ ഇ.സി ആക്ട് പ്രകാരം സ്വീകരിക്കുന്നതാണെന്ന് താലൂക്ക് സപ്ലൈ ഓഫീസർ അറിയിച്ചു. പരിശോധനയിൽ താലൂക്ക് സപ്ലൈ ഓഫീസർ ടി.സി സജീവൻ, റേഷനിംഗ് ഇൻസ്പെക്ടർമാരായ കെ.പി കുഞ്ഞികൃഷ്ണൻ, കെ.കെ ശ്രീധരൻ, ടി.വി നിജിൻ എന്നിവരും ജീവനക്കാരായ ഇ.കെ ഗോപാലകൃഷ്ണൻ, കെ.പി ശ്രീജിത്ത് കുമാർ എന്നിവർ പങ്കെടുത്തു.

## കച്ചവടക്കാർക്കും ഓട്ടോ ഡ്രൈവർമാർക്കും ദുരിതം ; റോഡിൽ മണൽക്കാറ്റ്



**പേരാമ്പ്ര:** വിദ്യാഭ്യാസ വായ്പ അനുവദിച്ച് കിട്ടുന്നില്ലെന്ന് ആരോപിച്ച് പേരാമ്പ്ര കേരള ഗ്രാമീണ ബാങ്കിൽ വിദ്യാർത്ഥിനിയുടെ രക്ഷിതാക്കൾ കുത്തിയിരിപ്പ് സമരം നടത്തി.ബംഗളൂരു മദർ തെരേസ കോളേജിൽ ബി.എസ്.സി നേഴ്സിംഗിന് പഠിക്കുന്ന പേരാമ്പ്ര സ്വദേശിനിയായ അവ്യലക്ഷ്മിയുടെ വിദ്യാഭ്യാസ വായ്പക്കായി അപേക്ഷ നൽകിയിട്ട് ആറ് മാസം കഴിഞ്ഞിട്ടും വായ്പ അനുവദിക്കാത്തതിലാണ് രക്ഷിതാക്കളായ ഇ.കെ. രാജു, ഭാര്യ റീന എന്നിവർ സമരം നടത്തിയത്. വിദ്യഭ്യാസ ആവശ്യത്തിനായി 4 ലക്ഷം രൂപയുടെ വായ്പക്കായിരുന്നു അപേക്ഷിച്ചത്. ആവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കുകയും ചെയ്തു. എന്നാൽ ഇത്രയും തുക അനുവദിക്കാനാവില്ലെന്നും മൂന്ന് ലക്ഷം രൂപ അനുവദിച്ച് തരാമെന്നും പറഞ്ഞ ബാങ്ക് അധികൃതർ പിന്നീട് 2.5 ലക്ഷം രൂപയേ അനുവദിക്കാനാവൂ എന്ന് അറിയിക്കുകയായിരുന്നു. പിന്നോക്ക ജാതിയിൽപ്പെട്ട ദമ്പതികൾ പിന്നീട് പല തവണ ബാങ്കിൽ കയറി ഇറങ്ങിയിട്ടും വായ്പ അനുവദിച്ച് കിട്ടിയില്ല.എന്നാൽ ഇവരുടെ അപേക്ഷയും അനുബന്ധ രേഖകളും അന്തിമാനുമതിക്കായി കൽപ്പറ്റയിലെ റീജണൽ ഓഫീസിന് കൈമാറിയിട്ടുണ്ടെന്നും 2 ദിവസത്തിനകം തീരുമാനമുണ്ടാവുമെന്നും, മാനേജ്മെന്റ് സീറ്റിൽ പഠിക്കുന്നവരുടെ വായ്പാകാര്യങ്ങളിൽ അനുമതി നൽകേണ്ടത് റീജണൽ ഓഫീസിൽ നിന്നാണെന്നും ബാങ്ക് അധികൃതർ അറിയിച്ചു.

## മലിനജല സംസ്കരണ പ്ലാന്റ് ആശങ്ക പരിഹരിക്കും ; മേയർ



**കോഴിക്കോട്:** തോപ്പയിൽ ആവിക്കൽ തോടിന് സമീപം നിർമ്മിക്കുന്ന മലിന ജല സംസ്കരണ പ്ലാന്റുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുമെന്ന് മേയർ ഡോ.ബീന ഫിലിപ്പ്. പ്രദേശത്തെ ജനങ്ങൾക്ക് വേണ്ടിയാണ് പദ്ധതി നടപ്പാക്കുന്നത്. ബലം പിടിച്ച് നടപ്പാക്കില്ല. എതിർപ്പുള്ളവരെ ബോധ്യപ്പെടുത്തും. ജനങ്ങളെ പരിഭ്രാന്തരാക്കുന്നവർക്ക് സദുദ്ദേശമല്ല. കൗൺസിൽ യോഗത്തിൽ എതിർപ്പ് ഉണ്ടായില്ലെന്നും മേയർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പദ്ധതിയുടെ കൂടെ നിൽക്കാമെന്ന് പറഞ്ഞവരും എതിർക്കുന്ന സ്ഥിതിയാണ്. പദ്ധതിയുടെ എല്ലാ നടപടിക്രമങ്ങളും പരിശോധനകളും പൂർത്തീകരിച്ചതാണ്. ചർച്ചയിൽ എസ്.ടി.പി വേണ്ടെന്ന് ആരും പറഞ്ഞില്ല. പക്ഷേ പ്ലാന്റ് നിർമ്മിക്കാൻ അനുവദിക്കില്ലെന്നാണ് ഇപ്പോൾ പറയുന്നത്. നഗരത്തിൽ കൂടുതൽ ഇടങ്ങളിൽ എസ്.ടി.പി നടപ്പാക്കുമെന്ന് മേയർ വ്യക്തമാക്കി.കൂടുതൽ ആവശ്യമുള്ളതും അനുയോജ്യമായതുമായ സ്ഥലം എന്ന നിലയ്ക്കാണ് ആവിക്കലിൽ തീരുമാനിച്ചത്.കഴിഞ്ഞ വർഷം ഏപ്രിലിലാണ് എഗ്രിമെന്റ് ഒപ്പുവെച്ചത്. പദ്ധതി വിശദീകരിക്കുന്നതിനായി വാർഡ് കൗൺസിലർമാരുടെയും പ്രദേശത്തെ പ്രമുഖരുടെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളുടെയും യോഗം സെപ്റ്റംബർ 29ന് ചേർന്നിരുന്നു.പദ്ധതി സംബന്ധിച്ച സംശയങ്ങൾ ദൂരീകരിച്ചതുമാണ്. ജില്ലാ തലത്തിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും വാർഡ് കൗൺസിലർമാരുടെയും യോഗം കോഴിക്കോട് നോർത്ത് എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ മേയറുടെ ചേംബറിൽ നടന്നു. യോഗത്തിലുണ്ടായ ധാരണ പ്രകാരം പ്രദേശവാസികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് കഴിഞ്ഞമാസം രണ്ടിന് വീണ്ടും യോഗം ചേരുകയും പ്രദേശവാസികൾ അംഗീകരിക്കുകയും ചെയ്തിരുന്നു. ഏഴിന് വെള്ളയിൽ ഹാർബറിൽ യോഗം ചേർന്നെങ്കിലും മുൻകൂട്ടി തയ്യാറെടുത്തതുപോലെ യോഗം അലങ്കോലപ്പെട്ടതായി മേയർ പറഞ്ഞു. വാർത്താ സമ്മേളനത്തിൽ ഡെപ്യൂട്ടി മേയർ സി.പി.മുസാഫർ അഹമ്മദ്, സെക്രട്ടറി കെ.യു. ബിനി, ക്ഷേമകാര്യ സ്ഥിരംസമിതി അദ്ധ്യക്ഷൻ പി.ദിവാകരൻ എന്നിവർ പങ്കെടുത്തു.

## ബാങ്കിൽ കുത്തിയിരിപ്പ് സമരം

**പേരാമ്പ്ര:** വിദ്യാഭ്യാസ വായ്പ അനുവദിച്ച് കിട്ടുന്നില്ലെന്ന് ആരോപിച്ച് പേരാമ്പ്ര കേരള ഗ്രാമീണ ബാങ്കിൽ വിദ്യാർത്ഥിനിയുടെ രക്ഷിതാക്കൾ കുത്തിയിരിപ്പ് സമരം നടത്തി.ബംഗളൂരു മദർ തെരേസ കോളേജിൽ ബി.എസ്.സി നേഴ്സിംഗിന് പഠിക്കുന്ന പേരാമ്പ്ര സ്വദേശിനിയായ അവ്യലക്ഷ്മിയുടെ വിദ്യാഭ്യാസ വായ്പക്കായി അപേക്ഷ നൽകിയിട്ട് ആറ് മാസം കഴിഞ്ഞിട്ടും വായ്പ അനുവദിക്കാത്തതിലാണ് രക്ഷിതാക്കളായ ഇ.കെ. രാജു, ഭാര്യ റീന എന്നിവർ സമരം നടത്തിയത്. വിദ്യഭ്യാസ ആവശ്യത്തിനായി 4 ലക്ഷം രൂപയുടെ വായ്പക്കായിരുന്നു അപേക്ഷിച്ചത്. ആവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കുകയും ചെയ്തു. എന്നാൽ ഇത്രയും തുക അനുവദിക്കാനാവില്ലെന്നും മൂന്ന് ലക്ഷം രൂപ അനുവദിച്ച് തരാമെന്നും പറഞ്ഞ ബാങ്ക് അധികൃതർ പിന്നീട് 2.5 ലക്ഷം രൂപയേ അനുവദിക്കാനാവൂ എന്ന് അറിയിക്കുകയായിരുന്നു. പിന്നോക്ക ജാതിയിൽപ്പെട്ട ദമ്പതികൾ പിന്നീട് പല തവണ ബാങ്കിൽ കയറി ഇറങ്ങിയിട്ടും വായ്പ അനുവദിച്ച് കിട്ടിയില്ല.എന്നാൽ ഇവരുടെ അപേക്ഷയും അനുബന്ധ രേഖകളും അന്തിമാനുമതിക്കായി കൽപ്പറ്റയിലെ റീജണൽ ഓഫീസിന് കൈമാറിയിട്ടുണ്ടെന്നും 2 ദിവസത്തിനകം തീരുമാനമുണ്ടാവുമെന്നും, മാനേജ്മെന്റ് സീറ്റിൽ പഠിക്കുന്നവരുടെ വായ്പാകാര്യങ്ങളിൽ അനുമതി നൽകേണ്ടത് റീജണൽ ഓഫീസിൽ നിന്നാണെന്നും ബാങ്ക് അധികൃതർ അറിയിച്ചു.

## ആംബുലൻസ് ഡ്രൈവർമാരെ ഉപദ്രവിച്ചവരെ അറസ്റ്റ് ചെയ്യണം; സഹഹായി ഭാരവാഹികൾ

**വടകര:** ആംബുലൻസ് ഡ്രൈവർമാരുടെ കൂട്ടായ്മയായ സഹായിയിലെ അംഗങ്ങളെ ആക്രമിച്ചവരെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് സഹായി ഭാരവാഹികൾ റൂറൽ എസ്.പി ക്ക് പരാതി നൽകി. മനുഷ്യജീവനുമായി ബന്ധപ്പെട്ട് അവശ്യ സർവീസായി പ്രവർത്തിക്കുന്ന ആംബുലൻസുകൾ ട്രെയ്ഡ് യൂനിയൻ വ്യവസ്ഥകൾക്കതീതമാണ്. ഇത് അടിസ്ഥാനമാക്കിയാണ് വിവിധ ട്രെയ്ഡ് യൂനിയൻ അംഗങ്ങളായ ആംബുലൻസ് ഡ്രൈവർമാർ ചേർന്ന് സഹായി എന്ന സംഘടനക്ക് രൂപം നൽകിയത്. ആംബുലൻസുകൾ എല്ല ആശുപത്രി പരിസരങ്ങളിലും സൗകര്യപ്രദമായ സ്ഥലത്ത് പാർക്കിങ് ചെയ്യാൻ അവസരമൊരുക്കണമെന്നാണ് സഹായി അഭ്യർഥിക്കുന്നത്. ഇത് അംഗീകരിക്കാത്ത ആംബുലൻസ് മാഫിയ-ട്രെയ്ഡ് യ ൂനിയൻ കൂട്ടുകെട്ട് സഹായിയുടെ പ്രവർത്തനങ്ങൾ തടസപ്പെടുത്തുകയാണെന്ന് ഭാരവാഹികൾ പരാതിപ്പെടുന്നു. ആംബുലൻസ് പാർക്കിങ് ഏരിയ ട്രെയ്ഡ് യൂനിയൻ വ്യവസ്ഥകൾക്ക് അതീതമാവണമെന്ന കാര്യം അധികൃതരും അംഗീകരിച്ചതിനാലാണ് ജെ.ടി റോഡിൽ സഹായി ആംബുലൻസുകൾ പാർക്കു ചെയ്തു വരുന്നതെന്നും സംഘടനാ ഭാരവാഹികൾ നിവേദനത്തിൽ വിശദീകരിച്ചു.

## റഫറിയായി ടി.എച്ച് അബ്ദുൾ മജീദും



**വടകര:** ഒഡീഷയിലെ ഭുനേശ്വറിൽ നടക്കുന്ന സീനിയർ ദേശീയ പുരുഷ-വനിത വോളബോൾ ചാമ്പ്യൻഷിപ്പിൽ റഫറിയായി വടകര സ്വദേശി ടി.എച്ച് അബ്ദുൾ മജീദും പങ്കെടുക്കും. മുൻ ദേശീയ വോളീബോൾ താരവും ശ്രീനാരായണ കോളജിലെ കായികാധ്യാപകനുമാണ് ഇദ്ദേഹം. നിരവധി ദേശീയ അന്തർദ്ദേശീയ ടൂർണമെന്റുകളിൽ റഫറിയായി തിരഞ്ഞെടുക്കപ്പെട്ടിരുന്നുഞ്ഞ.

## കൈക്കൂലി വാങ്ങിയെന്ന് പരാതി; ജീവനക്കാരന് സസ്പെൻഷൻ

**കോഴിക്കോട്:** കാലിക്കറ്റ് സർവകലാശാലയിൽ സർട്ടിഫിക്കറ്റ് നൽകാൻ കൈക്കൂലി വാങ്ങിയയെന്ന പരാതിയിൽ ജീവനക്കാരന് സസ്പെൻഷൻ. പരീക്ഷാഭവൻ അസിസ്റ്റന്റ് എം.കെ. മൻസൂറിനെതിരേയാണ് നടപടിയെടുത്തത്. മറ്റൊരു പരാതിയിൽ ജീവനക്കാരനെതിരേ അന്വേഷണം തുടരുകയാണെന്നും രജിസ്ട്രാർ അറിയിച്ചു. മലപ്പുറം സ്വദേശിനി നൽകിയ പരാതിയിലാണ് നടപടി. അപേക്ഷകയിൽനിന്ന് ഗൂഗിൾപേ വഴി 5000 രൂപയാണ് കൈപ്പറ്റിയത്. അപേക്ഷ നൽകി മടങ്ങിയ ഇവർക്കു ദിവസങ്ങൾക്കകം സർവകലാശാലയിൽനിന്ന് മെമ്മോ ലഭിച്ചു. മതിയായ ഫീസ് അടച്ചില്ലെന്നായിരുന്നു അറിയിപ്പ്. ഇതോടെ നടത്തിയ അന്വേഷണത്തിലാണ് തട്ടിപ്പ് അറിയുന്നത്.

## യുവാവിനെ കുത്തിക്കൊന്നു; പ്രതി അറസ്റ്റിൽ

**കോഴിക്കോട്:** കോഴിക്കോട്ട് കുത്തേറ്റ് യുവാവ് മരിച്ചു. പാറോപ്പടി സ്വദേശി ഫൈസൽ ആണ് മരിച്ചത്. റെയിൽവേ സ്റ്റേഷൻ പരിസരത്താണ് സംഭവം. സംഭവത്തിൽ കായംകുളം സ്വദേശി ഷാനവാസിനെ പോലീസ് കസ്റ്റഡിയിലെടുത്തു. രാത്രി ഒമ്പതരയോടെ കോഴിക്കോട് ലിങ്ക് റോഡിലാണ് സംഭവം. ഫൈസലിനെ കുത്തിയ ഷാനവാസ് റെയിൽവേ സ്റ്റേഷനിലേക്ക് ഓടിക്കയറി. മൂന്നാമത്തെ പ്ലാറ്റ്ഫോമിൽ വച്ച് പോർട്ടർമാരും യാത്രക്കാരും ചേർന്നാണ് ഇയാളെ പിടികൂടി പോലീസിൽ ഏൽപ്പിച്ചത്.



## അറിയിപ്പ്



### ഗസ്റ്റ് അധ്യാപക ഇന്റർവ്യൂ

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ സൈക്കോളജി വിഭാഗത്തിൽ ഗസ്റ്റ് അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂ ഫെബ്രുവരി ഏഴിനു രാവിലെ 11നു നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ മേഖലാ ഓഫീസുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ യോഗ്യത, ജനനത്തീയതി, മുൻപരിചയം ഇവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ, മേഖലാ ഓഫീസിൽ രജിസ്റ്റർ ചെയ്തത് തെളിയിക്കുന്നതിനുള്ള രേഖകൾ എന്നിവ സഹിതം അഭിമുഖത്തിന് ഹാജരാകണം.

### കമ്മീഷൻ റിപ്പോർട്ട് തേടി

തിരുവനന്തപുരം വിതുരയിലെ ആദിവാസി ഊരിൽ 14ഉം 16ഉം വയസുള്ള പെൺകുട്ടികളെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി നിരന്തരം ശാരീരികമായി പീഡിപ്പിച്ചുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടിക ഗോത്ര വർഗ്ഗ കമ്മീഷൻ സ്വമേധയാ കേസെടുത്തു. സംഭവത്തിൽ വിശദമായ അന്വേഷണം നടത്തി ഏഴു ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

## ചരമം


### റോസിലി

റോസ്ലി തലപ്പുഴ: കുറ്റയോട്ടിൽ പുതിയ വീട്ടിൽ പരേതനായ സ്റ്റീഫന്റെ ഭാര്യ റോസിലി (81) നിര്യാതയായി. മക്കൾ: ഗ്രേസി, സെലീന, ജോണി, ബൈജു, ബിജു, മരുമക്കൾ: തോമസ്, മാരിയപ്പൻ, ബിന്ദു. സംസ്കാരം ഇന്നലെ ഉച്ചയ്ക്ക് 12 ന് തലപ്പുഴ ചുങ്കം സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ.

# ജില്ലാ ആശുപത്രി ; ഉപയോഗിക്കാൻ കഴിയാതെ ഒരു കോടിയിലധികം രൂപയുടെ ഫണ്ട്

**കൽപ്പറ്റ:** മാനന്തവാടിയിലെ ജില്ലാ ആശുപത്രി മെഡിക്കൽ കോളജ് ആശുപത്രിയായി ഉയർത്തിയതോടെ വയനാടിന് ജില്ലാ ആശുപത്രി ഇല്ലാതായി. 15ന് മെഡിക്കൽ കോളജ് ഉദ്ഘാടനം കഴിഞ്ഞിട്ട് ഒരു വർഷം തികയുന്പോഴും പകരം ജില്ലാ ആശുപത്രി വരാത്തതുമൂലം ജില്ലാ പഞ്ചായത്തിൽ ആരോഗ്യമേഖലയിൽ ഉപയോഗിക്കാൻ കഴിയാതെ കിടക്കുന്നത് ഒരു കോടിയിലധികം രൂപയുടെ ഫണ്ടാണ്. പ്രതിവർഷം ആരോഗ്യമേഖലയിലേക്കായി ഒരു കോടി മുതൽ ഒന്നരക്കോടി വരെയാണ് സാധാരാണയിൽ ചെലവഴിക്കാറുള്ളത്. ജില്ലാ ആശുപത്രിയാണ് പ്രധാനമായും ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. മാനന്തവാടിയിലെ ആശുപത്രി മെഡിക്കൽ കോളജും കൽപ്പറ്റയിലേത് ജനറൽ ആശുപത്രിയുമായതോടെ ഫണ്ട് ചെലവഴിക്കാൻ ഇടമില്ലാതായി. ബത്തേരിയിലെയും വൈത്തിരിയിലെതും താലൂക്ക് ആശുപത്രികളാണ്. ഇവ ബ്ലോക്ക് പഞ്ചായത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ, ബ്ലോക്ക് പഞ്ചായത്തിന് ആരോഗ്യ മേഖലയിൽ ചെലവഴിക്കാൻ സാധിക്കുന്നതിനേക്കാൾ ഇരട്ടിയിലധികം ഫണ്ട് ജില്ലാ പഞ്ചായത്തിനുണ്ട്. വൈത്തിരി താലൂക്ക് ആശുപത്രിയേക്കാളും വിശാലമായ വികസന സാധ്യതകൾ ഉള്ളത് ബത്തേരി താലൂക്ക് ആശുപത്രിയിലാണ്. ബത്തേരി നഗരത്തിലേയും സമീപ പ്രദേശമായ ഫെയർലാൻഡിലേയും ഭൂമികൾ ഉപയോഗപ്പെടുത്തിയാൽ അതിവിശാലമായ വികസന സാധ്യതകളാണ് ജില്ലാ പഞ്ചായത്ത് മുന്നിൽ കാണുന്നത്. ജനങ്ങൾക്ക് ഏറെ ഉപകാരപ്പെടുന്ന ലാബ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ ബത്തേരിയിൽ നടപ്പാക്കാൻ സാധിക്കുമെന്നാണ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ പറയുന്നു. വാർഡുകളുടെ നവീകരണം, അറ്റകുറ്റപ്പണി, മാലിന്യ സംസ്കരണം തുടങ്ങിയവക്കാണ് കൂടുതലായും ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കാറുള്ളത്. താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രി ആക്കി ഉയർത്തിയാൽ കൂടുതൽ ഡോക്ടർമാരെയും മറ്റും നിയമിക്കാൻ സാധിക്കും. അതോടൊപ്പം മികച്ച ചികിത്സാ സൗകര്യങ്ങൾ, പുതിയ ഡിപ്പാർട്ട്മെൻറുകൾ, ഹൈടെക്ക് ലാബുകൾ, ഭൗതിക- ആരോഗ്യ വികസനം എന്നിവയും ഇവിടെ സാക്ഷാത്കരിക്കപ്പെടും. ഇത് ഗോത്രവർഗക്കാർ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് നിർധനരും സാധാരണക്കാരുമായ രോഗികൾക്ക് സഹായകരമാകും. ഇതിനായി സംസ്ഥാന ആരോഗ്യവകുപ്പിന്റെ അനുമതി കാത്തിരിക്കുകയാണ് ജില്ലാ പഞ്ചായത്ത് അധികൃതർ. വരുന്ന നിയമസഭാ സമ്മേളനങ്ങളിൽ വിഷയം ചർച്ചയാക്കാനാണ് നീക്കം. രണ്ട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ബത്തേരിയിൽ ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നത് വളരെ ഗുണകരമായിരിക്കുമെന്നാണ് വിലയിരുത്തൽ. ഇതിനുപുറമേ ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും എളുപ്പത്തിൽ എത്തിച്ചേരാമെന്നതും ഈ ആശുപത്രിയുടെ സാധ്യത വർധിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാവണമെന്നാണ് ആവശ്യമുയരുന്നത്. നിലവിൽ ഫെയർലാൻറിൽ 25 കോടി രൂപയിലേറെ ചെലവഴിച്ച് നിർമിച്ച അണ്ടർ ഗ്രൗണ്ട് ഉൾപ്പടെ ആറ് നിലകെട്ടിടത്തിലാണ് ആശുപത്രിയുടെ പ്രവർത്തനം. എൻഎച്ച്എം ഫണ്ട് അഞ്ചുകോടിയും എംഎസ്ഡിപി ഫണ്ട് 19.22കോടി രൂപയും ചെലവഴിച്ചാണ് ആറ് നിലകെട്ടിടം നിർമിച്ചത്. ഇതിൽ നവജശാത ശിശു, മെഡിക്കൽ, സർജിക്കൽ ഐസിയുകൾ എന്നിവയുണ്ട്. ഗൈനക്ക്, ഇഎൻടി, ജനറൽ, ഓർത്തോ വിഭാഗം ഓപ്പറേഷൻ തിയറ്ററുകൾ, പെയിൻ ആൻഡ് പാലിയേറ്റീവ് സ്പെഷൽ വാർഡ്, ഐസലോഷൻ വാർഡുകൾ, ജനറർ വാർഡുകൾ എന്നിവയും ഫാർമസി സൗകര്യവും ഉണ്ട്. ഇതിൽ ഓപ്പറേഷൻ തീയറ്ററുകൾ പൂർണമായും പ്രവർത്തന സജ്ജമായിട്ടില്ല.

## കെഎസ്ആർടിസി ബസ് സർവീസ് ആരംഭിക്കണം



**പുൽപ്പള്ളി:** ഹൈക്കോടതി വിധിയെ മാനിക്കാതെ ബത്തേരി കെഎസ്ആർടിസി യൂണിറ്റ് ഓഫീസർ മരക്കടവ് പള്ളി-കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ സർവീസ് റദ്ദ് ചെയ്തത് സ്വകര്യ ബസുകളെ സഹായിക്കാനാണെന്ന് പെരിക്കല്ലൂർ ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ കുറ്റപ്പെടുത്തി. സ്വകാര്യ ബസുകളുടെ പെർമിറ്റ് ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ദേശസാത്കൃത റൂട്ടുകളിൽ സ്വകാര്യ ബസ് പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് പെർമിറ്റ് പുതുക്കി നൽകാതെ അതേ റൂട്ടിൽ കെഎസ്ആർടിസി സർവീസ് ഓപ്പറേറ്റ് ചെയ്യാമെന്ന് കെഎസ്ആർടിസി ഹൈക്കോടതിയിൽ സത്യവാങ് മൂലം കൊടുത്തിരുന്നു. ഇത്തരത്തിലുള്ള പെർമിറ്റാണ് ബത്തേരി ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യേണ്ടിയിരുന്ന മരക്കടവ് പള്ളി കോഴിക്കോട് ഫാസ്റ്റ് പാസഞ്ചർ സർവീസ്. 2015 ൽ സർവീസ് ഓപ്പറേറ്റ് ചെയ്യാൻ കെഎസ്ആർടിസി ചീഫ് ഓഫീസിൽ നിന്നും ആർപസി1855 (കെഎൽ.15.എ 1637) ഫാസ്റ്റ് പാസഞ്ചർ ബസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെയായിട്ടും ബത്തേരി യൂണിറ്റ് ഓഫീസർ ഈ സർവീസ് ആരംഭിച്ചിട്ടില്ല.ഇത് സംബന്ധിച്ച് 2021 ജൂലൈയിൽ മുള്ളൻകൊല്ലി പഞ്ചായത്തിൽ ബത്തേരി കെഎസ്ആർടിസി യൂണിറ്റ് ഓഫീസർ, ഡിപ്പോ എൻജിനിയർ, കെഎസ്ആർടിഇഎ യൂണിയൻ പ്രതിനിധികൾ ഇവരെല്ലാം കൂടി നടന്ന യോഗത്തിൽ സർവീസ് ആരംഭിക്കാമെന്ന് പഞ്ചായത്ത് ജനപ്രതിനിധികളോട് ഉറപ്പു നൽകുകയും ചെയ്തിരുന്നു. ഹൈക്കോടതി വിധിയെ മാനിക്കാതെ ബത്തേരി കെഎസ്ആർടിസി യൂണിറ്റ് ഓഫീസർ തോന്നിയപോലെ സർവീസ് നടത്തുന്നു. കോടതി വിധി മാനിക്കാത്ത എടിഒയ്ക്കെതിരേ ഹൈക്കോടതി സ്വമേധയാ കേസെടുക്കണമെന്നും ഇത് സംബന്ധിച്ച് പെരിക്കല്ലൂർ ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ കെഎസ്ആർടിസി എക്സിക്യൂട്ടീവ് ഡയറക്ടർ ഓപ്പറേഷന് പരാതി നൽകി. യോഗത്തിൽ സുനിൽ ഡി. വാഴയ്ക്കൽ, ബേബി പാരിപ്പള്ളി, സുധീർ പന്താവിള വട്ടവളപ്പിൽ, മെൽബിൻ പാറത്തോട്ടായിൽ എന്നിവർ പ്രസംഗിച്ചു.

## തെരുവുനായ ആക്രമണം: ആറു പേർക്ക് പരിക്ക്

**കൽപ്പറ്റ:** മണിയങ്കോട് പ്രദേശത്ത് തെരുവുനായ ശല്ല്യം രൂക്ഷമാകുന്നു. കഴിഞ്ഞ ദിവസം തെരുവുനായയുടെ ആക്രമണത്തിൽ 6 പേർക്ക് പരുക്കേറ്റു.വളർത്തുമൃഗങ്ങൾക്കും കടിയേറ്റിട്ടുണ്ട്.കഴിഞ്ഞ ദിവസം വൈകിട്ടോടെയാണ് മുണ്ടേരി, മരവയൽ, മണിയങ്കോട് പ്രദേശങ്ങളിൽ തെരുവുനായയുടെ ആക്രമണമുണ്ടായത്. പരുക്കേറ്റവരെല്ലാം കൽപ്പറ്റ ജനറൽ ആശുപത്രിയിൽ ചികിത്സ തേടി.

## ജീവനക്കാരും അധ്യാപകരും പ്രതിഷേധം നടത്തി

**കൽപ്പറ്റ:** വൈദ്യുതി സ്വകാര്യവൽക്കരണ തീരുമാനത്തിനെതിരെ വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി ജീവനക്കാർ നടത്തുന്ന സമരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സർക്കാർ ജീവനക്കാരും അധ്യാപകരും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. കൽപ്പറ്റ സിവിൽ സ്റ്റേഷനു മുന്നിൽ നടന്ന പ്രതിഷേധ യോഗത്തിൽ എൻജിഒ യൂണിയൻ സംസ്ഥാന സെക്രട്ടറിയറ്റ് അംഗം പി വി ഏലിയാമ്മ വിശദീകരണം നടത്തി.മാനന്തവാടി മിനി സിവിലിൽ അധ്യാപകരുടെയും ജീവനക്കാരുടെയും പ്രതിഷേധ പ്രകടനം നടന്നു. കെഎസ്ടിഎ ജില്ലാ സെക്രട്ടറി വിത്സൺ തോമസ് ഉദ്ഘാടനം ചെയ്തു. വി കെ പ്രശാന്തൻ സ്വാഗതവും ആലിഫ് റിഷാൻ നന്ദിയും പറഞ്ഞു.വയനാട് എൻജിനിയറിങ് കോളേജിൽ നടന്ന പ്രതിഷേധ പരിപാടി കെജിഒഎ ജില്ലാ സെക്രട്ടറിയറ്റ് അംഗം കെ ടി ഷെബീർ ഉദ്ഘാടനം ചെയ്തു. ഡോ. ഗിലേഷ് സ്വാഗതവും എൻ എം ബാലൻ നന്ദിയും പറഞ്ഞു. കൽപ്പറ്റ മുനിസിപ്പൽ ഓഫീസിൽ എ ടി ഷണ്മുഖൻ ഉദ്ഘാടനം ചെയ്തു. മനോജ്, ദിലീപ്, ഷാജു എന്നിവർ സംസാരിച്ചു. ബത്തേരി മിനി സിവിൽ സ്റ്റേഷനിൽ നടന്ന യോഗത്തിൽ വി ജെ ഷാജി, എൻ അജിലേഷ് എന്നിവർ സംസാരിച്ചു.

## വാരാന്ത്യ ലോക്ക്ഡൗൺ ക്രൈസ്തവരോടുള്ള അവഹേളനം എം.സി.എ. ബത്തേരിരൂപത

**കൽപ്പറ്റ:** കോവിഡ് ലോക്ക് ഡൗണിന്റെ പേരിൽ വാരാന്ത്യലോക്ക് ഡൗൺ ക്രൈസ്തവരുടെ ആരാധന സ്വാതന്ത്ര്യത്തോടുള്ള വെല്ലുവിളിയാണെന്ന് മലങ്കര കാത്തലിക്ക് അസോസിയേഷൻ ബത്തേരി രൂപതാസമതി. ആഴ്ചയിൽ ആറുദിവസവും ബിവറേജും, ബാറുകളും, ഷോപ്പിംഗ് മാളുകളും മറ്റ് ആൾക്കൂട്ടംകൂടുന്ന വിവിധ സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുമ്പോൾ കേവലം അല്പ മണിക്കൂറുകൾ മാത്രമുള്ള പള്ളികളിലെ കുർബാനയും, മറ്റ് ശുശ്രൂഷകളും നടത്തുവാൻ പാടില്ലാ എന്ന് പറയുന്നത് നിർഭാഗ്യകരമാണ്. ദേവാലയത്തിൽ വളരെ കൃത്യമായി സാമൂഹ്യ അകലം പാലിച്ച് കോവിഡ് പ്രതിരോധത്തിന്റെ എല്ലാ മാർഗ്ഗങ്ങളും, നിയമങ്ങളും പാലിച്ചാണ് വിശ്വാസികൾ പങ്കെടുക്കുന്നത്. ഇത് കഴിഞ്ഞകാലങ്ങളിൽ സർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ ഇപ്പോൾ ഞായറാഴ്ചകളിലെ ആരാധനാ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതുമൂലം കേരളത്തിലെ ക്രൈസ്തവരെ അവഹേളിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കാൻ എം.സി.എ. ബത്തേരി രൂപതാസമിതി തീരുമാനിച്ചു. രൂപതാ വൈദിക ഉപദേഷ്ടാവ് ഫാ. ആന്റോ ഇടക്കളത്തൂർ യോഗം ഉദ്ഘാടനംചെയ്തു. വർഗ്ഗീസ് പോക്കാട്ട്, ഷാജി കൊയിലേരി, ജോയി ഓലിക്കൽ,ബേബി ലൂയീസ് തുടങ്ങിയവർ പ്രസംഗിച്ചു.

## നിർത്തിയിട്ട ബസിനു പിന്നിൽ ബൈക്കിടിച്ച് യുവാവ് മരണപെട്ടു

**വൈത്തിരി:** നിർത്തിയിട്ട ബസ്സിനു പിന്നിൽ ബൈക്കിടിച്ച് യുവാവ് മരണപ്പെട്ടു.വൈത്തിരി ഗവൺമെൻറ് ഹോസ്പിറ്റൽ ജംഗ്ഷനിലാണ് അപകടം . വൈത്തിരി ടൗണിലെ സ്റ്റാമ്പ് വെണ്ടർ ബാലകൃഷ്ണന്റെ മകൻ ശ്രീ ഹരി 26 മരണപ്പെട്ടത്.രാത്രി 7.30 ഓടെ ഗവണ്മെന്റ് ഹോസ്പിറ്റൽ ജംഗ്ഷനിൽ വെച്ച് ആളുകളെ ഇറക്കുന്ന ബസിനു പിന്നിൽ ബൈക്ക് ഇടിക്കുകയായിരുന്നു കോഴിക്കോടേക്ക് പോകുന്ന ബസിലാണ് ശ്രീഹരി സഞ്ചരിച്ച ബൈക്കിടിച്ചത്. മർച്ചന്റ് നേവിയിൽ ജോലി ലഭിച്ച ശ്രീഹരി ട്രെയ്നിങ്ങിനി ടയിൽ ലഭിച്ച അവധിക്ക് നാട്ടിലെത്തിയതാണ്. അമ്മ പ്രമീള, സഹോദരി പ്രവിത. മൃതദേഹം വൈത്തിരി താലൂക്ക് ആശുപത്രിയിലെത്തിച്ചു.

## പൊതുവിപണിയിൽ വിലയില്ല; നെൽ കർഷകർ പ്രതിസന്ധിയിൽ



**പുൽപ്പള്ളി:** പൊതുവിപണിയിലെ വിലക്കുറവുമൂലം നെൽക്കർഷകർ പ്രതിസ്ധിയിൽ. 2800 രൂപയ്ക്ക് സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ടെങ്കിലും രജിസ്റ്റർചെയ്ത കർഷകർക്കുമാത്രമേ ഈ വിലയ്ക്ക് നെല്ല് നൽകാൻ കഴിയൂ എന്നതാണ് ഒരു വിഭാഗം കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. ഉണക്കി പേറ്റിയ നെല്ലിനു പൊതുവിപണിയിൽ കിന്റലിന് 1600 ൽ താഴെയാണ് വില. മറ്റൊരു പ്രശ്നം ഉമ ഇനത്തിൽ പെട്ട നെല്ല് വാങ്ങാനാവശ്യക്കാരില്ലന്നതാണ്. പാൽതൊണ്ടി, വലിച്ചൂരി ഇനത്തിൽ പെട്ട നെല്ലിനാണ് ആവശ്യക്കാർ. ഇതുമൂലം ഡിസംബർ അവസാനത്തോടെ കൊയ്ത് മെതിച്ചുണക്കി വിട്ടിൽ സൂക്ഷിച്ചിട്ടുള്ള നെല്ല് വിൽക്കാൻ കഴിയാതെ ദുരിതത്തിലായിരിക്കുകയാണ് ഭൂരിഭാഗം നെൽക്കർഷകരും. വിത്തിട്ട നാൾ മുതൽ സൂക്ഷിച്ച് പരിചരിച്ച് കാവൽ പുരയൊരുക്കി വന്യമൃഗശല്യത്തെ പ്രതിരോധിക്കാൻ കാവലിരുന്നും നെൽകൃഷി ചെയ്ത കർഷകരാണ് വിലയില്ലാത്തതുമൂലം പ്രതിസന്ധിയിലായിരിക്കുന്നത്. കൃഷിഭവൻ മുഖേനെ പാടശേഖര സമിതിയുടെ നേതൃത്വത്തിൽ അക്ഷയ മുഖേനെ ഒരു മാസം മുമ്പ് രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് മാത്രമാണ് സപ്ലൈകോ സംഭരിക്കുന്നത്. ഇങ്ങിനെ രജിസ്റ്റർ ചെയ്യുന്നവരുടെ ഒരേക്കറിൽ നിന്നും 22 കിന്റൽ നെല്ലാണ് സംഭരിക്കുന്നത്.

Adnbn¸v



## മസ്റ്ററിങ് നടത്തണം

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷ/ക്ഷേമ നിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിങ് ചെയ്തിട്ടില്ലാത്ത പെൻഷന് അർഹതയുള്ളവർക്ക് ഫെബ്രുവരി ഒന്ന് മുതൽ 20 വരെയുള്ള തീയതികളിൽ അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിങ് ചെയ്യാവുന്നതാണെന്ന് കേരള ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻസ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കിടപ്പ് രോഗികളായ പെൻഷൻ ഗുണഭോക്താക്കൾക്ക് ഹോം മസ്റ്ററിങ് പ്രയോജനപ്പെടുത്താം. മസ്റ്ററിങ് പരാജയപ്പെടുന്നവർക്ക് അവർ അംഗങ്ങളായ ക്ഷേമനിധി ബോർഡുകൾ മുഖേന ഫെബ്രുവരി 28 വരെ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിങ് പൂർത്തിയാക്കാം.

## നിയമനം

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിലേക്ക് മാർച്ച് 31 വരെ ദിവസവേതനാടിസ്ഥാനത്തിൽ പ്രൊജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിന് പട്ടികജാതി വിഭാഗത്തിലുള്ള ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: കൊമേഴ്സ്യൽ പ്രാക്ടീസിലോ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റിലോ ഉള്ള മൂന്ന് വർഷ ഡിപ്ലോമ അല്ലെങ്കിൽ ബിരുദവും ഒരു വർഷത്തിൽ കുറയാതെയുള്ള അംഗീകൃത ഡിസിഎ/പിജിഡിസിഎ. പ്രായം 18-30നും ഇടയിൽ. താൽപര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി നാലിന് രാവിലെ 11 മണിക്ക് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ കൂടിക്കാഴ്ചക്ക് ഹാജരാകണം. ഫോൺ: 0497 2871101.



## കാട്ടാന ആക്രമണം: ആറളം ഫാമിൽ ആനമതിൽ നിർമ്മാണം ഉടൻ ആരംഭിക്കണം


**കണ്ണൂർ:** ആറളം ഫാമിലെയും സമീപത്തെയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടാനകളുടെ ആക്രമണം സംബന്ധിച്ച പ്രശ്നത്തിന് ശാശ്വത പരിഹാരമായി കോൺക്രീറ്റിലുള്ള ആനമതിൽ സ്ഥാപിക്കണമെന്ന് സർക്കാറിനോട് ആവശ്യപ്പെടാൻ പ്രദേശത്തെ എം.എൽ.എമാരുടെ സാന്നിധ്യത്തിൽ ജില്ലാ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗം തീരുമാനിച്ചു. പദ്ധതിക്കായി സർക്കാർ അനുവദിച്ച 22 കോടി രൂപയുടെ പ്രവൃത്തി ഉടൻ ആരംഭിക്കണം. പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും നിർദേശം നൽകി. താൽക്കാലിക പരിഹാരമായി വനം വകുപ്പിന്റെ നേതൃത്വത്തിൽ കാട്ടാനകളെ ആറളം വന്യജീവി സങ്കേതത്തിലേക്ക് തുരത്തും. കൂടാതെ ഫാമിലെ അടിക്കാട് വെട്ടിത്തെളിക്കാനായി സമീപ ഗ്രാമപഞ്ചായത്തുകൾ, മഹാത്മ ഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി, ആറളം ട്രൈബൽ റീസെറ്റിൽമെൻറ് ആൻഡ് ഡവലപ്മെൻറ് മിഷൻ (ടി ആർ ഡി എം), വനം വകുപ്പ് എന്നിവയുടെ സഹായത്തോടെയുള്ള പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ ആറളം ഫാം എം.ഡിക്ക് യോഗം നിർദേശം നൽകി. ആനമതിൽ സ്ഥാപിക്കുന്നത് വരെയുള്ള സംരക്ഷണത്തിനായി ഹാങ്ങിങ് ഫെൻസിങ് അല്ലെങ്കിൽ ഇലക്ട്രിക്കൽ ഫെൻസിങ് സ്ഥാപിക്കാൻ യോഗം ആവശ്യപ്പെട്ടു. ആറളം ഫാമിലെ വന്യജീവി ശല്യം മൂലമുണ്ടായ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരമായി 19 കോടിയോളം രൂപ വനം വകുപ്പ് നൽകാനുണ്ടെന്ന് ഫാം എംഡി അറിയിച്ചു. വനം വകുപ്പിന്റെ റാപ്പിഡ് റെസ്പോൺസ് ടീമിന് ഓഫീസിനായി ഫാമിൽ കെട്ടിടം വിട്ടുനൽകാൻ തയ്യാറാണെന്നും എം.ഡി അറിയിച്ചു. യോഗത്തിൽ എം.എൽ.എമാരായ കെ.കെ. ശൈലജ ടീച്ചർ, അഡ്വ. സണ്ണി ജോസഫ്, ജില്ലാ കളക്ടർ എസ്. ചന്ദ്രശേഖർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് അഡ്വ. ബിനോയ് കുര്യൻ, അസി. കളക്ടർ മുഹമ്മദ് ഷഫീഖ്, കണ്ണൂർ ഡി എഫ് ഒ പി. കാർത്തിക്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്, കെ. വേലായുധൻ, ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.പി. രാജേഷ്, ആറളം ഫാം എം.ഡി എസ്. ബിമൽഘോഷ്, പിഡബ്ല്യുഡി എക്സിക്യുട്ടീവ് എൻജിനീയർ കെ. ജിഷാകുമാരി, ആറളം വൈൽഡ് ലൈഫ് വാർഡൻ വി. സന്തോഷ് കുമാർ, ടിആർഡിഎം സൈറ്റ് മാനേജർ പി പി ഗിരീഷ്, ആറളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി വി. രാമചന്ദ്രൻ, ഐടിഡിപി പ്രൊജക്ട് മാനേജർ എസ് സന്തോഷ് കുമാർ, ആറളം ഫാം ട്രേഡ് യൂനിയൻ പ്രതിനിധികളായ കെ കെ ജനാർദനൻ (സിഐടിയു), കെ ടി ജോസ് (എഐടിയുസി) എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## കൊവിഡ്: വീട്ടിലെ പരിചരണം – ശ്രദ്ധിക്കാം ഈ കാര്യങ്ങൾ

**കണ്ണൂർ :** കൊവിഡ് മൂന്നാം തരംഗത്തിൽ വ്യാപനം കൂടിയെങ്കിലും രോഗതീവ്രത കുറവായതിനാൽ രോഗികളിൽ കൂടുതൽപേരും വീട്ടിൽ തന്നെയാണ് കഴിയുന്നത്. ഗുരുതര ലക്ഷണങ്ങളോ മറ്റ് അസുഖങ്ങളോ ഇല്ലെങ്കിൽ നല്ല ഭക്ഷണവും വിശ്രമവും മരുന്നുമായി സുരക്ഷിതമായി ഹോം ഐസോലേഷൻ പൂർത്തിയാക്കാം. നല്ല ശ്രദ്ധയും ജാഗ്രതയും പുലർത്തണം. 60 ന് മുകളിൽ പ്രായമുള്ളവർക്കും മറ്റ് അസുഖങ്ങളുള്ളവർക്കും പ്രത്യേക ശ്രദ്ധയും പരിചരണവും നൽകണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വീട്ടിലെ പരിചരണത്തിനുള്ള പ്രധാന നിർദ്ദേശങ്ങൾപനി, തൊണ്ടവേദന, ചുമ, ശരീര വേദന തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ പരിശോധനാ ഫലത്തിന് കാത്തുനിൽക്കാതെ ക്വാറന്റൈനിൽ പ്രവേശിക്കണം. വീട്ടിൽ മറ്റ് ഗുരുതര അസുഖമോ പ്രായമുള്ളവരോ ഉണ്ടെങ്കിൽ അവരുമായുള്ള സമ്പർക്കം ഒഴിവാക്കണം വായുസഞ്ചാരമുള്ള മുറി തെരഞ്ഞെടുക്കണം. മാസ്ക് ധരിക്കണം. രോഗിയെ പരിചരിക്കുന്നയാൾ രണ്ട് ഡോസ് വാക്സിൻ എടുത്തവരാകണം എൻ95 മാസ്കോ മൂന്ന് പാളി മാസ്കോ ധരിക്കണം അല്ലെങ്കിൽ ക്ലോത്ത് മാസ്ക് ഇടുകയാണെങ്കിൽ ഡബിൾ മാസ്ക് ധരിക്കണം. ഒരു 3 ലേയർ മാസ്കും ഒരു ക്ലോത്ത് മാസ്കും ധരിക്കണം.പനിയോ, ചുമയോ ഉണ്ടെങ്കിൽ ടെലിമെഡിസിൻ വഴിയോ വാർഡ്തല ആരോഗ്യ പ്രവർത്തകർ വഴിയോ മരുന്ന് ലഭ്യമാക്കണം. തൊണ്ടവേദനയുള്ളവർ ചൂട് വെള്ളത്തിൽ ഉപ്പിട്ട് കവിൾകൊള്ളണം. മൂക്കടപ്പും ചെറിയ കഫകെട്ടും ഉള്ളവർ ആവിപിടിക്കണം. ആന്റിബയോട്ടിക് മരുന്നുകൾ വാങ്ങി സ്വയം ചികിത്സ പാടില്ല. നന്നായി വെള്ളം കുടിക്കണം. പഴങ്ങളും പച്ചക്കറിയും ഉൾപ്പെടുത്തി സമീകൃതാഹാരം കഴിക്കുക. മറ്റ് രോഗങ്ങളുമായി ബന്ധപ്പെട്ട് ഭക്ഷണനിയന്ത്രണം പറഞ്ഞവർ അത് തുടരുക. മാനസിക സമ്മർദ്ദങ്ങളോ ആശങ്കകളോ ഇല്ലാതെ വിശ്രമിക്കുക. പനി, ഓക്സിജൻ അളവ്, പ്രമേഹം, ബിപി എന്നിവ പരിശോധിക്കാനുള്ള സംവിധാനം കരുതണം. 100 ഡിഗ്രി ഫാരൻഹീറ്റിൽ ഉള്ള പനി മൂന്ന് ദിവസത്തിൽ കൂടുതൽ നിൽക്കുകയാണെങ്കിൽ ഡോക്ടറുമായി ബന്ധപ്പെടുക. നെഞ്ചിൽ കനം, കിതപ്പ്, ശ്വാസംമുട്ടൽ വലിയ ക്ഷീണം, ഓക്സിജൻ അളവ് 94 ൽ താഴെ കാണുകയാണെങ്കിൽ ആരോഗ്യ പ്രവർത്തകരുമായി ബന്ധപ്പെടേണ്ടതാണ്. ഓക്സിജൻ അളവ് നോർമ്മൽ (94 ൽ കൂടുതൽ) ആണെങ്കിലും ദിവസത്തിൽ ഒരു തവണ 6 മിനുട്ട് വാക്ക് ടെസ്റ്റ് എടുക്കണം. സാധാരണ നടക്കുന്ന വേഗതയിൽ റൂമിന്റെ അകത്ത് തന്നെ 6 മിനുട്ട് നടന്നതിന് ശേഷം ഒരിക്കൽകൂടി ഓക്സിജൻ അളവ് പരിശോധിക്കുക. ഇത് നേരത്തെയുള്ള ഓക്സിജൻ അളവിനെക്കാളും രണ്ട് പോയിന്റ് താഴെയാണെങ്കിൽ ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടണം.60 വയസ്സിന് മുകളിലുള്ളവർക്കും, പ്രമേഹം, ബി.പി തുടങ്ങിയ മററ് അസുഖങ്ങളുള്ളവർക്കും കൂടുതൽ ശ്രദ്ധയും നിരീക്ഷണവും നൽകണം. പ്രമേഹം, ബിപി എന്നിവ പരിശോധിക്കണം. നിലവിൽ കഴിക്കുന്ന മരുന്നുകൾ തുടരാംരോഗികൾ തൊട്ട പാത്രങ്ങൾ, മററ് പ്രതലങ്ങൾ സോപ്പോ, സാനിറൈസറോ ഉപയോഗിച്ച് അണുവിമുക്തമാക്കണം. ഏഴ് ദിവസം കഴിഞ്ഞ് ലക്ഷണങ്ങളില്ലെങ്കിൽ പുറത്തിറങ്ങാം. മാസ്ക് ധരിക്കൽ കർശ്ശനമായി തുടരണം. വീട്ടിലുള്ള മറ്റുള്ളവർ ലക്ഷണമില്ലെങ്കിൽ നിലവിൽ കൊവിഡ് പരിശോധന ചെയ്യേണ്ടതില്ല. പ്രായമുള്ളവരും മററ് രോഗമുള്ളവരും പരിശോധിച്ച് ഉറപ്പാക്കണം.ജില്ലയിലെ കൊവിഡ് കൺട്രോൾ റൂം നമ്പർ: 0497 2700194. മാനസികാരോഗ്യ പിന്തുണയ്ക്കായി 8593997722 എന്ന ഫോൺ നമ്പറിൽ വിളിക്കുക.

## മലിനജല ശുദ്ധീകരണ പ്ലാന്റ് പൈപ്പിടൽ പ്രവൃത്തി തുടങ്ങി

**കണ്ണൂർ:** കോർപ്പറേഷൻ പടന്നപ്പാലത്ത് 23.60 കോടി രൂപ ചെലവിൽ നിർമിക്കുന്ന മലിനജല ശുദ്ധീകരണ പ്ലാന്റിന്റെ പൈപ്പിടൽ പ്രവൃത്തി ഉദ്ഘാടനം പയ്യാമ്പലം പോസ്റ്റ് ഓഫീസ് റോഡിൽ മേയർ അഡ്വ. ടി ഒ മോഹനൻ നിർവഹിച്ചു. ഡെപ്യൂട്ടി മേയർ കെ ഷബീന അധ്യക്ഷയായി.കോർപ്പറേഷന്റെ കാനത്തൂർ, താളിക്കാവ് വാർഡുകളിലായി 13.7 കിലോമീറ്റർ നീളത്തിലാണ് പൈപ്പിടൽ പ്രവൃത്തി നടത്തുന്നത്. ദിവസം 10 ലക്ഷം ലിറ്റർ മലിനജലം ശുദ്ധീകരിക്കുകയാണ് ലക്ഷ്യം. പ്ലാന്റിന്റെ നിർമാണ ജോലികൾ പടന്നപ്പാലത്ത് പുരോഗമിച്ചു വരുന്നു. പൈലിങ് ജോലികൾ പൂർത്തിയായി. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്റ്റിങ് സൊസൈറ്റിയാണ് കരാർ എടുത്തത്. ഒരു വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുകയാണ് ലക്ഷ്യം. പരിപാടിയിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാന്മാരായ എം പി രാജേഷ്, സുരേഷ് ബാബു എളയാവൂർ, കൗൺസിലർമാരായ കെ സുരേഷ്, പി വി ജയസൂര്യൻ, എ കുഞ്ഞമ്പു, എക്സിക്യൂട്ടീവ് എഞ്ചിനീയർ പി പി വത്സൻ, അസി എകസിക്യൂട്ടീവ് എഞ്ചിനീയർ പി വി ബിജു തുടങ്ങിയവർ സംബന്ധിച്ചു.



## ജാഗ്രതസമിതികളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കണം

**കണ്ണൂർ :**കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജാഗ്രത സമിതികളും ആർ ആർടികളും കൂടുതൽ ഊർജിതവും കാര്യക്ഷമവുമാക്കണമെന്ന് ജില്ലാ ആസൂത്രണ സമിതി യോഗം. ആസൂത്രണ സമിതി അധ്യക്ഷ പി പി ദിവ്യയുടെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ യോഗത്തിന്റേതാണ് നിർദ്ദേശം. ജില്ലയിൽ നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ലെന്നും ഹോം ഐസൊലേഷൻ കർശനമായി പാലിക്കുന്നുണ്ടെന്ന് തദ്ദേശ സ്ഥാപനങ്ങൾ ഉറപ്പു വരുത്തണമെന്നും പി പി ദിവ്യ പറഞ്ഞു. ഭക്ഷണം ആവശ്യമുള്ള കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ വഴി ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം തദ്ദേശ സ്ഥാപനങ്ങൾ ഏർപ്പെടുത്തണം. ഉത്സവ കാലത്ത് കൊവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം. അവർ പറഞ്ഞു. ജനജീവിതത്തെ ബാധിക്കാത്ത രീതിയിലുള്ള നിയന്ത്രണങ്ങളാണ് ജില്ലയിൽ നടപ്പാക്കുന്നതെന്ന് ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കലക്ടർ എസ് ചന്ദ്രശേഖർ പറഞ്ഞു. സ്വയം നിയന്ത്രണത്തിന് പ്രാധാന്യം നൽകിയുള്ള പ്രാദേശിക ബോധവത്കരണത്തിന് തദ്ദേശ സ്ഥാപനങ്ങൾ ഊന്നൽ നൽകണമെന്നും അദ്ദേഹം പറഞ്ഞു. ജില്ലയിൽ 184 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് ഏഴ് കോടി രൂപ വീതം അനുവദിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഹൈടെക്ക് ഫിഷ്മാർട്ട് നിർമിച്ചു നൽകുമെന്ന് മത്സ്യഫെഡ് അധികൃതർ അറിയിച്ചു. ഇത് സംബന്ധിച്ച് പഞ്ചായത്തുകൾക്ക് യോഗം നിർദ്ദേശം നൽകി.നഗരസഞ്ചയ പഞ്ചവത്സര പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകി. 2021-22 വാർഷിക പദ്ധതി ഭേദഗതികൾ അംഗീകരിച്ചു. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസനരേഖ മാർച്ച് 10 നകം പൂർത്തീകരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി. തദ്ദേശ സ്ഥാപന പരിധിയിലെ വിനോദ സഞ്ചാര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വികസനത്തിനായി ഡിപിആർ തയ്യാറാക്കാനും യോഗം നിർദ്ദേശിച്ചു. രാമചന്ദ്രൻ കടന്നപ്പള്ളി എം എൽ എ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് അഡ്വ.ബിനോയ് കുര്യൻ, ജില്ലാ പ്ലാനിങ് ഓഫീസർ കെ പ്രകാശൻ, ആസൂത്രണസമിതി അംഗങ്ങൾ, തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.



Adnbn¸v

## ടെണ്ടർ ക്ഷണിച്ചു

മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലെ 2021-22 പദ്ധതിയിലുൾപ്പെട്ട പൊതുമരാമത്ത് പ്രവൃത്തികൾ നിശ്ചിതസമയപരിധിക്കുള്ളിൽ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിച്ചു.ഒറിജിനൽ പ്രമാണങ്ങൾ സ്പീഡ്/രജിസ്റ്റേർഡ് തപാൽ വഴി ഫെബ്രുവരി 08 ന് വൈകീട്ട് 6 വരെ സ്വീകരിക്കും. ഫെബ്രുവരി 11ന് രാവിലെ 11ന് ടെൻഡർ തുറക്കും..വിശദവിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ എൽ. എസ്. ജി.ഡി എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും/ www.tenderlsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാം.

## അസിസ്റ്റന്റ് ഒഴിവ്

പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ എസ്.ടി വിഭാഗത്തിനായി സംവരണം ചെയ്ത പ്രൊജക്ട് അസിസ്റ്റന്റ് ഒഴിവിലേക്ക് താല്കാലികമായി നിയമിക്കുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം, നിർമ്മാണ പ്രവർത്തനങ്ങളുടെ ജിയോടാഗിംഗ്, ഈ-ഗ്രാമസ്വരാജ് പോർട്ടലിൽ ബില്ലുകൾ തയ്യാറാക്കുക, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിയോഗിക്കുന്ന മറ്റുചുമതലകൾ എന്നിവ പ്രോജക്ട് അസിസ്റ്റന്റിന്റെ ഉത്തരവാദിത്തമായിരിക്കും. യോഗ്യത- സംസ്ഥാന സാങ്കേതിക പരീക്ഷാ-കൺട്രോളർ/സാങ്കേതിക വിദ്യാഭ്യാസബോർഡ് നടത്തുന്ന മൂന്ന് വർഷത്തെ ഡിപ്ലോമ ഇൻ കൊമേഴ്സ്യൽ പ്രാക്ടീസ് (ഡി.സി.പി.)/ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ആന്റ് ബിസിനസ് മാനേജ്മെന്റ് പാസാവണം. അല്ലെങ്കിൽ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിക്കുന്ന ബിരുദവും ഒപ്പം ഒരു വർഷത്തിൽ കുറയാതെയുള്ളഅംഗീകൃത ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷനോ പാസ്സായിരിക്കണം. പ്രായപരിധി 2022 ജനുവരി 1 -ന് 18 നും 33 നും ഇടയിൽ. കൂടിക്കാഴ്ച ഫെബ്രുവരി 7 -ന് രാവിലെ 11 ന് പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ ഫോൺ - 0497 2255655.

## സമൂഹ മാധ്യമങ്ങളിലൂടെയുള്ള ആക്രമണം തടയും: വനിതാ കമീഷൻ

**കാസർകോട് :** സമൂഹ മാധ്യമങ്ങളിലൂടെയുള്ള സ്ത്രീകൾക്കെതിരായ ആക്രമണം ഗൗരവത്തോടെ കാണുമെന്ന് വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി പറഞ്ഞു. കോവിഡാനന്തരം അത്തരം പ്രവണത വർധിച്ചിട്ടുണ്ട്. കൗമാരക്കാർക്കിടയിൽ അതിക്രമ സ്വഭാവങ്ങളും വർധിക്കുകയാണ്. ഇതിനെതിരെ കോളജുകളിൽ ബോധവൽക്കരണം നടത്തും.അവസാന വർഷ കോളേജ് വിദ്യാർഥികൾക്ക് കലാലയ ജ്യോതി , ഫെയ്സ് ടു ഫെയ്സ് പരിപാടികൾ വ്യാപകമാക്കും. കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന വനിതാ കമ്മീഷൻ സിറ്റിങ്ങിന് ശേഷം മാധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു അവർ. കുടുംബബന്ധങ്ങളിൽ വിള്ളലുകളും വർധിച്ചു. മാതാപിതാക്കളെ മക്കൾ സംരക്ഷിക്കുന്നില്ല എന്ന പരാതിയും വർധിച്ചു. വിവാഹ രജിസ്ട്രേഷന് മുമ്പ് കൗൺസലിങ് നിർബന്ധമാക്കണമെന്ന് സർക്കാരിനോട് നിർദേശിച്ചിട്ടുണ്ട്. ഗ്രാമീണതലങ്ങളിലുള്ള പരാതികൾ ജാഗ്രതാസമിതികൾ മുഖേന പരിഹരിക്കാൻ നപടികൾ കൈക്കൊള്ളും. അതിന് തദ്ദേശസ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്നും സതീദേവി അഭ്യർഥിച്ചു. 32 പരാതി പരിഗണിച്ചു. 13 എണ്ണം തീർപ്പാക്കി. നാല് പരാതിയിൽ പൊലീസ് റിപ്പോർട്ട് തേടി. 15 പരാതി അടുത്ത സിറ്റിങ്ങിൽ പരിഗണിക്കും. വനിതാ പൊലീസ് സിഐ ഭാനുമതി. അഭിഭാഷകരായ രേണുകാ ദേവി, ടിറ്റിമോൾ കെ ജൂലി, ഫാമിലി കൗൺസിലർ രമ്യമോൾ എന്നിവരും പങ്കെടുത്തു.

## ആശുപത്രിയിൽ പ്രഥമകേന്ദ്രം 6 മുതൽ

**കാഞ്ഞങ്ങാട് :** ജില്ലാ ആശുപത്രിയിലെ പുതിയ ഒപി കെട്ടിടത്തിലെ കോവിഡ് പ്രഥമ ചികിത്സാ കേന്ദ്രം (സിഎഫ്എൽടിസി) 6ന് തുടങ്ങും. രണ്ട് നിലകളിലായി 50 ഓക്സിജൻ ബെഡ്ഡാണ് സജ്ജീകരിച്ചത്. മുഴുവൻസമയ കാഷ്വാലിറ്റി സേവനവും ഉണ്ടാകും. ഇതിനായി ഡോക്ടർമാരെയും ശുചീകരണ തൊഴിലാളികളെയും നിയമിക്കും.കലക്ടറുടെ ദുരിതാശ്വാസഫണ്ടിൽ നിന്ന് ഇതിനായി തുക അനുവദിക്കും. ?ഗർഭിണികൾക്കും സാധാരണക്കാർക്കും പ്രത്യേകം വാർഡുണ്ടാകും. വൈദ്യുത കണക്ഷൻ ഉടൻ ലഭിക്കും. ജനറേറ്ററും വാടകയ്ക്ക് എടുക്കാൻ തീരുമാനമുണ്ട്. നിലവിലെ 10,000 ലിറ്റർ ടാങ്കിനൊപ്പം അയ്യായിരം ലിറ്ററിന്റെ രണ്ട് ടാങ്കും ഉടൻ സ്ഥാപിക്കും.552 പേർക്കുകൂടി കോവിഡ്കാസർകോട് ജില്ലയിൽ 552 പേർക്കു കൂടി കോവിഡ്- പോസിറ്റീവായി. ചികിത്സയിലുള്ള 817 പേർക്ക് നെഗറ്റീവായി. നില



വിൽ 5617പേരാണ് ചികിത്സയിലുള്ളത്. വീടുകളിൽ 18260 പേരും സ്ഥാപനങ്ങളിൽ 454 പേരുമുൾപ്പെടെ ജില്ലയിൽ ആകെ നിരീക്ഷണത്തിലുള്ളത് 18714 പേരാണ്. പുതിയതായി 714 പേരെ കൂടി നിരീക്ഷണത്തിലാക്കി. 1903 പേർ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി. പുതിയതായി ആശുപത്രികളിലും മറ്റു കോവിഡ് കെയർ സെന്ററുകളിലുമായി 844 പേർ നിരീക്ഷണത്തിലാണ്. ഇത് വരെ 159589കോവിഡ് സ്ഥിരീകരിച്ചത് 151576 പേർ ജില്ലയിൽ നെഗറ്റീവ് ആയി. ഇതുവരെ 14 ഒമിക്രോൺ കേസുകൾ സ്ഥിരീകരിച്ചു

## എൻഡോസൾഫാൻ ബാധിത മേഖലയിലെ കുഞ്ഞിന്റെ മരണം: ആഞ്ഞടിച്ച് ദയാ ബായ്

**കാസർഗോഡ് :** എൻഡോസൾഫാൻ മേഖലയിൽ ഒന്നര വയസുള്ള കുഞ്ഞ് മരിച്ച സംഭവം ചൂണ്ടിക്കാട്ടി വിമർശനവുമായി സാമൂഹ്യ പ്രവർത്തക ദയാ ബായ്. ജില്ലയിലെ ആരോഗ്യ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കുഞ്ഞിന്റെ മരണകാരണമെന്ന് ആരോപിച്ചുകൊണ്ടാണ് ദയാ ബായിയുടെ പ്രതികരണം. ആശുപത്രികളുടെ കുറവുകൊണ്ടോ ജില്ലയിലെ ആരോഗ്യ സംവിധാനങ്ങളുടെ അവഗണന കൊണ്ടോ ആണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നതെന്ന് ദയാ ബായ് ട്വന്റിഫോറിനോട് പറഞ്ഞു. എല്ലാവരും മരിച്ച് തീരണമെന്നായിരിക്കും ഒരുപക്ഷേ ഇത്തരം സംവിധാനങ്ങൾ ആഗ്രഹിക്കുന്നത്. ഒരു ന്യൂറോളജിസ്റ്റിനെ ഈ പ്രദേശത്ത് കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് കാലങ്ങളായി തങ്ങൾ പൊരുതുകയാണ്. എയിംസ് പോലുള്ള അത്യാധുനിക സൗകര്യങ്ങളുള്ള ആശുപത്രി ജില്ലയിൽ വരണമെന്നും ഇനിയും കാത്തിരിക്കാനാകില്ലെന്നും ദയാ ബായ് കൂട്ടിച്ചേർത്തു. എൻഡോസൾഫാൻ മേഖലയിൽ മരിച്ച ഒന്നരവയസുള്ള കുഞ്ഞിന്റെ മൃതദേഹവുമായി മാതാപിതാക്കൾ പരസ്യമായ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. മരിച്ച കുട്ടിയുടെ മൃതദേഹം എയിംസ് നിരാഹാര സമരവേദിയിലെത്തിച്ചായിരുന്നു പ്രതിഷേധം. സർക്കാർ സംവിധാനങ്ങളുടെ അനാസ്ഥയാണ് കുട്ടിയുടെ മരണത്തിന് ഇടയാക്കിയതെന്നാണ് മാതാപിതാക്കളുടെ ആരോപണം. ജില്ലയിലെ ആരോഗ്യ സംവിധാനങ്ങൾ ദയനീയമാണെന്നാണ് ആരോപിച്ചുകൊണ്ടാണ് ജനകീയ സമിതി പ്രതിഷേധം നടത്തുന്നത്.എൻഡോസൾഫാൻ ദുരിത ബാധിത മേഖലയിൽ സമാനമായ സംഭവങ്ങൾ മുൻപും നടന്ന പശ്ചാത്തലത്തിലാണ് പ്രതിഷേധമെന്ന് സമരസമിതി അംഗങ്ങൾ ട്വന്റിഫോറിനോട് പറഞ്ഞു. ഒരു മാസത്തിനിടെ പിഞ്ചുകുഞ്ഞുങ്ങൾ അടക്കം മരിച്ചിട്ടുണ്ടെന്നും ആരോഗ്യസംവിധാനങ്ങളുടെ പരാജയമാണ് ഇതിന് കാരണമെന്നും സമരസമിതി ആരോപിച്ചു. ആരോഗ്യ സംവിധാനങ്ങൾ തകരാറിലായിട്ടും സർക്കാർ നടപടിയെടുത്തില്ലെന്നും ഇവർ കുറ്റപ്പെടുത്തി.പെരിഞ്ച ആദിവാസി കോളനിയിലെ മോഹനൻ ഉഷ ദമ്പതികളുടെ മകൾ ഇന്നലെയാണ് മരിച്ചത്. ഇന്നലെ രാത്രി 12 മണിയോടെയാണ് കുട്ടിയുടെ മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്ന് കാസർഗോഡ് എത്തിച്ചത്. പിന്നീട് ഇന്ന് രാവിലെ മൃതദേഹം പ്രതിഷേധത്തിന്റെ ഭാഗമായി സമരമേദിയിലേക്ക് കൊണ്ടുവരികയായിരുന്നു. സമരവേദിയിൽ നിന്ന് അൽപസമയത്തിന് ശേഷം മൃതദേഹം വീട്ടിലേക്ക് കൊണ്ടുപോകുമെന്നാണ് വിവരം.



## കേന്ദ്ര ബജറ്റ്: വീട്ടുമുറ്റങ്ങളിൽ മഹിളാ പ്രതിഷേധം

**കാസർകോട് :** കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ-- സ്ത്രീവിരുദ്ധ ബജറ്റിൽ പ്രതിഷേധിച്ച് ജനാധിപത്യ മഹിളാ അസോസിയേഷൻ നേതൃത്വത്തിൽ വീട്ടുമുറ്റത്ത് പ്രതിഷേധം സംഘടിപ്പിച്ചു. സാധാരണക്കാരെയും സ്ത്രീകളെയും അവഗണിച്ച് അവതരിപ്പിച്ച കോർപറേറ്റ് അനുകൂല ബജറ്റിനെതിരെ സംഘടിപ്പിച്ച സമരത്തിൽ നൂറുകണക്കിന് പ്രവർത്തകർ അണിനിരന്നു.പ്രതിഷേധ സമരത്തിന് സംസ്ഥാന ട്രഷറർ ഇ പത്മാവതി, ജില്ലാസെക്രട്ടറി എം സുമതി, പ്രസിഡന്റ് പി സി സുബൈദ, സംസ്ഥാനകമ്മിറ്റി അംഗങ്ങളായ പി ബേബി, എം ലക്ഷ്മി, ജില്ലാ ട്രഷറർ ദേവി രവീന്ദ്രൻ എന്നിവർ നേതൃത്വം നൽകി. മഞ്ചേശ്വരത്ത് ഗീത സമാനി, കുമ്പളയിൽ എം ജി സിന്ധു, കാസർകോട് കെ ജയകുമാരി, എം ലളിത, കാടകത്ത് കെ പി സുജല, ബേഡകത്ത് എം മിനി, ഓമനാ രാമചന്ദ്രൻ, ഉദുമയിൽ ഗൗരിക്കുട്ടി, കെ സതി, കാഞ്ഞങ്ങാട് സുനു ഗംഗാധരൻ, പനത്തടിയിൽ സൗമ്യ വേണുഗോപാലൻ, എളേരിയിൽ ടി കെ ചന്ദ്രമ്മ, നീലേശ്വരത്ത് ടി പി ശാന്ത, ടി വി ശാന്ത, ചെറുവത്തൂരിൽ എം പി വി ജാനകി, തൃക്കരിപ്പൂരിൽ പി കെ ലക്ഷ്മി, പി ശ്യാമള എന്നിവർ സംസാരിച്ചു.


## ഡ്രോൺ സർവേ പൂർത്തിയായി; ഭൂതല സർവേ ഉടൻ

**കാഞ്ഞങ്ങാട് :** ബേക്കൽ -കോവളം ഉൾനാടൻ ജലപാതയുടെ ജില്ലയിലെ രൂപരേഖ തയ്യാറായി. വേനൽക്കാലത്തും എല്ലാ ഭാഗങ്ങളിലും ബോട്ടുകൾക്ക് സഞ്ചരിക്കാനുള്ള വെള്ളമുണ്ടെന്ന് ഉറപ്പുവരുത്തുന്ന വാട്ടർ ബാലൻസ് പഠനവും ഡ്രോൺ സർവേയും പൂർത്തിയായി. മൂന്ന് മാസത്തിനകം ഭൂതല സർവേ ആരംഭിക്കും. നീലേശ്വരം- ചിത്താരി പുഴകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കനാൽ, ദേശീയപാതയ്ക്ക് കുറുകേയാണ് കടന്നുപോകുന്നത്. കൂളിയങ്കാലിന് സമീപം അരയിപ്പുഴയിൽ നിന്നു തുടങ്ങി അജാനൂർ പഞ്ചായത്തിലെ മഡിയനിൽ ചിത്താരിപ്പുഴയുടെ കൈവഴിയിൽ ചേരുന്ന തരത്തിലാണ് കനാൽ രൂപരേഖ. കാരാട്ടുവയൽ, അതിയാമ്പൂർ, കിഴക്കുംകര, വെള്ളിക്കോത്ത് വഴി മടിയൻ വരെ ആറര കിലോമീറ്റർ നീളത്തിൽ കനാൽ നിർമിക്കാനാണ് പദ്ധതി. വയലുകൾക്കിടയിൽ നിലവിലുള്ള കൈത്തോടുകൾക്ക് വീതിയും ആഴവും കൂട്ടിയാകും കനാൽ നിർമാണം.കൂളിയങ്കാലിനും ജില്ലാ ആശുപത്രിക്കുമിടയിൽ കാരാട്ടുവയൽ ജലസേചനപദ്ധതിയുടെ ചെറിയൊരു കനാൽ ദേശീയപാതയ്ക്ക് കുറുകേ കടന്നുപോകുന്നുണ്ട്. ഇതിന് വീതിയും ആഴവും കൂട്ടി ജലപാതയുടെ കനാലായി വികസിപ്പിക്കാനാകുമെന്നാണ് നിർദേശം. ഈ കനാലിനു മുകളിലൂടെ ചെറിയൊരു കലുങ്ക് മാത്രമാണ് ഇപ്പോൾ ദേശീയപാതയിലുള്ളത്. ജലപാതയുടെ കനാൽ വരുമ്പോൾ അടിയിലൂടെ ജലഗതാഗതം ഉറപ്പുവരുത്താവുന്ന ഉയരത്തിൽ പാലം നിർമിക്കേണ്ടിവരും. ദേശീയപാതയുടെ നിർമാണം ഒരു ഘട്ടം പിന്നിട്ടാൽ റോഡ് മുറിച്ച് കനാൽ നിർമിക്കൽ പ്രയാസകരമാവുമെന്ന ആശങ്ക നിലനിൽക്കുന്നു.ഡൽഹിയിൽ നിന്നുള്ള ഏജൻസിയാണ് വാട്ടർ ബാലൻസ് പഠനം നടത്തിയത്.

## ബേപ്പുകാർ നിർമിക്കുന്നത് 10 കിലോമീറ്റർ റോഡ്

**ഇരിയണ്ണി :** എല്ലാ ഭാഗവും വനമേഖലയിൽ ചുറ്റപ്പെട്ട പ്രദേശമാണ് ഇരിയണ്ണിയിലെ ബേപ്പ്. കാട്ടാനശല്യം രൂക്ഷമായതോടെ ഇവിടേക്കുള്ള ഇരിയണ്ണി- -ബേപ്പ് റോഡ് പലപ്പോഴും അടച്ചിടുകയോ ഗതാഗതം നിരോധിക്കുകയോ ചെയ്യും. അപ്പോൾ നാട് ഒറ്റപ്പെടും. പ്രശ്ന പരിഹാരത്തിനായി നാടൊന്നാകെ ഇറങ്ങി. ബേപ്പിൽ നിന്ന് എളുപ്പത്തിൽ മഞ്ചക്കൽ വഴി ബോവിക്കാനത്തേക്കും ഇരിയണ്ണി ടൗണിലേക്കും എത്താവുന്ന രീതിയിൽ പുതിയ റോഡ് നിർമിക്കുകയാണ് നാട്ടുകാർ. പുതിയകണ്ടം, അമ്പലത്തിങ്കാൽ, നിട്ടൂർ മൂല തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് 10 കിലോമീറ്റർ ദൂരമുണ്ട്. 100 കുടുംബങ്ങൾക്ക് റോഡിൽ നേരിട്ട് ഗുണം കിട്ടും. മുപ്പതിലധികം കവുങ്ങും പത്തിലേറെ തെങ്ങും റോഡിനായി നഷ്ടപ്പെടാൻ കർഷരും തയ്യാറായി. റോഡ് നിർമാണത്തിന് ആവശ്യമായ തുകയും നാട്ടുകാർ തന്നെ സ്വരൂപിക്കും. നിർമാണം കഴിഞ്ഞാൽ പഞ്ചായത്തിന് വിട്ടുനൽകാനും തീരുമാനിച്ചിട്ടുണ്ട്. നിർമാണം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സിജി മാത്യുഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം സി നാരായണി കുട്ടി അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ ബി കെ നാരായണൻ, സിപിഐ എം ഇരിയണ്ണി ലോക്കൽ സെക്രട്ടറി ബി എം പ്രദീപ്, ഗോപാലൻ നായർ, സി ഗോപാലൻ നായർ, സി പ്രഭാകരൻ, എ സുകുമാരൻ നായർ, ബി കെ ഗോകുൽദാസ് എന്നിവർ സംസാരിച്ചു. പി വിനയകുമാർ സ്വാഗതവും വി വാസു നന്ദിയും പറഞ്ഞു.

BUSINESS NEWS




# റോഡ്കിംഗ് വിപണയിൽ അവതരിപ്പിക്കാനൊരുങ്ങി യെസ്ഡി

**ദില്ലി:** ഒരുകാലത്ത് യുവാക്കളുടെ ഇഷ്ട ഇരുചക്രവാഹനങ്ങളിൽ ഒന്നായിരുന്നു യെസ്ഡി റോഡ്കിംഗ്. 2022 ജനുവരി രണ്ടാം വാരത്തിലാണ് യെസ്ഡിയുടെ മൂന്ന് മോട്ടോർസൈക്കിളുകൾ വിപണിയിൽ അവതരിപ്പിച്ചത്.ഇപ്പോൾ, രാജ്യത്ത് റോഡ്കിംഗ് മോഡൽ കൂടി കമ്പനി ഉടൻ അവതരിപ്പിക്കുമെന്ന് ബ്രാൻഡ് സ്ഥിരീകരിച്ചതായി ബൈക്ക് വെയ്ൽ റിപ്പോർട്ട് ചെയ്യുന്നു.80 കളിലും 90 കളിലും യെസ്ഡിയുടെ പ്രധാന ഇരുചക്രവാഹനമായിരുന്നു റോഡ്കിംഗ്. വാഹനം ലോഞ്ച് ചെയ്യുമ്പോൾ യെസ്ഡി ശ്രേണിയിലെ മുൻനിര മോഡലായിരിക്കും. തുടക്കത്തിൽ റോഡ്കിം 652 സിസി, സിംഗിൾ സിലിണ്ടർ മിൽ 45 ബിഎച്ച്പി, 55 എൻഎം എന്നിവയുമായി വരുന്ന ബിഎസ്എ ഗോൾഡ്സ്റ്റാറിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും.മറ്റ് യെസ്ഡി മോട്ടോർസൈക്കിളുകൾ റെട്രോ ഫ്ലേവറും ആധുനിക ഫീച്ചറുകളും നോക്കുമ്പോൾ റോഡ്കിംഗും വ്യത്യസ്തമായിരിക്കില്ലെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. ഫുൾ-എൽഇഡി ലൈറ്റിംഗ്, കണക്റ്റിവിറ്റിയും നാവിഗേഷനുള്ള ഡിജിറ്റൽ ക്ലസ്റ്ററും ഒപ്പം ഡ്യുവൽ-ചാനൽ എബിഎസും റോഡ്കിംഗിൽ വരാൻ സാധ്യതയുണ്ട്. ലോഞ്ച് തീയതി സംബന്ധിച്ച് ഔദ്യോഗിക സ്ഥിരീകരണം ഇല്ലെങ്കിലും, 2022 അവസാനമോ 2023 ആദ്യമോ യെസ്ഡി റോഡ്കിംഗ് അരങ്ങേറാൻ സാധ്യതയുണ്ട്. റോയൽ എൻഫീൽഡ് ഇന്റർസെപ്റ്റർ 650, കവാസാക്കി ദ650 ങ്ങടെ എന്നിവയെ നേരിടാനാണ് പുതിയ റോഡ്കിംഗ് ലക്ഷ്യമിടുന്നത്.



# അമേരിക്കയുടെ പൊതുകടം 30 ട്രില്യൺ ഡോളറായി ഉയർന്നു; നീങ്ങുന്നത് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കോ

**വാഷിങ്ടൺ:** യുഎസ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന സൂചനകൾ നൽകി പൊതുകടത്തിൽ വൻ വർധനവ്.യുഎസ് ട്രഷറി ഡിപ്പാർട്ട്മെന്റ് പുറത്തുവിട്ട രേഖകൾ പ്രകാരം പൊതുകടം 30 ട്രില്യൺ ഡോളറായി ഉയർന്നു. കോവിഡ് പ്രതിസന്ധിയെ തുടർന്ന് വലിയ രീതിയിൽ കടമെടുത്തതാണ് യുഎസിന് വിനയായത്. 2019ൽ ഏഴ് ട്രില്യണുണ്ടായിരുന്ന പൊതുകടമാണ് 30 ആയി വർധിച്ചത്.യുഎസിൽ ഇപ്പോഴുണ്ടായിരിക്കുന്ന പ്രതിസന്ധിയുടെ ആഴം സംബന്ധിച്ച് സാമ്പത്തികശാസ്ത്രജ്ഞർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായമാണ് നിലനിൽക്കുന്നത്. എങ്കിലും ഇനിയും കടം വാങ്ങേണ്ട സാഹചര്യമുള്ളതിനാൽ ഇത് പ്രതിസന്ധിയുടെ ആക്കം കൂട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. വർഷങ്ങൾക്ക് ശേഷം യുഎസ് കേന്ദ്രബാങ്കായ ഫെഡറൽ റിസർവ് പലിശനിരക്ക് ഉയർത്താനുള്ള നീക്കവുമായി മുന്നോട്ട് പോകുന്നതിനിടെയാണ് പുതിയ റിപ്പോർട്ട് പുറത്ത് വന്നിരിക്കുന്നത്.2015ന് ശേഷം ഇതാദ്യമായാണ് ഫെഡറൽ ബാങ്ക് പലിശനിരക്ക് ഉയർത്തുന്നത്. യുഎസ് കേന്ദ്രബാങ്കിന്റെ നടപടി വിപണിയിൽ നിന്നുള്ള കടമെടുപ്പ് കൂടുതൽ ചെലവേറിയതാക്കി മാറ്റുമെന്നും ആശങ്കയുണ്ട്. ഇതൊരു ഹ്രസ്വകാലത്തേക്കുള്ള പ്രതിസന്ധിയല്ല. ദീർഘകാലത്തേക്ക് ഇത് യുഎസിനെ കൂടുതൽ ദരിദ്രമാക്കുമെന്ന് ജെപി മോർഗൻ അസറ്റ്മാനേജ്മെന്റ് ഗ്ലോബൽ സ്ട്രാറ്റജിസ്റ്റ് ഡേവിഡ് കെല്ലി പറഞ്ഞു. പലിശ ചെലവ് ഉയരുന്നതും യുഎസ് സമ്പദ്വ്യവസ്ഥക്ക് തിരിച്ചടിയുണ്ടാക്കുമെന്നാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ.

# വാക്സിൻ ഫെയർ: വാക്സിനെടുത്ത യാത്രക്കാർക്ക് പ്രത്യേക ഓഫറുമായി ഇൻഡിഗോ




**ദില്ലി:** വാക്സിനെടുത്ത യാത്രക്കാർക്ക് പ്രത്യേക ഓഫറുമായി ഇൻഡിഗോ. 'വാക്സിഫെയർ' എന്നതാണ് ഈ പദ്ധതി.ഈ ഓഫർ അനുസരിച്ച് വാക്സിൻ എടുത്ത യാത്രക്കാർക്ക് ടിക്കറ്റ് നിരക്കിൽ 10 ശതമാനം ഇളവ് ലഭിക്കും. ഇത് ഇന്ത്യയിൽ താമസിക്കുന്ന വാക്സിൻ എടുത്ത എയർലൈൻ യാത്രക്കാർക്ക് പ്രയോജനപ്പെടുത്താം.ഇൻഡിഗോയിൽ യാത്ര ചെയ്യുന്ന യാത്രക്കാർ ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയം നൽകുന്ന കോവിഡ്-19 വാക്സിനേഷൻ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കണം അല്ലെങ്കിൽ എയർപോർട്ട് ചെക്ക്-ഇൻ കൗണ്ടറിലെ ആരോഗ്യ സേതു മൊബൈൽ ആപ്പിൽ വാക്സിനേഷൻ സ്റ്റാറ്റസ് കാണിക്കണം എന്നതാണ് കമ്പനി മുന്നോട്ട് വയ്ക്കുന്ന വ്യവസ്ഥ. ഇതിന് കഴിഞ്ഞില്ലെങ്കിൽ ബാധകമായ വ്യത്യാസം നിരക്കിൽ ഈടാക്കാം. അല്ലെങ്കിൽ, ബോർഡിംഗ് നിരസിച്ചേക്കാം. ഇൻഡിഗോ വെബ്സൈറ്റിൽ ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർക്ക് മാത്രമേ ഈ ഓഫർ ലഭിക്കുകയുള്ളൂ.ബുക്കിംഗ് തീയതി മുതൽ 15 ദിവസത്തിന് ശേഷമുള്ള യാത്രാ തീയതികൾക്ക് വാക്സിനേഷൻ കിഴിവ് ബാധകമാണ്. തിരഞ്ഞെടുത്ത നിരക്കുകളിൽ ആഭ്യന്തര യാത്രകൾക്കായി വൺ-വേ, റൗണ്ട്-ട്രിപ്പ്, മൾട്ടി-സിറ്റി ഫ്ലൈറ്റുകൾക്ക് ഓഫർ ബാധകമാണ്. അതേസമയം ഇൻഡിഗോയുടെ ഗ്രൂപ്പ് ബുക്കിംഗുകൾക്ക് ഈ ഓഫർ ബാധകമല്ല.

PRAVASI-WORLD




# റോബർട്ടോ റ്റൊലിയോ വെടിയേറ്റു മരിച്ചു, മെക്സിക്കോയിൽ ഈ മാസം കൊല്ലപ്പെടുന്നത് നാലാമത്തെ മാധ്യമപ്രവർത്തകൻ

**മെക്സിക്കൊ സിറ്റി:** മാധ്യമ പ്രവർത്തകൻ റോബർട്ടോ റ്റൊലിനൊ വെടിയേറ്റു മരിച്ചതായി തിങ്കളാഴ്ച ലോക്കൽ വെബ്സൈറ്റ് ഡയറക്ടർ അർമാൻഡോ ലിനാറിസ് വെളിപ്പെടുത്തി. മെക്സിക്കൊ സിറ്റിയിൽ ജനുവരി മാസം മാത്രം കൊല്ലപ്പെടുന്ന നാലാമത്തെ മാധ്യമ പ്രവർത്തകനാണ് റൊബർട്ടൊ. മൂന്നുപേരാണ് റൊബർട്ടൊക്ക് നേരെ വെടിയുതിർത്തതെന്ന് ഡയറക്ടർ പറഞ്ഞു. വെബ്സൈറ്റ് മോണിറ്റർ മിച്ചോക്കനിലെ ക്യാമറ ഓപ്പറേറ്ററായും, വീഡിയൊ എഡിറ്ററായും പ്രവർത്തിച്ചുവരികയായിരുന്നു കൊല്ലപ്പെട്ട റൊബെർട്ടോ.ഗവൺമെന്റ് അഴിമതികളെ കുറിച്ചുള്ള റിപ്പോർട്ടുകളും, രാഷ്ട്രീയക്കാരുടെ അഴിമതികളെകുറിച്ചും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഈ വെബ്സൈററിന് നിരവധി ഭീഷിണികൾ ലഭിച്ചിരുന്നു. ഭീഷിണികളുടെ ഉറവിടത്തെ കുറിച്ചു അറിവുണ്ടെങ്കിലും ഇപ്പോൾ അതിനെകുറിച്ചു കൂടുതൽ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നില്ലെന്ന് അർമാൻണ്ടൊ പറഞ്ഞു. മെക്സിക്കൊ സിറ്റിയിൽ മാധ്യമ പ്രവർത്തകരായ ലൂർദ്ബ മൾഡനാഡൊ, മാർഗറീറ്റൊ മാർട്ടിനസ് ഒസെലൂസ് എന്നിവർ കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ചു രാജ്യവ്യാപകമായി ജനുവരി 25ന് പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിച്ചിരുന്നു. ഇതിന്റെ മാറ്റൊലി കെട്ടടങ്ങും മുമ്പാണ് മറ്റൊരു മാധ്യമപ്രവർത്തകന്റെ ജീവൻ കൂടി നഷ്ടമായിരിക്കുന്നത്. മെക്സിക്കോയിൽ കൊല്ലപ്പെടുന്ന മാധ്യമപ്രവർത്തകരുടെ കേസ്സുകളിൽ 90 ശതമാനവും തെളിയിക്കപ്പെടുന്നില്ലെന്ന് മെക്സിക്കൊ ഇന്റീരിയൽ അണ്ടർ സെക്രട്ടറി അലജാൻഡ്രൊ പറഞ്ഞു.



# പ്രോസിക്യൂട്ടർ നിയമവിരുദ്ധ നടപടി സ്വീകരിച്ചാൽ പ്രക്ഷോഭം സംഘടിപ്പിക്കുമെന്ന് ട്രംപ്

**കോൺറൊ (ടെക്സസ്):** തനിക്കെതിരെയും, തന്റെ ബിസിനസിനെതിരേയും യു എസ് പ്രോസിക്യൂട്ടർമാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചാൽ അമേരിക്ക കണ്ടതിൽ വച്ച് ഏറ്റവും ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കേണ്ടി വരുമെന്ന് മുൻ പ്രസിഡന്റ് ട്രംപ്. ടെക്സസിലെ കോൺറോയിൽ സംഘടിപ്പിച്ച റാലിയെ അഭിസംബോധന ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.ക്യാപ്പിറ്റോൾ ആക്രമണത്തിൽ രാഷ്ട്രീയ വൈരാഗ്യം തീർക്കുന്നതും, നിയമസഭാ സാമാജികൾക്കെതിരെ ഭരണഘടനാ വിരുദ്ധ നടപടികൾ സ്വീകരിക്കുന്നതിനെയും ട്രംപ് കർശനമായി വിമർശിച്ചു.വാഷിങ്ടൻ ഡിസി, ന്യുയോർക്ക്, അറ്റ്ലാന്റാ ഉൾപ്പെടെ വിവിധ സ്ഥലങ്ങളിലായിരിക്കും വൻ പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയെന്നും ട്രംപ് മുന്നറിയിപ്പു നൽകി.ന്യുയോർക്ക് അറ്റോർണി ജനറൽ ലറ്റീഷ ജെയിംസ് തനിക്കെതിരെ രാഷ്ട്രീയ ആക്രമണം നടത്തുകയാണെന്നും ട്രംപ് കുറ്റപ്പെടുത്തി. 2024 ൽ തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും, വിജയിക്കുകയും ചെയ്താൽ ക്യാപ്പിറ്റോൾ അക്രമണത്തിൽ ശിക്ഷിക്കപ്പെട്ടവർക്ക് മാപ്പു നൽകുമെന്ന് ട്രംപ് വ്യക്തമാക്കിയിരുന്നു. ട്രംപിന്റെ ഈ പ്രസ്താവനക്കെതിരെ റിപ്പബ്ലിക്കൻ പാർട്ടിയിലെ പല പ്രമുഖരും രംഗത്തെത്തി.

# ഡാളസിൽ വൃദ്ധനെ അടിച്ചു കൊലപ്പെടുത്തിയ പ്രതി അറസ്റ്റിൽ

**ഡാളസ്:** എൺപത്തിരണ്ട് വയസുള്ള വൃദ്ധനെ വടികൊണ്ടു അടിച്ചു കൊലപ്പെടുത്തിയ കേസ്സിൽ 35 വയസുള്ള ഡാരൻ ഹാൻസനെ ഡാളസ് പോലീസ് ജനുവരി 31 തിങ്കളാഴ്ച അറസ്റ്റു ചെയ്തു. സൗത്ത് ഡാളസിലായിരുന്നു സംഭവം. കവർച്ചാ ശ്രമത്തിനിടയിലാണ് വൃദ്ധന് അടിയേറ്റത്. ഞായറാഴ്ച പുലർച്ചെ സംഭവത്തെ കുറിച്ചു വിവരം ലഭിച്ച പോലീസ് സ്ഥലത്തെത്തിചേർന്നപ്പോൾ രക്തത്തിൽ കുളിച്ചു കിടന്നിരുന്ന വൃദ്ധനെ ഉടനെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല ചാൾസ് എഡ് വേർഡ് റ്റില്ലരിയാണ് കൊല്ലപ്പെട്ടത്.ദൃക്സാക്ഷികൾ നൽകിയ വിവരങ്ങൾ പരിശോധിച്ചാണ് പ്രതിയെന്ന് സംശയിക്കുന്ന ഡാരൻ ഹാൻസനെ പോലീസ് അറസ്റ്റ് ചെയ്തത്. പ്രതിയുടെ വസ്ത്രത്തിൽ രക്തകറ കണ്ടെത്തിയിരുന്നു.പ്രതിക്കെതിരെ ഇതിനു മുമ്പ് ഡാളസ് ലികർ ഷോപ്പിൽ കവർച്ച നടത്തിയതിനും, 64 വയസ്സുള്ള മറ്റൊരു വൃദ്ധനെ പുറകിൽ നിന്നും ചവിട്ടി വീഴ്ത്തി 30 ഡോളർ കവർന്ന കേസിലും പ്രതി ചേർത്തിരുന്നു.നീണ്ട ക്രിമിനൽ ചരിത്രം ഉള്ള പ്രതിയെ ഡാളസ് കൗണ്ടി ജയിലിൽ അടച്ചു-ജാമ്യം അനുവദിച്ചിട്ടില്ല. വൃദ്ധനെ കൊലപ്പെടുത്തിയതിന്റെ കാരണം പോലീസ് അന്വേഷിച്ചുവരുന്നു.

# ഒമിക്രോൺ വകഭേദം 57 രാജ്യങ്ങളിൽ കണ്ടെത്തി; ലോകാരോഗ്യസംഘടന

**ലണ്ടൻ:** 57 രാജ്യങ്ങളിൽ ഒമിക്രോൺ വകഭേദം കണ്ടെത്തിയെന്ന് ലോകാരോഗ്യ സംഘടന. നിലവിലുള്ള വകഭേദത്തേക്കാൾ കൂടുതൽ വേഗത്തിൽ പടർന്ന് പിടിക്കുമെന്നതിനാൽ പല രാജ്യങ്ങളിലും സാമൂഹ്യവാപനം ആരംഭിച്ച് കഴിഞ്ഞതായാണ് റിപ്പോർട്ടുകൾ.ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരുന്ന രോഗികളുടെ എണ്ണത്തിലും വലിയ വർദ്ധനവുണ്ടായേക്കാമെന്നാണ് ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ്.ഏകദേശം പത്ത് ആഴ്ച്ചകൾക്ക് മുമ്ബ് ദക്ഷിണാഫ്രിക്കയിൽ കണ്ടെത്തിയ കൊവിഡ് മഹാമാരിയുടെ ഒമിക്രോൺ വകഭേദം പല രാജ്യങ്ങളിലും രോഗബാധിതർ കൂടാൻ കാരണമായിട്ടുണ്ട്. ലോകാരോഗ്യ സംഘടന കഴിഞ്ഞ ഒരു മാസത്തിനിടയിൽ ശേഖരിച്ച കൊവിഡ് സാമ്ബിളുകളുടെ 93 ശതമാനവും ഒമിക്രോൺ വകഭേദമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ഇതിന് പുറമേ ഒമിക്രോണിന്റെ പല സബ് വേരിയന്റുകളും കണ്ടെത്തിയിട്ടുണ്ട്.സബ് വേരിയന്റുകളായ ബി.എ. വൺ, ബി.എ. വൺ. വൺ, ബി.എ ടു, ബി ത്രീ എന്നിവയിൽ ബി.എ. വൺ, ബി.എ. വൺ. വൺ തുടങ്ങിയ വകഭേദങ്ങളാണ് ഇപ്പോൾ പടർന്ന് പിടിക്കുന്നത്. പല രാജ്യങ്ങളിലും ബി.എ ടു വകഭേദം ബാധിച്ചവരുടെ എണ്ണത്തിലും വലിയ വർദ്ധനവാണ് രേഖപ്പെടുത്തുന്നത്.




# ’20 കോടി രൂപ ശ്രേയസ് അയ്യറിനായി ബാംഗ്ലൂർ നീക്കിവെച്ചു കഴിഞ്ഞു’, വെളിപ്പെടുത്തി മുൻ താരം

**ന്യൂഡൽഹി:** മൂന്ന് ഐപിഎൽ ഫ്രാഞ്ചൈസികളാണ് പുതിയ ക്യാപ്റ്റനെ തേടുന്നത് ഇത് ശ്രേയസ് അയ്യരുടെ താര ലേലത്തിലെ വില ഉയർത്തുമെന്ന് ഇന്ത്യൻ മുൻ താരം ആകാശ് ചോപ്ര.ക്യാപ്റ്റൻ സ്ഥാനം ലഭിക്കുന്ന ഫ്രാഞ്ചൈസിയാണ് ശ്രേയസ് അയ്യർ നോക്കുന്നത്. കൊൽക്കത്ത, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, പഞ്ചാബ് കിങ്സ് എന്നിവരുടെ റഡാറിലേക്കാണ് ഇതോടെ ശ്രേയസ് അയ്യർ എത്തുന്നത്. മറ്റ് ക്യാപ്റ്റൻസിയിൽ നിന്ന് ശ്രേയസിന് ഓഫറുകൾ ലഭിച്ചിരുന്നതായും എന്നാൽ അത് നോൺ ക്യാപ്റ്റൻസി ആയതിനാൽ മുൻ ഡൽഹി താരം തള്ളിയതായുമാണ് റിപ്പോർട്ടുകൾ.ഏറ്റവും ഉയർന്ന തുക ലഭിക്കാൻ പോകുന്നത് ശ്രേയസിന്ഐപിഎൽ താര ലേലത്തിൽ ഏറ്റവും കൂടുതൽ തുക ലഭിക്കാൻ പോകുന്നത് ശ്രേയസിനായിരിക്കും എന്നാണ് ആകാശ് ചോപ്ര പറയുന്നത്. മെഗാ താര ലേലത്തിൽ ശ്രേയസ് അയ്യറിനായി ബാംഗ്ലൂർ 20 കോടി രൂപ നീക്കി വെച്ചതായാണ് എന്നോട് ഒരാൾ പറഞ്ഞത്. വിദേശ കളിക്കാരിൽ ഏറ്റവും കൂടുതൽ പ്രതിഫലം ലഭിക്കാൻ പോകുന്ന പേരുകളും ആകാശ് ചോപ്ര പ്രവചിക്കുന്നു. സൗത്ത് ആഫ്രിക്കൻ പേസർ റബാഡ, ഡികോക്ക്, ഡേവിഡ് വാർണർ എന്നിവരുടെ പേരാണ് ഇന്ത്യൻ മുൻ താരം പറയുന്നു.

# സച്ചിനെതിരേ പന്തെറിയുന്നതിനെ ഞാൻ വെറുക്കുന്നു: ബ്രെറ്റ് ലീ

**സിഡ്നി:** ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെണ്ടുൽക്കറിനെതിരെ പന്തെറിയാൻ വെറുപ്പായിരുവെന്ന് വെളിപ്പെടുത്തി ഓസ്ട്രേലിയൻ സൂപ്പർതാരം ബ്രെറ്റ് ലീ .സച്ചിന്റെ മികച്ച ബാറ്റിംഗ് ടെക്നിക്കുകളാണ് തന്നെ മടുപ്പിച്ചിരുന്നതെന്നാണ് ലീ വെളിപ്പെടുത്തുന്നത്. കൂടാതെ സ്പിൻ ഇതിഹാസം മുത്തയ്യ മുരളീധരനെയും താരം വാനോളം പ്രശംസിച്ചു.’സച്ചിനെതിരേ പന്തെറിയുന്നതിനെ ഞാൻ വെറുക്കുന്നു. കാരണം അത്രത്തോളം മികച്ച ബാറ്റ്സ്മാനാണ് അദ്ദേഹം. മികച്ച സാങ്കേതികമികവാണ് അദ്ദേഹത്തിനുള്ളത്. ഞാൻ ബാറ്റ് ചെയ്യുമ്ബോൾ സ്പിൻ ബോളർമാരെ നേരിടാൻ വളരെ പ്രയാസപ്പെട്ടിരുന്നു. മുരളീധരനെപ്പോലെയുള്ള മികച്ച സ്പിന്നർമാർ പന്തെറിയാൻ എത്തുമ്ബോൾ നേരിടാൻ ഞാൻ ആഗ്രഹിച്ചിരുന്നില്ല.”നേരിടാൻ വളരെ പ്രയാസമുള്ള ബോളറാണ് മുരളീധരൻ. എന്നാൽ പേസ് ബോളർമാരെ നേരിടാൻ എനിക്കിഷ്ടമായിരുന്നു. ക്രിക്കറ്റിലെ ഏറ്റവും മികച്ച ഓൾറൗണ്ടർ ജാക്സ് കാലിസാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. എക്കാലത്തെയും മികച്ച താരങ്ങളിലൊരാളാണ് കാലിസ്’ ബ്രെറ്റ് ലീ പറഞ്ഞു.

# ലോകകപ്പ് യോഗ്യത; ജപ്പാന് ഒരു ജയം അകലെ; സൗദിക്ക് തോൽവി

**ടോക്കിയോ:** ഖത്തർ ലോകകപ്പ് യോഗ്യതയ്ക്കായി ജപ്പാന് വേണ്ടത് ഒരു ജയം. കഴിഞ്ഞ ദിവസം ഏഷ്യൻ മേഖലാ ലോകകപ്പ് യോഗ്യതാ മൽസരത്തിൽ സൗദി അറേബ്യയെ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തിയതോടെയാണ് ജപ്പാൻ യോഗ്യതയ്ക്കരികെ എത്തിയത്.യോഗ്യതാ റൗണ്ടിൽ ജപ്പാന് ശേഷിക്കുന്നത് രണ്ട് മൽസരങ്ങളാണ്. ലിവർപൂളിന്റെ മിനാമിനോയും ജുന്യ ഇറ്റോയുമാണ് ജപ്പാനായി ഗോൾ നേടിയത്. ഗ്രൂപ്പ് ബിയിൽ സൗദിയാണ് ഒന്നാം സ്ഥാനത്ത്. ഒരു പോയിന്റ് വ്യത്യാസത്തിൽ ജപ്പാൻ രണ്ടാമതുണ്ട്.മറ്റ് മൽസരങ്ങളിൽ സിറിയയെ ദക്ഷിണകൊറിയ എതിരില്ലാത്ത രണ്ട് ഗോളിന് പരാജയപ്പെടുത്തിയപ്പോൾ ഇറാൻ യുഎഇയെ ഒരു ഗോളിനും വീഴ്ത്തി.ചൈനയെ വിയ്റ്റനാം 3-1ന് മറികടന്നപ്പോൾ ഒമാൻ - ഓസ്ട്രേലിയ മൽസരം 2-2 സമനിലയിൽ പിരിഞ്ഞു. ലെബനാൻ-ഇറാഖ് മൽസരം 1-1 സമനിലയിലും അവസാനിച്ചു.

# നന്ദി ലണ്ടൻ, യാത്ര ചോദിക്കാൻ പോലും അവസരം കിട്ടിയില്ല: ഒബമെയാങ്

ആഴ്സണൽ സൂപ്പർ താരം പിയറെ എമറിക് ഒബമെയാങ് ക്ലബ്ബ് വിട്ടത് കഴിഞ്ഞ ദിവസമാണ്. യാത്ര ചോദിക്കാൻ പോലും അവസരം കിട്ടാതെയാണ് താൻ ക്ലബ്ബ് വിടുന്നതെന്ന് താരം പറഞ്ഞു.സ്പാനിഷ് വമ്ബന്മാരായ ബാഴ്സലോണയിലേക്കാണ് താരത്തിൻറെ കൂടുമാറ്റം. ട്രാൻസ്ഫർ വിൻഡോയിലെ അവസാന ദിനത്തിലാണ് ബാഴ്സ ഗണ്ണേഴ്സിൻറെ കുന്തമുനയായ ഒബമെയാങിനെ സ്വന്തമാക്കിയത്. ഫ്രീ ട്രാൻസ്ഫറായാണ് ഒബെ സ്പാനിഷ് ക്ലബ്ബിലെത്തുന്നത്. നേരത്തെ ഡിസംബറിൽ അച്ചടക്ക ലംഘനത്തെ തുടർന്ന് താരത്തെ ആഴ്സണൽ ക്യാപ്റ്റൻ സ്ഥാനത്ത് നിന്ന് നീക്കിയിരുന്നു.ഒബെ ക്ലബ്ബ് വിടുകയാണെന്ന കാര്യം ആഴ്സണൽ ഔദ്യോഗികമായി സ്ഥിരീകരിച്ചു. താരത്തിന് എല്ലാവിധ ആശംസകളും നേരുന്നു എന്നും അദ്ദേഹം ടീമിനായി നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണെന്നും ഔദ്യോഗിക പ്രസ്ഥാവനയിൽ ആഴ്സണൽ അറിയിച്ചു.2018 ലാണ് ബൊറൂഷ്യ ഡോട്മുണ്ട് വിട്ട് ഒബെ ആഴ്സണിൽ ചേരുന്നത്. തന്റെ ആദ്യ സീസണിൽ തന്നെ പ്രീമിയർ ലീഗിലെ ടോപ് സ്കോററായ അദ്ദേഹം പ്രീമിയർ ലീഗ് ഗോൾഡൻ ബൂട്ട് നേടി. 2020 എഫ്.എ കപ്പ് ഫൈനലിൽ ചെൽസിയെ തകർത്ത് ആഴ്സണൽ കിരീടത്തിൽ മുത്തമിടുമ്ബോൾ ഒരു ഗോളുമായി ഒബമെയാങായിരുന്നു ടീമിന്റെ വിജയശിൽപി. കഴിഞ്ഞ സീസണിന്റെ തുടക്കത്തിൽ എഫ്.എ കമ്മ്യൂണിറ്റി ഷീൽഡ് ഫൈനലിലും ലിവർപൂളിനെതിരെ സ്കോർ ചെയ്ത് ആഴ്സണലിൻറെ വിജയത്തിൽ നിർണ്ണായക പങ്കുവഹിച്ചിരുന്നു. കഴിഞ്ഞ രണ്ടുസീസണുകളിൽ ഗണ്ണേഴ്സിന്റെ ക്യാപ്റ്റനായിരുന്ന ഒബെമയാങ് ആഴ്സണലിനായി 163 മത്സരങ്ങളിൽ നിന്ന് 92 ഗോളുകൾ നേടിയിട്ടുണ്ട്.ആഫ്രിക്കൻ രാജ്യമായ ഗാബോൺ പൗരനായ ഒബെമയാങ് 2015 ൽ ഏറ്റവും മികച്ച ആഫ്രിക്കൻ ഫുഡ്ബോളറായി തിരഞ്ഞെടുക്കപ്പെട്ടിരുന്നു. മുമ്ബ് എ.സി മിലാനടക്കം ലോക ഫുട്ബോളിലെ പ്രമുഖ ടീമുകൾക്കായി ഒബെ പന്തു തട്ടിയിട്ടുണ്ട്







RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com